(മഹത്വവും ഔദാര്യവും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ നാമം അനുഗ്രഹം ഉള്ളതായിരിക്കുന്നു.) (അർറഹ്മാൻ: 78)

3- അല്ലാഹുവുമായുള്ള അടുപ്പം വർദ്ധിക്കുന്നതാണ്.

4- പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാനുള്ള കാരണമാണ്. അതാണ് ഖുർആൻ പറയുന്നത്:

﴿فَادْعُوهُ بِهَا﴾.

(അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക)

5- അല്ലാഹുവിന്റെ നാമങ്ങളുടെ ആശയം മനസിലാക്കലും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും

യഥാർത്ഥ സൗഭാ ഗ്യം ലഭിക്കാനുള്ള പ്രധാനപ്പെട്ട കാര്യമാണ്. ആർക്കാണോ അല്ലാഹുവിന്റെ കാര്യങ്ങൾ മഹത്വമായി അംഗീകരിക്കാൻ സാധിക്കുന്നത് അവന് ഐഹിക കാര്യങ്ങൾ മുഴുവനും ല ഘൂകരിക്കപ്പെടുന്നതാണ്.

6– അല്ലാഹുവിനെ കുറിച്ച് നല്ല വിചാരമു ാവാൻ കൃത്യ മായി അവന്റെ നാമങ്ങളെ കുറിച്ച് നല്ല വിചാരവും, കൃത്യ മായ വിശ്വാസവും അനിവാര്യമാണ്.

7– അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സംബന്ധിച്ച് എ ത്രമാത്രം മനസിലാക്കാൻ കഴിയുമോ അതിനനുസരിച്ച് അ വന്റെ വിശ്വാസം വർദ്ധിക്കുകയും, ദൃഢമാവുകയും ചെ യ്യുന്നതാണ്.

8– ഏറ്റവും കൂടുതൽ അല്ലാഹുവിനെ അറിയാൻ സാധിക്കു ന്നവർക്കാണ് ഏറ്റവും കൂടുതൽ അവനെ ഭയപ്പെടുവാൻ സാധിക്കുക.

## ‘ഹുസ്നാ’ എന്നാൽ:

അല്ലാഹുവിന്റെ നാമങ്ങൾ ‘ഹുസ്നാ’യാണ്,അതായത് അല്ലാഹുവിന്റെ നാമങ്ങൾ പരിപൂർണവും, വ്യക്തവും,ഭംഗി യുള്ളതുമായ വിശേഷണങ്ങളെ സൂചിപ്പിക്കുന്നതാണ്. അ തിൽ യാതൊരു ന്യൂനതയോ, അപൂർണതയോ കടന്ന് വരി

കയില്ല. അവ അല്ലാഹുവിന്റെ നാമങ്ങളാണ്, അവന്റെ സൃഷ്ടികളിൽ ആർക്കും തന്നെ അവകൊ ് നാമകരണം ചെയ്യാവതല്ല. ഉദാഹരണമായി: (الْحَيِّ) (എന്നെന്നും ജീവിച്ചിരിക്കുന്നവൻ)എന്ന നാമം വ്യക്തമാക്കുന്നത് പരിപൂർണമായ ജീവിതമുള്ളവൻ എന്ന വിശേഷണമാണ്, അതായത് ഇല്ലായ്മ മുൻകടക്കുകയോ, അവസാനം വന്ന് ചേരുകയോ ചെയ്യാത്ത പരിപൂർണമായ ജീവിതമുള്ളവൻ എന്നതാണ്.

(الْعَلِيمُ) (എല്ലാം അറിയുന്നവൻ) അതായത് അജ്ഞതയോ, മറവിയോ സംഭവിക്കാത്ത പരിപൂർണ അറിവുള്ളവൻ എന്ന വിശേഷണം ഈ നാമത്തിൽ അടങ്ങിയിരിക്കുന്നു.

ഇതുപോലെ മുഴുവൻ നാമങ്ങളും അല്ലാഹുവിന്റെ പരിപൂർണമായ വിശേഷണങ്ങളെ വ്യക്തമായി സൂചിപ്പിക്കുന്നു ്.

## തൊണ്ണൂറ്റി ഒൻപതിൽ പരിമിതമോ?

അല്ലാഹുവിന് എത്ര നാമങ്ങളു ്? അത് തൊണ്ണൂറ്റി ഒൻപതിൽ പരിമിതമാണോ? അല്ലാഹുവിന്റെ നാമങ്ങൾ തൊണ്ണൂറ്റി ഒൻപതിൽ പരിമിതമല്ല, അത് മനുഷ്യർക്ക് കൃത്യമായി ക്ലിപ്തപ്പെടുത്താൻ സാധ്യമല്ലായെന്ന കാര്യത്തിൽ മുസ്ലിം പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

വ്യത്യസ്ഥ പണ്ഡിതൻമാർ അല്ലാഹുവിന്റെ നാമങ്ങൾ കൃത്യമായി ക്രോഢീകരിച്ചപ്പോൾ ചില നാമങ്ങളിൽ അഭി

പ്രായ വ്യത്യാസം ഉ  ായിട്ടു  ്. ചില പണ്ഡിതൻമാർ അല്ലാഹുവിന്റെ നാമമായി സ്വീകരിച്ചത് മറ്റുള്ളവർ സ്വീകരിച്ചിട്ടില്ല. എന്നാൽ അവ ഖുർആനിലോ, സുന്നത്തിലോ നാമമായി വന്നത് തന്നെയാണ്. ഇത് പരിഗണിക്കുമ്പോൾ ഖുർആനും തിരുസുന്നത്തും പരിചയപ്പെടുത്തി തരുന്ന നാമങ്ങൾ തൊണ്ണൂറ്റി ഒൻപതിൽ അധികമു  ാവും. അതുപോലെ നബി(ﷺ) ഒരിക്കൽ പ്രാർത്ഥിക്കുകയു  ായി:

(عن عبد الله عن النبيِّ صلى الله عليه وسلم: «...أسألُكَ بكُلِّ اسم هُوَ لَكَ سَمَّيتَ به نَفْسَكَ أوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ أَوْ أَنْزَلْتَهُ في كِتَابِكَ أَوِ اسْتَأْثَرتَ به في عِلْمِ الغَيبِ عِنْدَكَ...» رواه أحمد في مسنده والبزار وأبو يعلى وابن حبان في صحيحه والحاكم، وصححه الألباني.

അബ്ദുല്ലാഹ്(رضي الله عنه)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹ്(ﷺ) പറയുകയു  ായി:(...അല്ലാഹുവെ, നീ സ്വയം തന്നെ നിനക്ക് നാമകരണം ചെയ്ത മുഴുവൻ നാമങ്ങൾ കൊ  ും, അല്ലെങ്കിൽ നിന്റെ സൃഷ്ടികളിൽ ഒരാളിലൂടെ പഠിപ്പിക്കപ്പെട്ട നാമങ്ങൾ കൊ  ും, അല്ലെങ്കിൽ നിന്റെ ഗ്രന്ഥത്തിലൂടെ നീ അവതരിപ്പിച്ചതോ, അതുമല്ലെങ്കിൽ നിന്റെ അദൃശ്യജ്ഞാനത്തിൽ മറച്ച് വെച്ച മുഴുവൻ നാമങ്ങൾ കൊ  ും ഞാൻ നിന്നോട് ചോദിക്കുന്നു...) (അഹ്മദ്).

ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ കൃത്യമായി മനസിലാവുന്നത് അല്ലാഹുവിന്റെ നാമങ്ങൾ തൊണ്ണൂറ്റി ഒൻപതിൽ പരിമിതമല്ല, മറിച്ച് അവയുടെ എണ്ണം അല്ലാഹുവിന് മാ

ത്രമെ അറിയുകയുള്ളൂ. ഖുർആനിലും, തിരുസുന്നത്തിലും പഠിപ്പിക്കപ്പെട്ടതേനമുക്ക് അറിയാൻ സാധിക്കുകയുള്ളൂ,അതല്ലാത്ത നാമങ്ങൾ അല്ലാഹു അവന്റെ അദൃശ്യ ജ്ഞാനത്തിൽ മറച്ചു വെച്ചതാണ്, അതവന്ന് മാത്രമെ അറിയൂ.(ഈ വിഷയത്തിൽ അഹ്ലു സുന്നത്തി വൽ ജമാഅ:യുടെ പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെ സംഗ്രഹമാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്)

## ക്ലിപ്തപ്പെടുത്തുകയെന്നതിന്റെ വിവക്ഷ:

നബി(ﷺ) ഹദീഥിലൂടെ വ്യക്തമാക്കിയ ‘‘അല്ലാഹുവിന് ഭംഗിയുള്ള തൊണ്ണൂറ്റി ഒൻപത് നാമങ്ങളു ്,അതാരാണോ എണ്ണി കണക്കാക്കുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കും’’ എന്നതിലെ ‘എണ്ണിക്കണക്കാക്കുക’ യെന്നത് കൊ ുള്ള വിവക്ഷയെന്താണെന്ന കാര്യത്തിൽ പണ്ഡിതന്മാർ പല അഭിപ്രായവും രേഖപ്പെടുത്തിയിരിക്കുന്നു. അതിലെ സംഗ്രഹം താഴെ കൊടുക്കട്ടെ.

1– അത് മന:പാഠമാക്കുക, ഇമാം മുസ്ലിം ‘‘അല്ലാഹുവിന് ഭംഗിയുള്ള തൊണ്ണൂറ്റി ഒൻപത് നാമങ്ങളു ്,അതാരാണോ എണ്ണി കണക്കാക്കുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കും’’ എന്ന ഹദീഥിന്റെ അടിസ്ഥാനത്തിൽ ഇമാം ബുഖാരിയും, ഇമാം നവവിയും വ്യക്തമാക്കിയത് പോലെ അല്ലാഹുവിന്റെ നാമങ്ങൾ മന:പാഠമാക്കുകയെന്നതാണ് ഉദ്ധേശിക്കുന്നത്

.

2– അല്ലാഹുവിന്റെ നാമങ്ങളുടെ ആശയങ്ങളും, അവ സൂചിപ്പിക്കുന്ന കാര്യങ്ങളും കൃത്യമായി മനസിലാക്കുക.

3– അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്ന വസീലയാക്കി അവനോട് പ്രാർത്ഥിക്കുകയും, അവയുടെ ആശയങ്ങൾക്കനുസരിച്ച് ജീവിക്കുകയും ചെയ്യുക.

മുകളിൽ വ്യക്തമാക്കിയ മൂന്ന് കാര്യങ്ങൾ ആരാണോ ഉൾകൊള്ളുന്നത് അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

## اللهُ
## (ഇസ്മുൽ അഅ്ളം)

അല്ലാഹുവിന് ധാരാളം ഭംഗിയുള്ള നാമങ്ങൾ ഉ ്, അതിൽ ചിലത് ഖുർആനും തിരുസുന്നത്തും നമ്മെ പഠിപ്പിച്ചിട്ടു ്,അവശേഷിക്കുന്ന നാമങ്ങളെ സംബന്ധിച്ചുള്ള അറിവ് അല്ലാഹുവിൽ മാത്രം പരിമിതമാണെന്ന് നാം മനസിലാക്കുകയു ായി. പ്രമാണങ്ങളിലൂടെ മനസിലാക്കിയ അവന്റെ മുഴുവൻ നാമങ്ങളും ഉൾകൊള്ളുന്ന ഉന്നതമായ ഒരു നാമമു ്. അത് ഏതാണെന്ന കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമു ്. അവന്റെ ഇസ്മുൽ അഅ്ളമായി പരിചയപ്പെടുത്തിയിട്ടുള്ളത് 'അല്ലാഹു'എന്ന നാമമാണ് എന്നതിൽ ഭൂരിപക്ഷം പണ്ഡിതൻമാരും പ്രമാണ ബദ്ധമായി ഏകോപിച്ചിരിക്കുന്നു. 'അല്ലാഹു' എന്ന

നാമം പറഞ്ഞ് കഴിഞ്ഞാൽ അല്ലാഹുവിന്റെ മറ്റു മുഴുവൻ നാമങ്ങളും വിശേഷണങ്ങളും അതിൽ ഉൾകൊള്ളുന്നു ്. വിശുദ്ധ ഖുർആനിൽ الله എന്ന നാമം 'ബസ്മല' (بسم الله الرحمن الرحيم) യിൽ കൂടാതെ ഏകദേശം ര ായിരത്തി അ ഞ്ഞൂറ്റി അൻപത്തേഴ് തവണ ആവർത്തിച്ച് വന്നിരിക്കുന്നു.

ഇസ്മുൽ അഅ്ളമിന് മറ്റു നാമങ്ങൾക്കില്ലാത്ത ധാരാ ളം പ്രത്യേകതകളും മഹത്വങ്ങളുമു ്. അവയിൽ ചിലത് താഴെ കൊടുക്കട്ടെ.

1- ഈ നാമം അല്ലാഹുവിനല്ലാതെ മറ്റാർക്കും ഒരാളും ഈ കാലം വരെ പ്രയോഗിച്ചിട്ടില്ല. അതാണ് ഖുർആനിൽ അല്ലാ ഹു ചോദിക്കുന്നത്:

﴿هَلْ تَعْلَمُ لَهُ سَمِيًّا﴾ [مريم: ٦٥].

(അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?) (മർയം: 65)

2- അല്ലാഹുവിന്റെ നാമങ്ങളുടെ അടിസ്ഥാനം 'അല്ലാഹ്' എന്ന നാമമാണ്, എന്നാൽ മറ്റു നാമങ്ങളെല്ലാം ഈ നാമ ത്തിലേക്ക് ചേർത്ത് പറയുകയാണ് ചെയ്തിരിക്കുന്നത്. അ താണ് ഖുർആൻ പറയുന്നത്:

﴿وَلِلَّهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا﴾،

(അല്ലാഹുവിന് ഏറ്റവും നല്ല പേരുകളു ്. അതിനാൽ ആ

പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു കൊള്ളുക) (അൽ അഅ്റാഫ്: 180)

ഇതിൽ നിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്ന ഒരു കാര്യം നാം സാധാരണ പറയാറുള്ളത് 'അൽ അസീസ്' എന്ന നാമം അല്ലാഹുവിനു ് എന്നാണ്. 'അൽ അസീസിന്റെ' നാമത്തിൽ പെട്ടതാണ് അല്ലാഹു എന്ന് നാം പറയാറില്ല. അതെ, എല്ലാ നാമങ്ങളും 'അല്ലാഹ്' എന്ന നാമത്തിലേക്കാണ് ചേർത്തി പറയാറുള്ളത്.

3- അല്ലാഹു എന്ന നാമം നാം പറഞ്ഞാൽ അതിൽ അവന്റെ മറ്റു മുഴുവൻ നാമങ്ങളും വിശേഷണങ്ങളും ഉൾകൊള്ളുന്നു ്. ഇതുപോലെ മറ്റൊരു നാമമില്ല.

4- അല്ലാഹു എന്ന നാമം 'الإله' എന്ന നാമത്തിൽ 'മഅ്രിഫ'യുടെ (വ്യക്തമാക്കുക) (أل) 'അലിഫും ലാമും' ചേർന്നാണ് 'അല്ലാഹു' എന്ന നാമം ഉ ാവുകയും, പ്രത്യേകമായ ഒരു ഉച്ചാരണം നൽകുകയും ചെയ്തിരിക്കുന്നത്. ഇതിലെ 'അലിഫ് ലാം' 'നിദാഅ്'(അഭിസംബോധന)ന്റെ'യാഅ് മുന്നിൽ വരുമ്പോൾ ഒഴിവാക്കാൻ പാടില്ല. (يا الله) എന്ന് തന്നെ പറയണം. എന്നാൽ الرحمن എന്ന നാമത്തിന് മുന്നിൽ 'നിദാഅ്' (അഭിസംബോധന)ന്റെ 'യാഅ്' വരുകയാണെങ്കിൽ അലിഫ് ലാം കളയേ തു ്. ആരും (يا الرحمن) എന്ന്

പറയാറില്ല, മറിച്ച് (يا رحمن) എന്നേ പറയാറുള്ളൂ. അപ്പോൾ الله എന്ന നാമത്തിലെ 'അലിഫ് ലാം' വേർപ്പെടുത്താൻ പാടില്ലാത്തതാണ് എന്ന് മനസിലാക്കാം. ഇത് ഈ നാമത്തിന് മാത്രമുള്ള പ്രത്യേകതയാണ്.

5- ഖുർആനിലെ ആദ്യത്തെ ആയത്തിലെ അല്ലാഹുവിന്റെ പ്രഥമ നാമമാണ് 'അല്ലാഹു' എന്നത്.

﴿بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ * الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ﴾ (الفاتحة: ١,٢)

(പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു) (ഫാതിഹ: 1,2).

6- ഖുർആനിലെ അവസാന നാമവും ഇതു തന്നെ. തെളിവ് നോക്കുക

﴿قُلْ أَعُوذُ بِرَبِّ النَّاسِ * مَلِكِ النَّاسِ * إِلَهِ النَّاسِ﴾.

(പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ആരാധ്യനോട്.) (സൂറത്തു ന്നാസ് :1,2,3)

7- ഒരാൾ സത്യവിശ്വാസത്തിലേക്ക് പ്രവേശിക്കുമ്പോൾ ചൊല്ലേ സാക്ഷ്യവചനമായ'ശഹാദത്ത് കലിമ'യിൽ അല്ലാഹുവിന്റെ ഈ നാമം മാത്രമെയുള്ളൂ.

(أشهد أن لا إله إلا الله وأشهد أن محمد رسول الله)

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) സാക്ഷ്യ വചനം ഈ രൂപത്തിൽ തന്നെ പറയുവാൻ പാടുള്ളൂ.

8- ഭൂമിയിൽ അവസാന നാൾ വരെ അവശേഷിക്കുന്ന അവന്റെ നാമം 'അല്ലാഹു' എന്ന നാമമാണ് എന്ന് റസൂലുല്ലാഹ് നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഹദീഥ് കാണുക:

قال صلى الله عليه وسلم: «لا تَقُومُ الساعةُ عَلَى أَحد يَقُولُ اللهُ الله» مسلم

നബി(ﷺ) പറഞ്ഞു: (അല്ലാഹ്, അല്ലാഹ് എന്ന് പറയുന്ന ഒരാളിലും അവസാന നാൾ സംഭവിക്കുകയില്ല) (മുസ്‌ലിം)

9- ബാങ്കിലും ഇഖാമത്തിലുമുള്ള പദങ്ങളിൽ 'അല്ലാഹു' എന്ന നാമം മാത്രമെയുള്ളൂ.

## الرَّحْمَنُ
## പരമകാരുണികൻ

الرحمن എന്ന അല്ലാഹുവിന്റെ നാമം 'ബസ്മലയിൽ' അല്ലാതെ ഏകദേശം നാൽപത്തിയെട്ട് തവണ ഖുർആൻ ഉപയോഗിച്ചിരിക്കുന്നു. പരമകാരുണികൻ എന്നതാണ് അതിന്റെ ആശയം:

﴿بسم الله الرحمن الرحيم﴾ [الفاتحة: ١]

(പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) (ഫാതിഹ:1)

الرحمن എന്ന നാമം الرحمة എന്ന വിശേഷണത്തിൽ നിന്നും നിഷ്പന്നമായിട്ടുള്ള നാമമാണ്. എല്ലാവിധ കാരുണ്യങ്ങളുടെയും നിറകുടമായ കാരുണ്യവാൻ എന്നതാണ് ഈ നാമം കൊ ് ഉദ്ധേശിക്കപ്പെടുന്നത്. അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിധേയമായി ജീവിക്കുന്നവർക്കും, അവ ധിക്കരിച്ച് ജീവിക്കുന്നവർക്കും ഒരുപോലെ കാരുണ്യം നൽകുന്നവൻ എന്ന ആശയമാണ് പരമകാരുണ്യകൻ എന്നതിന്റെ ആശയം. പ്രവാചകൻ(ﷺ)യുടെ തിരുവചനത്തിൽ നമുക്ക് കാണാം:

عن عمر بن الخطاب أنه قال (قدم على رسول الله صلى الله عليه وسلم بسبي فإذا امرأة من السبي تبتغي إذا وجدت صبيا في السبي أخذته فألصقته ببطنها وأرضعته فقال لنا رسول الله صلى الله عليه وسلم أترون هذه المرأة طارحة ولدها في النار قلنا لا والله وهي تقدر على أن لا تطرحه فقال رسول الله صلى الله عليه وسلم لله أرحم بعباده من هذه بولدها ) (صحيح مسلم - كتاب التوبة )

ഉമറുബ്നുൽ ഖത്വാബ്(رضي الله عنه)വിൽ നിന്ന് നിവേദനം, നബി(ﷺ)യുടെ അടുക്കൽ ബന്ധനസ്ഥർ വന്നു അപ്പോൾ ബന്ധനസ്ഥരിൽപെട്ട ഒരുസ്ത്രീ (തന്റെ കുഞ്ഞിനെ) അന്വേഷിക്കുന്നു. ഒരു കുഞ്ഞിനെ കിട്ടിയാൽ അവൾ അതിനെ എടുത്ത്

വയറിനോട് ചേർത്ത് മുല കൊടുക്കുന്നു. (ശേഷം അവൾക്ക് അവളുടെ സന്താനത്തെതന്നെ ലഭിച്ചു) അങ്ങിനെ കുട്ടിയെ കിട്ടിയപ്പോൾ തന്റെ മാറോട് ചേർത്ത് അതിനെ മുലപ്പാലൂട്ടുകയു ായി. അപ്പോൾ പ്രവാചകൻ(ﷺ) ഞങ്ങളോട് പറയുകയു ായി: ഈ സ്ത്രീ തന്റെ കുഞ്ഞിനെ തീയിലേക്ക് വലിച്ചെറിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുേ ാ? ഞങ്ങൾ ഇല്ല എന്ന് പറഞ്ഞു: അപ്പോൾ റസൂലുല്ലാഹ്(ﷺ) ഞങ്ങളോട് പറഞ്ഞു: ഈ സ്ത്രീക്ക് അവളുടെ കുട്ടിയോടുള്ളതിനേക്കാൾ ഏറ്റവും കാരുണ്യമാണ് അല്ലാഹുവിന് അവന്റെ അടിമയോടുള്ളത്) (മുസ്ലിം)

അല്ലാഹുവിന്റെകാരുണ്യം എല്ലാറ്റിനെയും വലയം ചെയ്തിരിക്കുന്നു. അതാണ് അല്ലാഹു പറയുന്നത്:

﴿وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ﴾. [الأعراف: ١٥٦].

(എന്റെ കാരുണ്യമാകട്ടെ സർവ്വവസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും) (അൽ അഅ്റാഫ്: 156)

അർറഹമാൻ എന്ന നാമം ഇസ്മുൽ അഅ്ളമിന്റെ കൂടെ ധാരാളം തവണകളിലായി ഖുർആൻ പ്രയോഗിച്ചതായി നമുക്ക് കാണാനാവും. അല്ലാഹു പറയുന്നു:

﴿قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَنَ أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَى﴾

[الإسراء: 110].

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ അർറഹ്മാൻ എന്ന് വിളിച്ചുകൊള്ളുക.

ഏതു തന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ള താകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ.) (അൽഇസ് റാഅ്: 110)

## الرَّحِيمُ
## കരുണാനിധി

الرحيم (കരുണാനിധി) എന്ന അല്ലാഹുവിന്റെ നാമം ﷽ബ സ്മലയിൽ﷽ കൂടാതെ ഏകദേശം മുപ്പത്തിനാല് തവണ ഖു ർആൻ പ്രയോഗിച്ചിരിക്കുന്നു

﴿لَا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ﴾[البقرة: ١٦٣]

(അവനല്ലാതെ യാതൊരു ആരാധനക്കർഹനില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ.) (അൽബഖറ: 163)

الرحيم എന്ന നാമം الرحمة എന്ന വിശേഷണത്തിൽ നിന്നും നിഷ്പന്നമായിട്ടുള്ള നാമമാണ്. അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾ ജീവിതത്തിൽ പകർത്തി ജീവക്കുന്ന വിശ്വാസികൾക്ക് മാത്രമായി പരലോകത്ത് നൽകാനായി കാരുണ്യം നിധിയായി വെച്ചിട്ടുള്ള കാരുണാനിധിയാണ് അല്ലാഹു. അതാണ് ഖുർആൻ പറയുന്നത്:

﴿وَكَانَ بِالْمُؤْمِنِينَ رَحِيمًا﴾ [الأحزاب: ٤٣].

(അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു) (അൽഅഹ്സാബ്: 43).

അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് അറിയാൻ താഴെ വരുന്ന ഹദീഥ് മനസിലാക്കുക:

عن أبي هريرة عن النبي صلى الله عليه وسلم قال: إن لله مائة رحمة أنزل منها رحمة واحدة بين الجن والإنس والبهائم والهوام فبها يتعاطفون وبها يتراحمون وبها تعطف الوحش على ولدها وأخر الله تسعا وتسعين رحمة يرحم بها عباده يوم القيامة ) (صحيح مسلم - كتاب التوبة )

അബൂഹുറയ്റ(﵁)വിൽ നിന്ന്, നബി(ﷺ) പറഞ്ഞു: (തീർച്ചയായും അല്ലാഹുവിന് നൂറ് കാരുണ്യമു ്, അതിൽ നിന്ന് ഒരു കാരുണ്യമാണ് ജിന്നുകൾ, മനുഷ്യർ, മൃഗങ്ങൾ കന്നുകാലികൾ വിഷജന്തുക്കൾ എന്നിവരിലേക്ക് ഇറക്കിയിട്ടുള്ളത്, അവ മുഖേനയാണ് അവർ പരസ്പരം അനുകമ്പയും,കാരുണ്യവും കാണിക്കുന്നത്,വന്യമൃഗങ്ങൾ തന്റെ കുഞ്ഞുങ്ങളോട് അനുകമ്പ കാണിക്കുന്നത് ഈ കാരുണ്യത്തിൽ നിന്നാണ്.അവശേഷിക്കുന്ന തൊണ്ണൂറ്റി ഒൻപത് കാരുണ്യവും പരലോകത്ത് അവന്റെ അടിമകൾക്ക് നൽകാനായി മാറ്റി വെച്ചിരിക്കുകയാണ്) (മുസ്ലിം).

## الرَّبُّ
## പരിപാലകൻ

﴿الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ﴾ [الفاتحة:٢]

(സർവ്വസ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു)

വിശുദ്ധഖുർആനിൽ الرب (പരിപാലകൻ) എന്ന അല്ലാഹുവിന്റെ നാമം ഏകദേശം പന്ത്ര ് തവണ ആവർത്തിച്ച് വന്നിരിക്കുന്നു.

رَبَّ يُرَبِّ എന്ന അറബി പദത്തിൽ നിന്നും നിഷ്പന്നമായിട്ടുള്ള പദമാണ് الرب എന്ന പദം. ഇത് അല്ലാഹുവിന്റെ ഒരു നാമമാണ്, അതിന് പടിപടിയായി പോറ്റി വളർത്തുന്നവൻ എന്നാണ് അർത്ഥം.അതായത് മുഴുവൻ സൃഷ്ടികൾക്കും മുഴുവൻ അനുഗ്രഹങ്ങളും നൽകി നിയന്ത്രിക്കുകയും,പരിപാലിക്കുകയും, അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ച് കൊ ിരിക്കുകയും ചെയ്യുന്ന അവരുടെ ഉടമസ്ഥനാണ് 'അർറബ്ബ്', അത് അല്ലാഹുവാണ്. ഈ അർത്ഥത്തിൽ ഈ നാമം അല്ലാഹുവിന് മാത്രമെ ഉപയോഗിക്കാവൂ. അതായത് അല്ലാഹുവിന് ഉപയോഗിക്കുമ്പോൾ الرب എന്ന് പറയും, എന്നാൽ സൃഷ്ടികൾക്ക് ഉപയോഗിക്കുമ്പോൾ رب ആണ് അഥവാ ال بدون (അലിഫ് ലാം കൂടാതെ) ഉദാഹരണമായി: വീടുള്ളവൻ അറബിയിൽ أنا رب هذا البيت (ഞാൻ ഈ വീടിന്റെ ഉടമസ്ഥനാണ്) എന്ന് പറയുന്നത് പോലെ ഏതെങ്കിലും കാര്യത്തിലേക്ക് ചേർത്തിക്കൊ ് ഈ പദം ഉപയോഗിക്കാവുന്നതാണ്. ഈ പദം വിശുദ്ധഖുർആനിൽ ധാരാളം പ്രാവ

ശ്യം വന്നിട്ടു ്. പതിനഞ്ച് പ്രാവശ്യം തനിയെ തന്നെ വന്നിട്ടു ്.

# الإِلَـهُ
## (ആരാധ്യൻ)

﴿اللَّهُ لَا إِلَهَ إِلَّا هُوَ لَهُ الْأَسْمَاءُ الْحُسْنَى﴾{طه/٨}

(അല്ലാഹു- അവനല്ലാതെ ഒരു ആരാധനക്കർഹനില്ല. അവന്റെതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ)(ത്വാഹ:8)

വിശുദ്ധഖുർആനിൽ الإلـه (ആരാധ്യൻ) എന്ന നാമം ഏകദേശം ഇരുപത്തിയെട്ട് പ്രാവശ്യം പ്രയോഗിച്ചിരിക്കുന്നു.

الله എന്ന നാമം ഉ ായത് إلـه എന്ന നാമത്തിൽ നിന്നാണ്. الإلـه എന്നനാമം الله എന്നനാമം പോലെ തന്നെയാണ്. الإلـه എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ മുഴുവൻ നാമങ്ങളും വിശേഷണങ്ങളും ഉൾകൊള്ളുന്നു ്. الإلـه എന്നതിന്റെ ആശയം 'ആരാധ്യൻ' എന്നാണ്. അപ്പോൾ "لا إله إلا الله" എന്നസാക്ഷ്യവചനത്തിന്റെ കൃത്യമായ ആശയം لا معبودَ بحق إلا الله (ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല) എന്നാണ്.എല്ലാവിധ ആരാധനക്കും അർഹനായവൻ എന്നതാണ് അതിന്റെ അടിസ്ഥാനം. ഇത് അല്ലാഹുവിന്റെ മാത്രം

പ്രത്യേകതയാണ്. അല്ലാഹുവിന്റെ ഒരു സൃഷ്ടിക്കും ഈ നാമം പാടില്ല.

## الْأَوَّلُ
## ആദിയായവൻ

﴿هُوَ الْأَوَّلُ وَالْآخِرِ...﴾ [الحديد: ٣]

(അവൻ ആദിയും അന്തിമനുമാണ്ﷻ) (അൽഹദീദ്: 3)

അല്ലാഹുവിന്റെ الأول (ആദിയായവൻ) എന്ന നാമം വിശുദ്ധ ഖുർആനിൽ ഒരു പ്രാവശ്യം മാത്രമെ വന്നിട്ടുള്ളൂ.ഹദീഥുകളിലും ഈ നാമം നമുക്ക് കാണാവുന്നതാണ്.

الأول എന്നതിന്റെ ആശയം ആദിയായവൻ,മുമ്പേയുള്ളവൻ എന്നതാണ്.അവന് മുമ്പ് ഒന്നുമില്ല.എല്ലാ കാര്യങ്ങളും ഉ ാകുന്നതിന്മുമ്പേ അവൻ ഉ ് എന്നാണ് ഈ നാമത്തിന്റെ ആശയം. ഇത് റസൂലുല്ലാഹ്(ﷺ) വിശദീകരിക്കുന്ന വചനം നാം കാണുക:

«اللّٰهُمَّ أنت الأولُ فليسَ قَبلكَ شيءٌ وأنت الآخر فليسَ بعـدك شيءٌ وأنـتَ الظاهرُ فليسَ فوقك شيءٌ وأنت الباطنُ فليس دونَك شيء» مسلم

(അല്ലാഹുവെ, നീയാണ് മുമ്പേ ഉള്ളവൻ, നിനക്ക് മുമ്പ് ഒന്നുമില്ല, നീയാണ് അന്തിമൻ, നിനക്ക് ശേഷം ഒന്നുമില്ല.നീയാണ് പ്രകടമായവൻ, നിനക്ക് മുകളിൽ ഒന്നുമില്ല, നീയാണ് ഗോപ്യൻ, നിനക്ക് താഴെ ഒന്നും തന്നെയില്ല) (മുസ്ലിം)

ഇതിന്റെ ആശയം അല്ലാഹുവിന് മുമ്പേ ഒന്നുമില്ല, അവനോടൊപ്പവും ഒന്നുമില്ല, ഇനി അവനല്ലാത്തതെല്ലാം തന്നെ നശിക്കുന്നതാണ്. അതാണ് ഖുർആൻ വ്യക്തമാക്കുന്നത്.

(كُلُّ مَــنْ عَلَيْهَــا فَــانٍ * وَيَــبْقَى وَجْــهُ رَبِّــكَ ذُو الْجَــلَالِ وَالْإِكْــرَامِ)

{الرحمن26/٢٧}

(അവിടെ (ഭൂമുഖത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്) (അർറഹ്മാൻ: 26,27).

റസൂലുല്ലാഹ്(ﷺ) അത് വിശദീകരിക്കുന്നു:

«كَانَ اللهُ ولمْ يَكُنْ شيءٌ غَيْرُه، وكَانَ عَرْشُهُ عَلى الماء» البخاري

(അല്ലാഹു ഉ ായിരുന്നു, അവനല്ലാതെ ഒന്നും ഉ ായിരുന്നില്ല, അവന്റെ സിംഹാസനം വെള്ളത്തിന് മുകളിലായിരുന്നു) (ബുഖാരി)

## الْآخِرُ

## അന്തിമൻ.

﴿هُوَ الْأَوَّلُ وَالْآخِرُ﴾ [الحديد: ٣]

**(അവൻ ആദിയും അന്തിമനുമാണ്) (അൽഹദീദ്: 3)**

അല്ലാഹുവിന്റെ الآخر (അന്തിമൻ) എന്ന നാമം വിശുദ്ധ ഖുർആനിൽ ഒരു പ്രാവശ്യം മാത്രമെ വന്നിട്ടുള്ളൂ. ഹദീഥുകളിലും ഈ നാമം നമുക്ക് കാണാവുന്നതാണ്.അന്തിമനാണ് അല്ലാഹു, അവന് ശേഷം ഒന്നുമില്ല. അല്ലാഹുവിന്റെ ഉൺമക്ക് അവസാനമോ, അന്ത്യമോ ഇല്ല. എന്നാൽ മുഴുവൻ സൃഷ്ടികൾക്കും ഒരു അവസാനമു ്, അന്ത്യമു ്.

## الظَّاهِرُ

## പ്രത്യക്ഷമായവൻ.

﴿هُوَ الْأَوَّلُ وَالْآخِرُ وَالظَّاهِرُ وَالْبَاطِنُ﴾ [الحديد: ٣]

(അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്) (**അൽ**ഹദീദ്: 3).

അവന് മുകളിൽ ഒന്നുമില്ല, അറിവിൽ എല്ലാറ്റിനെയും അതിജയിക്കുന്നവനും, പ്രത്യക്ഷമായവനും, ഉന്നതനുമാണവൻ. റബ്ബിനേക്കാൾ പ്രത്യക്ഷവും ഉന്നതനുമായ ഒന്നും തന്നെയില്ല, അവൻ എല്ലാം അറിയുന്ന അത്യുന്നതാനാണ്.

## الْبَاطِنُ

## പരോക്ഷമായവൻ.

﴿هُوَ الْأَوَّلُ وَالْآخِرُ وَالظَّاهِرُ وَالْبَاطِنُ﴾ [الحديد: ٣]

(അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്) (**അൽ**ഹദീദ്: 3).

അല്ലാഹുവിന്റെ الباطن (പരോക്ഷമായവൻ) എന്ന നാമം ഖുർആനിൽ ഒരു പ്രാവശ്യമേ വന്നിട്ടുള്ളൂ. ഹദീഥുകളിലും ഈ നാമം നമുക്ക് കാണാവുന്നതാണ്.

അവന് അവസാനമില്ല, അവന് ശേഷം യാതൊന്നുമില്ല, ഈ നാമത്തിന്റെ ആശയം അതിസൂക്ഷ്മമായ കാര്യങ്ങളെയും,അദൃശ്യങ്ങളെയും, വിചാര വികാരങ്ങളെയും, രഹസ്യങ്ങളെയുമെല്ലാം അതിസൂക്ഷ്മമായി അറിയുന്നവനും,നിരീക്ഷിക്കുന്നവനുമാണ് അവൻ. അതു പോലെ തന്നെ അല്ലാഹുവിന്റെ അറിവും, കാഴ്ചയും കേൾവിയുമെല്ലാം സൃഷ്ടികളുടെ വളരെ അടുത്ത് തന്നെയു ്, അങ്ങനെയുള്ള പരോക്ഷമായവനാണ് അല്ലാഹു. പ്രത്യക്ഷവും പരോക്ഷവും എന്നുള്ളത് പരസ്പരം വൈരുദ്ധ്യങ്ങളായ അല്ലാഹുവിന്റെ ര ് നാമങ്ങളല്ല, കാരണം അല്ലാഹുവിനെ പോലെ ഒന്നും തന്നെയില്ല.

എല്ലാ കാര്യങ്ങളുടെയും ആന്തരികവും, ബാഹ്യവുമായി മുഴുവൻ കാര്യങ്ങളും കൃത്യമായി അറിയുന്നവനാണ് അല്ലാഹു,എല്ലാ വസ്തുക്കളുടെയും പ്രവർത്തനങ്ങളെയും, ആ പ്രവർത്തന ഫലങ്ങളെയും വ്യക്തമായി അറിയുന്നവനാണ് അവൻ. ഒരു കാര്യത്തോട് അവനെക്കാൾ ഏറ്റവും (നിരീക്ഷണം, അറിവ് എന്നിവയോടെ) അടുത്ത ഒന്നും തന്നെയില്ല. അതാണ് ഖുർആൻ പറയുന്നത്:

﴿وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ﴾ [ق: ١٦].
(നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനും ആകുന്നു) (ഖാഫ്: 16).

## الْعَلِيُّ
## ഉന്നതൻ

﴿وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ﴾[الحج: ٦٢]
(അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ) (അൽ ഹജ്ജ്: 62)

ഖുർആനിൽ العلي (ഉന്നതൻ)എന്ന നാമം ഏകദേശം എട്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.

علي يعلو എന്നതിൽ നിന്നും നിഷ്പന്നമായിട്ടുള്ള നാമമാണ് العُلُوِّ എന്ന നാമം.അല്ലാഹു അവന്റെ ഉൺമയോടെ മഹത്വത്തിലും, ഉന്നതിയിലും പരമോന്നതനാകുന്നു. ഉന്നതിയുടെ എല്ലാ അർത്ഥത്തിലും അല്ലാഹു ഉന്നതനാകുന്നു. ഇവിടെ മൂന്ന് കാര്യങ്ങൾ നാം ശ്രദ്ധിക്കുക:

1- 'ദാത്തി'(ഉൺമയി)ൽ ഉന്നതനാണ് അല്ലാഹു.അവൻ സൃഷ്ടികൾക്കുപരിയിൽ അർഷി(സിംഹാസനത്തി)ൽ ഉപവിഷ്ടനാണ്,എങ്കിലും സൃഷ്ടികളുടെ മുഴുവൻ കാര്യങ്ങളും കാണുന്നവനും, നിരീക്ഷിക്കുന്നവനും, നിയന്ത്രിക്കുന്നവനുമാണ്.

2- കഴിവിലും വിശേഷണങ്ങളിലും, മഹത്വങ്ങളിലും അല്ലാഹു ഉന്നതനാണ്. സൃഷ്ടികളുടെ ഒരു വിശേഷണവും അവന് യോജിക്കുകയില്ല, അതുപോലെ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ ഒരുവിശേഷണം പോലും സൃഷ്ടികൾക്ക് യോജിക്കുകയോ,അവ നേടിയെടുക്കുവാനോ സാധ്യമല്ല തന്നെ. അതാണ് അല്ലാഹു പറയുന്നത്.

﴿وَلَا يُحِيطُونَ بِهِ عِلْمًا﴾ [طه: ١١٠].

(അവർക്കാകട്ടെ അതിനെപ്പറ്റിയൊന്നും പരിപൂർണ്ണമായി അറിയാനാവുകയില്ല.) (ത്വാഹ: 110).

3- അധികാരത്തിലും, നിയന്ത്രണത്തിലും അവൻ ഉന്നതനാകുന്നു. മുഴുവൻ സൃഷ്ടികളെയും, അവരുടെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതും, അവയെ ഉടമപ്പെടുത്തുന്നതും അവൻ തന്നെയാണ്. അവന്റെ കൈകളിലാണ് എല്ലാ സൃഷ്ടികളുടെയും നിയന്ത്രണം. അവൻ ഉദ്ധേശിക്കുന്നത് ഉ ാവുകയും, ഉദ്ധേശിക്കാത്തത് ഉ ാവാതിരിക്കുകയും ചെയ്യുന്നു. മുഴുവൻ സൃഷ്ടികളും യോജിച്ചാലും അല്ലാഹു ഉ ാക്കാൻ വിചാരിച്ചതിനെ ഇല്ലായ്മ ചെയ്യാനോ, ഉ ാക്കാൻ വിചാരിക്കാത്ത കാര്യത്തെ ഉ ാക്കാനോ സാധ്യമല്ല തന്നെ.ഇതെല്ലാം തന്നെ വ്യക്തമാക്കുന്നത് അല്ലാഹുവിന്റെ കഴിവിന്റെ പരിപൂർണതയും, തന്റെ ഉദ്ദേശം നടപ്പിലാക്കാനുള്ള അധികാരവും,സൃഷ്ടികൾ മുഴുവനും അവനിലേക്ക് ആശ്രയമുള്ളവരാണെന്നുമാണ്.

# الْأَعْلَى

# അത്യുന്നതൻ

﴿سَبِّحِ اسْمَ رَبِّكَ الْأَعْلَى﴾ [الأعلى: ١]
(അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക) (അഅ്ലാ: 1).

അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ട الأعلى (അത്യുന്നതൻ) എന്ന നാമം ര ് പ്രാവശ്യമാണ് ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നത്.

ഉൺമയോടെയുള്ള നിരുപാധികമായ ഉന്നതിയാണ് അല്ലാഹുവിന്റേത്,അവന്റെ സൃഷ്ടികളിൽ ഏതെങ്കിലും സൃഷ്ടികളോട് വല്ലതും ചേർക്കേ ആവശ്യമവനില്ല. അതായത് അവനല്ലാത്തവരോട് അവനെ അടുപ്പിക്കേ തില്ല. അവൻ ഉന്നതനാണ്, എല്ലാം അവന്റെ ആധിപത്യത്തിനും, അധികാരത്തിനും, മഹത്വത്തിനും താഴെയാണ്. അവൻ സിംഹാസനസ്ഥനാണ്, അവന്റെ അധികാരം എല്ലാറ്റിനെയും ഉൾകൊള്ളുന്നു. മുഴുവൻ ഉന്നതിയുടെയും, മഹത്വത്തിന്റെയും, പരിപൂർണതയുടെയും വിശേഷണങ്ങൾ അവന് മാത്രമുള്ളതാണ്, അവനിലേക്കാണ് മാത്രമാണ് മടങ്ങുന്നത്.

# الْمُتَعَالُ

# ഉന്നതൻ.

﴿عَالِمُ الْغَيْبِ وَالشَّهَادَةِ الْكَبِيرُ الْمُتَعَالِ﴾ [الرعد:٩]
(അദൃശ്യത്തേയും ദൃശ്യത്തേയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ) (അർറഅ്ദ്:9).

അല്ലാഹു മുഴുവൻ സൃഷ്ടികളേക്കാളും ഉന്നതനാണ്, ആരൊക്കെ അവനിൽ സമന്മാരെ ഉ ാക്കുന്നുവോ അതിൽ നിന്നെല്ലാം അവൻ പരിശുദ്ധനാണ്, ആരൊക്കെ അവന് യോജിക്കാത്ത കാര്യം അവനിൽ ചേർക്കുന്നുവോ അതിൽ നിന്നും അവൻ ഉന്നതനും, പരിശുദ്ധനുമാണ്.

## الْعَظِيمُ
## മഹാൻ.

﴿...وَلَا يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ....﴾ [البقرة: ٢٥٥]
(..അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ...) (അൽബഖറ: 255)

അല്ലാഹു മഹത്വമുള്ളവനാണ്, മഹാനാണ് എന്നതിന്റെ ആശയം അവന്റെ മഹത്വവും, ഔന്നിത്യവും ബുദ്ധിയുടെ പരിമിതിക്കുമപ്പുറം ഉന്നതമായിരിക്കുന്നുവെന്നാണ്. അവന്റെ ഉൺമയെ ഒരു ബുദ്ധിക്കും രൂപപ്പെടുത്താൻ കഴിയാത്ത രൂപത്തിൽ അവൻ മഹാനാണ്.

## الْكَبِيرُ

(ഏറ്റവും വലിയവൻ)

﴿وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ﴾ [الحج: ٦٢]

(അല്ലാഹു തന്നെയാണ് ഉന്നതനും എറ്റവും വലിയ(മഹാനുമായിട്ടുള്ളവൻ) (അൽഹജ്ജ്: 62).

അല്ലാഹു മഹാനായിട്ടുള്ളവനും, ഏറ്റവും വലിയവനുമാകുന്നു.അല്ലാഹുവിന്റെ മുഴുവൻ കാര്യങ്ങളും ഏറ്റവും മഹത്വരമായതും, അനിർവ്വചനീയവുമാണ്. അവന്റെ ശക്തിയും, മഹത്വവും മഹത്വരമേറിയതാണ്. എല്ലാ വലിയവനും അവനെ സംബന്ധിച്ചിടത്തോളം ചെറിയവരാണ്.അതുകൊ ് തന്നെയാണ് 'തക്ബീർ'(അല്ലാഹു അക്ബർ) നിസ്കാരം പോലയുള്ള ആരാധനകളുടെ അടയാളമായിരിക്കുന്നത്.

# الْحَمِيدُ

## സ്തുത്യർഹൻ.

﴿وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ﴾[فاطر: ١٥]

(അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു) (ഫാത്വിർ: 15).

സ്തുതിക്കപ്പെടാൻ അർഹൻ അല്ലാഹുവാണ്, അവൻ സൃഷ്ടികൾക്ക് നൽകുന്ന അനുഗ്രഹങ്ങൾക്കും,ഔദാര്യത്തിനും കീഴിൽ ജീവിക്കുന്നതിനാൽ സൃഷ്ടികൾ അവനെ സ്തുതിക്കേ തു ്,മുഴുവൻ സ്തുതികൾക്കും അർഹൻ അ

വൻ മാത്രമാണ്. തന്റെ ഉൺമയിലും, നാമഗുണവിശേഷണ ങ്ങളിലും സ്തുത്യർഹനാണ് അവൻ. നന്ദിചെയ്യുക എന്ന തിനേക്കാൾ ശ്രേഷ്ഠതയുള്ളതാണ് സ്തുതിക്കുകയെന്നത്.

## الْمَجِيـدُ
## മഹത്വമേറിയവൻ.

﴿إِنَّهُ حَمِيدٌ مَجِيدٌ﴾ [هود: ٧٣]

(തീർച്ചയായും അവൻ സ്തുത്യർഹനും മഹത്വമേറിയവ നും ആകുന്നു) (ഹൂദ്: 73)

അല്ലാഹു മഹത്വമേറിയവനാണ്. المجيـد എന്നതിന്റെ ആ ശയം സൃഷ്ടികൾക്ക് ധാരാളം നന്മയും അനുഗ്രഹങ്ങളും ഒ ഴുക്കിക്കൊ ിരിക്കുന്നവൻ എന്നതാണ്. المجد എന്നതിന്റെ ആശയം വിശാലമായി നൽകുകയെന്നതാണ്, അത് മഹത്വ ത്തിന്റെ വിശേഷണമാണ്. الماجد എന്നതിന്റെ ആശയം ധാ രാളം മഹത്വമുള്ളവൻ എന്നതാണ്.ഉന്നതനായ അല്ലാഹു മ ഹത്വമുള്ളവരിൽ ഏറ്റവും മഹത്വമുള്ളവനും, ഔദാര്യമുള്ള വരിൽ ഏറ്റവും ഔദാര്യമുള്ളവനുമാണ്. എണ്ണാനും, തിട്ട പ്പെടുത്താനും സാധിക്കാത്ത അനന്തമായ അനുഗ്രഹങ്ങൾ സൃഷ്ടികൾക്കായ് അവരുടെ ആവശ്യപ്പെടലില്ലാതെ തന്നെ ഒരുക്കി വെച്ച മഹത്വമേറിയവനാണ് അല്ലാഹു.

# الْوَاحِدُ

## ഏകൻ.

﴿وَمَا مِنْ إِلَهٍ إِلَّا اللَّهُ الْوَاحِدُ الْقَهَّارُ﴾ [ص: ٦٥]
(ഏകനും സർവ്വാധിപതിയുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല) (സ്വാദ്: 65).

യാതൊരു പങ്കാളിയും,കൂട്ടുകാരനുമില്ലാത്ത ഏകൻ എന്നതാണ് ഈ നാമത്തിന്റെ ആശയം. അല്ലാഹുവിന്റെ ഏകത്വം എന്നതിന്റെ ആശയം തുല്ല്യമായവനോ, സാമ്യമുള്ളവനോ ഇല്ലാത്ത ഏകൻ എന്നതാണ്.

# الأَحَـدُ

## ഏകൻ.

﴿قُلْ هُوَ اللَّهُ أَحَدٌ﴾[الإخلاص: ١]
(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു) (ഇഖ്ലാസ്: 1).

തുല്ല്യനായി ആരുമില്ലാത്ത, ജനിക്കുകയോ, ജനിപ്പിക്കുകയോ ചെയ്യാത്ത ഏകൻ എന്നതാണ് ഇതിന്റെ ആശയം. الواحد എന്നതിന്റെ ആശയം ഉൺമയിൽ ഏകൻ എന്നാണ്, അതായത് അല്ലാഹുവിന്റെ ദാത്തിൽ അവൻ ഏകനാണ്,അതുപോലെയുള്ള ദാത്ത് മറ്റാർക്കുമില്ല. എന്നാൽ الأحد എ

ന്നതിന്റെ ആശയം ദാതിലും, സ്വിഫാതിലും (ഉൺമയിലും, വിശേഷണങ്ങളിലും) ഏകൻ എന്നതാണ് الواحد എന്ന നാമ വും, الأحد എന്ന നാമവും തമ്മിലുള്ള വ്യത്യാസം.അതായത് അല്ലാഹുവിന്റെ ദാത്തിലും, സ്വിഫാത്തിലും അവന് യോജി ക്കുന്നവൻ ആരുമില്ല, അതിൽ അവൻ ഏകനാണ് എന്നതാ ണ്.

## الصَّمَدُ

## ഏവർക്കും ആശ്രയമായിട്ടുള്ളവൻ.

﴿اللَّهُ الصَّمَدُ﴾[الإخلاص: ٢]
(അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു) (ഇ ഖ്ലാസ്: 2).

നിരാശ്രയനാണ് അല്ലാഹു, അവന് ആരേയും ആശ്രയി ക്കേ തില്ല, എന്നാൽ എല്ലാ സൃഷ്ടികൾക്കും അവന്റെ ആ ശ്രയം അത്യാവശ്യമാണ്. അല്ലാഹുവിനെ ആശ്രയിക്കാതെ ഒരു സൃഷ്ടിക്കും ഇവിടെ ഒരു നിമിഷം പോലും നില നിൽ ക്കാൻ കഴിയില്ല. അവൻ സ്വയം തന്നെ കഴിവുള്ളവനാണ്, അവന്റെ കഴിവ് എവിടെ നിന്നെങ്കിലും നേടിയെടുത്തതോ, അതല്ലെങ്കിൽ ഏതെങ്കിലും സൃഷ്ടികൾ നൽകിയതോ അല്ല. മറിച്ച് അവൻ നിരാശ്രയനാണ്.

## الحَـيُّ

## എന്നെന്നും ജീവിച്ചിരിക്കുന്നവൻ.

﴿اللَّهُ لَا إِلَٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ﴾ [البقرة: ٢٥٥]

(അല്ലാഹു- അവനല്ലാതെ ആരാധ്യനക്കർഹനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ.മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല) (അൽ ബഖറ: 255).

അല്ലാഹു എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്, പരിപൂർണ ജീവിതത്തിന്റെ ഉടമയുമാണ്, അവനെ ഇല്ലായ്മ മുൻകടക്കുകയോ, നാശം വന്ന് ചേരുകയോ ഇല്ല. സമ്പൂർണമായ ജീവിതത്തിനാവശ്യമായ വിശേഷണങ്ങളായ പരിപൂർണ അറിവും, കഴിവും, കേൾവിയും, കാഴ്ചയും പോലെയുള്ള മുഴുവൻ വിശേഷണങ്ങളുമുള്ളവനാണ് അല്ലാഹു.

സൃഷ്ടികളുടെ ജീവിതത്തോട് സാമ്യപ്പെടുത്തുന്നതിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ്, അവനെ മരണമോ നാശമോ ബാധിക്കുകയില്ല, അവനെ മയക്കമോ ഉറക്കമോ ബാധിക്കുകയില്ല. അതിൽ നിന്നെല്ലാം അവൻ പരിശുദ്ധനാണ്.

## الْقَيُّومُ

## എല്ലാം നിയന്ത്രിക്കുന്നവൻ.

﴿وَعَنَتِ الْوُجُوهُ لِلْحَيِّ الْقَيُّومِ﴾[طه: ١١١]

(എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്ന വനും ആയുള്ളവന്ന് മുഖങ്ങൾ കീഴൊതുങ്ങിയിരിക്കുന്നു) (ത്വാഹ :111).

സ്വയം നിലനിൽക്കുന്നവനും, മറ്റുള്ളവയെ നില നിർത്തുന്നവനുമായ എല്ലാം നിയന്ത്രിക്കുന്നവനാണ് അല്ലാഹു. സ്വയം നിലനിക്കുന്നവനായ അല്ലാഹുവിന്റെ വിശേഷണങ്ങൾ മഹത്വമുള്ളതാണ്,മുഴുവൻ സൃഷ്ടികളിൽ നിന്നും അവൻ ഐശ്വര്യവാനാണ്,അവൻ മുഖേനയാണ് ആകാശങ്ങളും, ഭൂമിയും അതിലുള്ളത് മുഴുവനും നിലനിൽക്കുന്നത്.

എല്ലാം നിയന്ത്രിക്കുകയെന്ന അവന്റെ വിശേഷണത്തിന്റെ പൂർത്തീകരണത്തിൽ പെട്ടതാണ് അവനെ ഉറക്കം ബാധിക്കാതിരിക്കുകയെന്നത്. ഉറക്കമോ,മയക്കമോ പിടി കൂടാതിരിക്കുകയെന്നത് അവന്റെ മാത്രം പ്രത്യേകതയാണ്.

الحَيّ എന്ന നാമവും, القَيُّوم എന്ന നാമവും ഖുർആനിൽ ഒരുമിച്ചാണ് വന്നിരിക്കുന്നത്, അത് കൃത്യമായി വ്യക്തമാക്കുന്നത് നിത്യമായുള്ള പരിപൂർണ വിശേഷണത്തേയാണ്. الحَيّ എന്ന നാമം 'ദാതി'യായ മുഴുവൻ വിശേഷണങ്ങളെയും, القيومُ എന്ന നാമം 'ഫിഅ്ലി'യായ മുഴുവൻ വിശേഷണങ്ങളെയും ഉൾകൊള്ളുന്നു.

## بَدِيعُ السَّمَوَاتِ وَالْأَرْضِ

## ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവൻ.

﴿بَدِيعُ السَّمَوَاتِ وَالْأَرْضِ﴾ [البقرة: ١١٧]
(ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ) (അൽബഖറ: 117).

മുൻമാതൃക കൂടാതെ സൃഷ്ടിക്കാൻ അല്ലാഹുവിന് മാത്രമെ കഴിയൂ, അതവന്റെ നാമത്തിൽ പെട്ടതാണ്. ആകാശങ്ങളേയും, ഭൂമിയേയും മാതൃക കൂടാതെ സൃഷ്ടിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് കഴിയുക. ആകാശങ്ങളുടേയും ഭൂമിയുടേയും സങ്കീർണതയും, സംവിധാനവും എത്ര ഉന്നതവും ഉദാത്തവുമാണെന്ന് അതിനെ സംബന്ധിച്ച് പഠിച്ചാൽ മനസിലാകും അങ്ങിനെയുള്ളവയെ മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനാണ് അല്ലാഹു.

## نُورُ السَّمَوَاتِ وَالْأَرْضِ

## ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശം.

﴿اللَّهُ نُورُ السَّمَوَاتِ وَالْأَرْضِ﴾ [النور: ٣٥]
(അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു) (നൂർ: 35).

ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായത്തിൽ ഇത് അല്ലാഹുവിന്റെ വിശേഷണമാണ്, നാമമല്ലായെന്നാണ്. ആകാശങ്ങൾക്കും, ഭൂമിക്കും, അതിലുള്ളവക്കും മുഴുവനാ

യി സൻമാർഗം കാണിച്ച് കൊടുക്കുന്നവനാണ് അല്ലാഹു. അവന്റെ സൻമാർഗവും, അവനിലുള്ള വിശ്വാസവും നൽകി വിശ്വാസികളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചവനാണ് അല്ലാഹു. അവൻ നൂറിനെ സ്വയം തന്നെ അവനിലേക്ക് ചേർത്തിപ്പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَأَشْرَقَتِ الْأَرْضُ بِنُورِ رَبِّهَا﴾ [الزمر: ٦٩]

(ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭകൊ ് പ്രകാശിക്കുകയും ചെയ്യും) (സുമർ: 69)

﴿مَثَلُ نُورِهِ﴾

(അവന്റെ പ്രകാശത്തിന്റെ ഉപമ) (അന്നൂർ; 35)

## ذِي الْجَلَالِ وَالْإِكْرَامِ

## മഹത്വവും ഔദാര്യവുമുള്ളവൻ

﴿تَبَارَكَ اسْمُ رَبِّكَ ذِي الْجَلَالِ وَالْإِكْرَامِ﴾ [الرحمن: ٧٨]

(മഹത്വവും ഔദാര്യവും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ നാമം ഉൽകൃഷ്ടമായിരിക്കുന്നു) (അർറഹ്മാൻ: 78).

അല്ലാഹു ഉന്നതനും,മഹത്വമുള്ളവനുമാണ്, ഔദാര്യമെന്നത് ഉന്നതമായ ഒരു കാര്യമാണ്, الجلال എന്നത് അല്ലാഹുവിന്റെ നാമമാണ്, അവന് മാത്രമെ അത് ഉപയോഗിക്കൂ. അ

ല്ലാഹുവിന്റെ ഔദാര്യത്തിലാണ് മുഴുവൻ സൃഷ്ടികളും ഇവിടെ കഴിഞ്ഞ് കൂടുന്നത്. അവന്റെ അനുഗ്രഹങ്ങൾ മുഴുവനും അനുഭവിച്ചും, ആസ്വദിച്ചും ജീവിക്കുന്ന അധിക മനുഷ്യരും അവന്റെ നിയമങ്ങൾ ധിക്കരിച്ച് കൊ ാണ് ഈ ഭൂമിയിൽ ജീവിക്കുന്നത്. മനുഷ്യൻ ചെയ്യുന്ന പാപങ്ങൾക്കെല്ലാം അല്ലാഹു ശിക്ഷ നൽകുകയാണെങ്കിൽ ഒരു മനുഷ്യനും ഇവിടെ ജീവിക്കാൻ കഴിയില്ല. അത്രമാത്രം നന്ദി കെട്ടവരാണ് മനുഷ്യർ. എന്നിട്ടും അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ വിശാലമായി നിൽകുന്നു, എങ്കിൽ അല്ലാഹുവിന്റെ ഔദാര്യം എത്ര വിശാലമാണെന്ന് നാം മനസിലാക്കുക.

## مَالِكَ الْمُلْكِ

## ആധിപത്യത്തിന്റെ ഉടമസ്ഥൻ.

﴿قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَنْ تَشَاءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَاءُ﴾[آل عمران: ٢٦]

(പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തു നീക്കുകയും ചെയ്യുന്നു) (ആലു ഇംറാൻ: 26).

ആധിപത്യത്തിന്റെ ഉടമസ്ഥൻ എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണ്. അവൻ മുഴുവൻ രാജക്കന്മാരുടെയും ഉടമസ്ഥനും രാജാവുമാണ്, അവന് മുകളിൽ മറ്റൊരു

രാജാവില്ല, ഉ ാവാൻ പാടുമുള്ളതല്ല. ആകാശ ഭൂമികളും, അതിലുള്ള മുഴുവൻ ഖജനാവുകളും എല്ലാം അല്ലാഹുവിൻെറ അധീനതയിലാണ്. നന്മകൾ മുഴുവനും അല്ലാഹുവിന്റെ കരങ്ങളിലാണ്, അവൻ ഉദ്ദേശിക്കുന്നവർക്ക്, ഉദ്ദേശിക്കുന്ന രൂപത്തിൽ ഉപജീവനം നൽകുന്നവനാണവൻ.അവന്റെ ആധിപത്യം അവൻ ആരിൽനിന്നെങ്കിലും പിടിച്ചെടുത്തതോ,നേടിയെടുത്തതോ അല്ല, അവന്റെ ആധിപത്യം ആർക്കെങ്കിലും തട്ടിയെടുക്കാനോ, ഇല്ലായ്മ ചെയ്യാനോ സാധ്യമല്ല തന്നെ.ഒരാളുടെ ആധിപത്യത്തോടും ഉപമിക്കാൻ കഴിയാത്ത സർവ്വാധിപതിയാണ് അല്ലാഹു.

## الْمَلِيكُ

## രാജാവ്.

﴿فِي مَقْعَدِ صِدْقٍ عِنْدَ مَلِيكٍ مُقْتَدِرٍ﴾ [القمر: ٥٥]

(സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ) (അൽ ഖമർ: 55).

അല്ലാഹുവിന്റെ നാമത്തിൽ പെട്ടതാണ് രാജാവ് എന്നത്. എന്നാൽ ഐഹിക ലോകത്ത് മനുഷ്യരായ രാജാക്കൻമാരെ പോലെയുള്ളവനല്ല അല്ലാഹു, മറിച്ച് ഒരാൾക്കും സങ്കൽപിക്കാനോ, രൂപപ്പെടുത്തുവാനോ സാധിക്കാത്ത രൂപത്തിൽ രാജാക്കൻമാരുടെയെല്ലാം രാജാവാണ് അല്ലാഹു.അവന്റെ സൃഷ്ടികളുടെ മുഴുവൻ കാര്യങ്ങളുംഅവൻ ഉദ്ധേശിക്കുന്ന രൂപത്തിൽ കൈകാര്യം ചെയ്യാൻ കഴിവുള്ളവനാണ

വൻ.അവന്റെ സൃഷ്ടികളെ സംബന്ധിച്ച് ആരെങ്കിലും അവന് പരിചയപ്പെടുത്തി കൊടുക്കേ ആവശ്യമില്ല. സൃഷ്ടികളെക്കാൾ കൂടുതൽ അവരെ സംബന്ധിച്ച് അറിയുന്നവൻ അവരുടെ രാജാവായ അല്ലാഹുവിനാണ്.

## الْمَلِكُ
## രാജാവ്

﴿فَتَعَالَى اللَّهُ الْمَلِكُ الْحَقُّ لَا إِلَهَ إِلَّا هُوَ رَبُّ الْعَرْشِ الْكَرِيمِ﴾ [المؤمنون: ١١٦]
(എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ) (അൽ മുഅ്മിനൂൻ: 116).

അല്ലാഹുവിന്റെ ആധിപത്യവും, അധികാരവും മഹത്വരവും പ്രതാപമുള്ളതുമാണ്. അല്ലാഹുവിന്റെ സൃഷ്ടികളിൽ പെട്ട മനുഷ്യർക്ക് ഏതെങ്കിലും കാര്യത്തിന്റെ അധികാരമു േ ാ? എല്ലാം അല്ലാഹുവിന്റെ അധികാരത്തിലല്ലേ.ഖുർആൻ ചോദിക്കുന്ന ഒരു ചോദ്യമു ല്ലോ,അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർക്ക് സ്വയം എന്തെങ്കിലും ഉപകാരമോ, ഉപദ്രവമോ ചെയ്യാൻ കഴിയുമോ, അവർക്ക് ഒരു കാരക്കയുടെ മുകളിലുള്ള നിസ്സാരമായ വെളുത്ത ഒരു പാടപോലും ഉടമപ്പെടുത്താൻ കഴിയുമോ? ഒരിക്കലും കഴിയില്ല. അതുകൊ ് തന്നെ المَلِك ആയ അല്ലാഹുവിനെ

യല്ലാതെ മറ്റാരേയും ആരാധിക്കാൻ പാടില്ലായെന്ന് കൃത്യ മായി മനുഷ്യരെ ഖുർആൻ പഠിപ്പിക്കുന്നു .

## الْقُدُّوسُ
## പരമപരിശുദ്ധൻ

﴿هُوَ اللَّهُ الَّذِي لا إِلَهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ﴾ [الحشر: ٢٣]
(താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും) (അൽ ഹശ്ർ: 23)

അല്ലാഹു പരമ പരിശുദ്ധനാണ്,എല്ലാ പോരായ്മകളിൽ നിന്നും മുക്തനാണവൻ.സൃഷ്ടികളെ ബാധിക്കുന്ന ഒരു ന്യൂനതകളും സൃഷ്ടാവായ അല്ലാഹുവിനെ ബാധിക്കുകയില്ല.ഉറക്കമോ, മയക്കമോ, രോഗമോ, വിശപ്പോ, മരണമോ, നാശമോ പോലെയുള്ള ഒരു ന്യൂനതകളും അവനെ ബാധിക്കുകയില്ല. ഇവയിൽ നിന്നെല്ലാം പരമപരിശുദ്ധനാണവൻ. അല്ലാഹുവിനെ വാഴ്ത്തുകയും, സ്തുതിക്കുകയും ചെയ്യുകയെന്നത് കൊ ുള്ള വിവക്ഷ എല്ലാ പോരായമകളിൽ നിന്നും, ന്യൂനതകളിൽ നിന്നും പരിശുദ്ധപ്പെടുത്തുകയെന്നതാണ്. അല്ലാഹു സ്വയം തന്നെ പരിശുദ്ധനാണ്. ലോകത്തുള്ള ആരും അവനെ വാഴ്ത്തിയില്ലെങ്കിലും, പരിശുദ്ധപ്പെടുത്തിയില്ലെങ്കിലും ശരി അവൻ പരമ പരിശുദ്ധനാണ്, ന്യൂനതകളിൽ നിന്നും പോരായ്മകളിൽ നിന്നും മുക്തനാണ്. മുഴുവൻ സൃഷ്ടികളും, മനുഷ്യരിൽ ചിലയാളുകളും അവനെ വാഴ്ത്തിക്കൊ ിരിക്കുന്നു.അല്ലാഹുവിനെ വാഴ്ത്തുന്നവരിൽ

കല്ലുകളും,മരങ്ങളും, മനുഷ്യരും, മലക്കുകളും,മൃഗങ്ങളും, ജിന്നുകളും, ജീവികളും, ആകാശവും, ഭൂമിയും എല്ലാം ഉ ്. പക്ഷേ, അവരുടെ തസ്ബീഹുകൾ മനുഷ്യരായ നമുക്ക് മനസിലാക്കാൻ സാധ്യമല്ലെന്ന് മാത്രം.

## السَّلاَمُ
## അന്യൂനൻ

﴿هُوَ اللهُ الَّذِي لا إِلَهَ إِلّا هُوَ الْمَلِكُ الْقُدّوسُ السّلامُ﴾ [الحشر: ٢٣]

(താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും അന്യൂനനനും) (അൽ ഹശ്ർ: 23)

അല്ലാഹു സുരക്ഷിതനാണ്,എല്ലാ പോരായമകളിൽ നിന്നും,ന്യൂനതകളിൽ നിന്നും മുക്തനാണ്. അല്ലാഹുവിന്റെ ഉന്നതിക്കും മഹത്വത്തിനും കോട്ടം തട്ടുന്ന മുഴുവൻ പോരായ്മകളിൽ നിന്നും സുരക്ഷിതനാണവൻ. ഉൺമയിലും, വിശേഷണങ്ങളിലും, പ്രവർത്തനങ്ങളിലും ഒരു ന്യൂനതയുമില്ലാത്ത സമ്പൂർണനാണ് അല്ലാഹു. എല്ലാ പോരായ്മകളിൽ നിന്നും മുക്തമായ ഉൺമയും,എല്ലാ ന്യൂനതകളിൽ നിന്നും മുക്തമായ വിശേഷണങ്ങളും,മുഴുവൻ പോരയ്മകളിൽ നിന്നും, ഉപദ്രവങ്ങളിൽ നിന്നും, അക്രമത്തിൽ നിന്നും സുരക്ഷിതമായ പ്രവർത്തനങ്ങളുമുള്ളവനാണ് അല്ലാഹു.കൂട്ടുകാരിയോ, സന്താനങ്ങളോ ഇല്ലാത്ത സുരക്ഷിതനാണവൻ, സമമായവനോ, തുല്ല്യനോ, പേരൊത്തവനോ ഇല്ലാത്ത സു

രക്ഷിതനാണ് അല്ലാഹു, പങ്കാളിയോ, പകരക്കാരനോയില്ലാത്ത സുരക്ഷിതനാണ് അല്ലാഹു.

## الْمُؤمِنُ

## നിർഭയത്വം നൽകുന്നവൻ

﴿هُوَ اللّهُ الَّذِي لا إِلَهَ إِلّا هُوَ الْمَلِكُ الْقُدُّوسُ السّلامُ الْمُؤمِن﴾ [الحشر: ٢٣] (താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും) (അൽ ഹശ്ർ: 23)

അല്ലാഹു നിർഭയത്വം നൽകുന്നവനാണ്, അതായത് അവന്റെ സൃഷ്ടികൾക്ക് അനീതിയിൽ നിന്നും അക്രമത്തിൽ നിന്നും നിർഭയത്വം നൽകുന്നവൻ എന്നർത്ഥം. അതു പോലെ അല്ലാഹുവിന്റെ പ്രവാചകൻമാർ കൊ ുവന്ന വ്യക്തമായ തെളിവുകളിലും,ദൃഷ്ടാന്തങ്ങളിലും വിശ്വസിച്ച വിശ്വാസികൾക്ക് അല്ലാഹു നൽകിയ വാഗ്ദത്തമായ വിജയവും, സഹായവും, പ്രതിഫലവും നൽകി നിർഭയം നൽകുകയെന്നതും ഇതിന്റെ വിവക്ഷയിൽ പെട്ടത് തന്നെയാണ്. المؤمن എന്നതിന് ഭാഷയിൽ ര ് അർത്ഥമു ്. **ഒന്ന്:** സത്യപ്പെടുത്തുകയെന്നത്. അതാണ് ഖുർആൻ പറയുന്നത്:

﴿وَمَا أَنْتَ بِمُؤْمِنٍ لَنَا﴾ [يوسف: ١٧]

(ഞങ്ങൾ (സത്യം പറയുന്നവരാണെങ്കിൽപോലും) താങ്കൾ ഞങ്ങളെ വിശ്വസിക്കുകയില്ലല്ലോ) (യൂസുഫ്: 17).

**ര ാമത്തെ അർത്ഥം:** നിർഭയത്വം നൽകുക. അല്ലാഹു പറയുന്നു:

﴿وَآمَنَهُمْ مِنْ خَوْفٍ﴾ [قريش: ٤].

(ഭയത്തിന് പകരം സമാധാനം നൽകുകയും ചെയ്തവനെ) (ഖുറൈശ്: 4).

## الْمُهَيْمِنُ
## മേൽനോട്ടം വഹിക്കുന്നവൻ

﴿هُوَ اللَّهُ الَّذِي لا إِلَهَ إِلّا هُوَ الْمَلِكُ الْقُدُّوسُ السّلامُ الْمُؤمِن الْمُهَيْمِنُ﴾

[الحشر: ٢٣]

(താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമ പരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും) (അൽ ഹശ്ർ: 23)

المهيمن എന്നാൽ ഗോപ്യമായതിനെയും, ഹൃദയങ്ങളിൽ അങ്കുരിക്കുന്നവയേയും കൃത്യമായി അറിയുന്നവൻ, എല്ലാറ്റിനെ സംബന്ധിച്ചും വ്യക്തമായ അറിവുള്ളവൻ, സൃഷ്ടികളുടെ പ്രവർത്തനങ്ങൾക്കെല്ലാം സാക്ഷിയാകുന്നവൻ, സൃ

ഷ്ടികളിൽ നിന്നു ാവുന്ന വാക്കുകളെയും, പ്രവർത്തന ങ്ങളെയും നീരിക്ഷിക്കുന്നവൻ, അവരുടെ ഒരു പ്രവർത്തന വും അവനിൽ നിന്ന് മറച്ചു വെക്കാൻ സാധ്യമല്ല, ആകാശ ഭൂമികളിൽ ഒരു അണുപോലും അവന്റെ ദൃഷ്ടിയിൽ പെടാ തിരിക്കില്ല എന്നെല്ലാമാണ് ഈ നാമത്തിൽ ഉൾകൊ ിരി ക്കുന്ന ആശയം. അതുപോലെ കാര്യങ്ങളെ ശരിയാ വണ്ണം നിയന്ത്രിക്കുകയും, പരിപാലിക്കുകയും ചെയ്യുന്നവനാണ് മേൽനോട്ടം വഹിക്കുന്ന അല്ലാഹു.

## الْعَزِيزُ
## പ്രതാപവാൻ.

﴿لَا إِلَٰهَ إِلَّا هُوَ الْعَزِيزُ الْحَكِيمُ﴾[آل عمران: ٦]

(അവനല്ലാതെ ഒരു ആരാധനക്കർഹനില്ല. അവൻ പ്രതാപി യും യുക്തിമാനുമത്രെ) (അലു ഇംറാൻ:6).

പ്രതാപത്തിന്റെ മുഴുവൻ ആശയവും ഉൾകൊള്ളുന്ന പ്രതാപവാനായ അല്ലാഹു. അതാണ് അല്ലാഹു പറയുന്നത്:

فَإِنَّ العِزَّةَ لِلَّه جَمِيعًا {النساء/١٣٩}

(എന്നാൽ തീർച്ചയായും പ്രതാപം മുഴുവൻ അല്ലാഹുവി ന്റെ അധീനത്തിലാകുന്നു) (നിസാഅ് :139).

ഈ നാമം മൂന്ന് ആശയങ്ങൾക്കായി പ്രയോഗിക്കാറു ്, ഈ മൂന്ന് ആശയവും അല്ലാഹുവിന്റെ പരിപൂർണത ക്കും, മഹത്വത്തിനും യോജിച്ചതാണ്.

1- ശക്തിയുടെ പ്രതാപം. ഇതാണ് القويُّ المتين (ശക്തനും, പ്രബലനും) എന്ന നാമങ്ങളിൽ ഉൾകൊള്ളുന്നത്. ഇത് അല്ലാഹുവിന്റെ ഉന്നതമായ വിശേഷണമാണ്,സൃഷ്ടികളുടെ കഴിവ് ഒരിക്കലും അല്ലാഹുവിലേക്ക് ചേർക്കപ്പെടുകയില്ല.

2- പ്രതിരോധത്തിന്റെ പ്രതാപം. തീർച്ചയായും അല്ലാഹു സ്വയം തന്നെ ഐശ്വര്യവാനാണ്, അവന് ആരുടേയും ആവശ്യമില്ല. അടിമകളുടെ ഉപദ്രവമോ, ഉപകാരമോ അവനിലേക്ക് എത്തുകയില്ല, എത്തുമെങ്കിലല്ലേ ചെയ്തിട്ട് കാര്യമൊള്ളൂ, അതു കൊ ് തന്നെ അതിന് സാധ്യമല്ല. ഉപകാരോ ഉപദ്രവങ്ങളും, നൽകലും തടയലും അവനാണ്. ആർക്കും അവനെ അതിജയിക്കാനോ, കീഴ്പ്പെടുത്താനോ സാധ്യമല്ല. അവന്റെ മഹത്വത്തിനും, ഉന്നതിക്കും യോജിക്കാത്ത മുഴുവൻ ന്യൂനതകളിൽ നിന്നും, പോരായ്മകളിൽ നിന്നും അവൻ പരിശുദ്ധനും, അവന്റെ സമ്പൂർണമായ ഉന്നതിക്ക് ഭംഗം വരുന്ന സമന്മാരെയും,പങ്കാളികളെയും ഉ ാക്കുന്നതിൽ നിന്നും അവൻ പരിശുദ്ധനാണ്. അല്ലാഹു പറയുന്നു:

سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُونَ {الصافات/١٨٠}

(പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധൻ!) (സ്വാഫ്ഫാത്ത്: 180)

3- മുഴുവൻ സൃഷ്ടികളെയും അതിജയിക്കുന്നതിന്റയും, കീഴ്പ്പെടുത്തലിന്റെയും പ്രതാപം. സൃഷ്ടികൾ മുഴുവനും അ

ല്ലാഹുവിന്റെ അധീനതയിലും, അവന് കീഴിലും അവന്റെ ഉദ്ദേശങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.മുഴുവൻ സൃഷ്ടികളുടെയും നിയന്ത്രണം അല്ലാഹുവിന്റെ കൈകളിലാണ്. സൃഷ്ടികളുടെ ചലനവും, പ്രവർത്തനങ്ങളുമെല്ലാം അല്ലാഹുവിന്റെ കഴിവുകൊ ുും, അനുവാദത്തോടെയുമാണ് ഉ ാകുന്നത്, അവൻ ഉദ്ദേശിക്കുന്നത് ഉ ാവുകയും, ഉദ്ദേശിക്കാത്തത് ഉ ാവാതിരിക്കുകയും ചെയ്യുന്നു. യാതൊരു ശക്തിയും, കഴിവും അല്ലാഹുവിനെ കൊ ല്ലാതെ ഇല്ല.

## الْجَبَّارُ

## പരമാധികാരമുള്ളവൻ.

﴿هُوَ اللَّهُ الَّذِي لَا إِلَهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ السَّلَامُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ﴾ [الحشر: ٢٣]

(താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമ പരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ.അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!) (അൽ ഹശ്ർ: 23)

الجبار (പരമാധികാരമുള്ളവൻ) എന്നതിന് മൂന്ന് ആശയങ്ങളു ്.

1- സർവ്വാതിപധിയാണ് അല്ലാഹു എന്നതാണ് ഒരു അർത്ഥം. പരമ പരിശുദ്ധനായ അല്ലാഹു എല്ലാറ്റിന്റെയും സർവ്വാധിപധിയാണ്. ഈ പ്രപഞ്ചവും, അതിലുള്ള മുഴുവനും അവനുവേ ി സമർപ്പിക്കുകയും, കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു.ഉപരിയിലെ ലോകവും, ഭൂമിയും അതിലുള്ള ചെറുതും വലിയതുമായ മുഴുവൻ സൃഷ്ടികളുടെയും ചലനങ്ങളും,നിശ്ചലതകളും അവന് പരിപൂർണമായി കീഴൊതുങ്ങിക്കൊ ാണ് മുന്നോട്ട് പോയികൊ ിരിക്കുന്നത്. എല്ലാം അല്ലാഹുവിന്റെ കൽപനകൾക്ക് വിധേയമാണ്, എല്ലാ കാര്യങ്ങളും അവനാണ് നിയന്ത്രിക്കുന്നത്. ശറഇയായ വിധികളും,വിധിനിർണ്ണയവും, പ്രതിഫലം നൽകലുമെല്ലാം അവനാണ്, അവനല്ലാതെ മറ്റൊരു വിധികർത്താവില്ല, അവനല്ലാതെ ഒരു റബ്ബുമില്ല, അവനല്ലാതെ ആരാധനക്കർഹനായി ആരുമില്ല.

2- അനുകമ്പയുടെയും, കരുണയുടെയും, ദയയുടെയും അധിപൻ എന്ന ആശയമാണ് ര ാമത്തേത്. അല്ലാഹുവാണ് ന്യൂനതകൾ ഇല്ലായ്മ ചെയ്യുന്നത്, ദരിദ്രന്റെ ദാരിദ്ര്യം നീക്കുന്നതും, പ്രയാസപ്പെടുന്നവന്റെ പ്രയാസം ദൂരീകരിക്കുന്നതും,രോഗിക്കും,പരീക്ഷിക്കപ്പെട്ടവനും ക്ഷമിക്കാനും, പ്രയാസങ്ങൾ നീങ്ങി ആഫിയത്തും, എളുപ്പവും നൽകുന്നതും അവനാണ്. ആ പ്രയാസങ്ങൾക്ക് പകരമായി വർദ്ധിച്ച പ്രതിഫലം നൽകുന്നതും അവൻ തന്നെ.അല്ലാഹുവിന്റെ മ

ഹത്വത്തിനും ഉന്നതിക്കും കീഴ്പ്പെടുകയും, അവന്റെ അനുഗ്രഹങ്ങളും, പുണ്യങ്ങളും പ്രതീക്ഷിക്കുകയും ചെയ്യുന്നവർക്ക് നിർബ്ബന്ധമായും ന്യൂനതകൾ പരിഹരിക്കപ്പെടുന്നു.എന്റെ ന്യൂനതകൾ പരിഹരിക്കേണമേയെന്ന് ഒരാൾ പ്രാർത്ഥിക്കുമ്പോൾ ഉദ്ധേശിക്കപ്പെടുന്നത് അല്ലാഹുവെ, എന്നെ എല്ലാ ഉപദ്രവങ്ങളിൽ നിന്നും,കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടുത്തി എന്റെ അവസ്ഥ നന്നാക്കേണമേയെന്നാണ്. അതാണ് നമ്മൾ നിസ്കാരത്തിലെ ര ് സുജൂദിനിടയിലുള്ള ഇരുത്തത്തിൽ പ്രാർത്ഥിക്കുന്നത്.

3– എല്ലാറ്റിനേക്കാളും ഉന്നതൻ എന്ന ആശയമാണ് മൂന്നാമത്തേത്. ഉൺമയിലും, കഴിവിലും,ആധിപത്യത്തിലും എല്ലാം ഉന്നതിയിലാണ് അവൻ എന്ന ഉന്നതിയുടെ മുഴുവൻ ആശയങ്ങളും ഉൾകൊള്ളുന്നതാണത്.

പരമാധികാരം അല്ലാഹുവിന് മാത്രമാണ്, സൃഷ്ടികളിൽ ആരെങ്കിലും പരമാധികാരിയാണെന്ന് വാദിക്കുകയാണെങ്കിൽ സൃഷ്ടാവിന്റെ കോപത്തിനവൻ പാത്രമായി തീരുകയും, അവന്റെ താക്കീതിന് അർഹമായി തീരുകയും ചെയ്യുന്നതാണ്. അങ്ങിനെയുള്ള പരമാധികാരിയാണെന്ന വാദവുമായിട്ടാണ് ഐഹിക ജീവിതത്തിൽ നിന്ന് വിടപറയുന്നതെങ്കിൽ അവന് പാരത്രിക ലോകത്ത് നരകമായിരിക്കും വാസസ്ഥലം. അതാണ് ഖുർആൻ പറയുന്നത്:

(الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ كَبُرَ مَقْتًا عِنْدَ اللَّهِ وَعِنْدَ الَّذِينَ آمَنُوا كَذَلِكَ يَطْبَعُ اللَّهُ عَلَى كُلِّ قَلْبِ مُتَكَبِّرٍ جَبَّارٍ) {غافر/٣٥}

(അതായത് തങ്ങൾക്ക് യാതൊരു ആധികാരിക പ്രമാണവും വന്നു കിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവരെ. അത് അല്ലാഹുവിന്റെ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും വലിയ കോപ ഹേതുവായിരിക്കുന്നു.അപ്രകാരം അഹങ്കാരികളും ഗർവ്വിഷ്ഠരും ആയിട്ടുള്ളവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു) (ഗാഫിർ:35).

## الْمُتَكَبِّرُ

## മഹത്വമുള്ളവൻ

﴿هُوَ اللَّهُ الَّذِي لَا إِلَٰهَ إِلَّا هُوَ الْمَلِكُ الْقُدُّوسُ السَّلَامُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ﴾ [الحشر: ٢٣]

(താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമ പരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ.അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!) (ഹശ്ർ: 23)

المتكبر എന്ന നാമം അല്ലാഹുവിന്റെ വിശേഷണത്തിൽ പെട്ടമഹത്വവും, ഉന്നതിയുമാണ്  വ്യക്തമാക്കുന്നത്.والكبرياء

എന്നത് അല്ലാഹുവിനല്ലാതെ മറ്റാർക്കും യോജിക്കുകയില്ല. എല്ലാ തിൻമകളിൽ നിന്നും പരിശുദ്ധൻ അവൻ മാത്രമാണ്. അതുപോലെ അടിമകളുടെ അക്രമത്തിൽ നിന്ന് സുരക്ഷിതനായിട്ടുള്ളത് സൃഷ്ടാവായ അല്ലാഹു മാത്രമാണ്. അതുപോലെ തന്നെ സർവ്വ തിൻമകളിൽ നിന്നും, ചീത്ത കാര്യങ്ങളിൽ നിന്നും പരമ പരിശുദ്ധനായിട്ടുള്ളത് അവൻ മാത്രമാണ്, അവനിൽ നിന്ന് നന്മകളല്ലാതെ യാതൊന്നും വരുകയില്ല.ഇതെല്ലാം തന്നെ സൂചിപ്പിക്കുന്നത് അല്ലാഹു സൃഷ്ടികളുടെ മുഴുവൻ വിശേഷണങ്ങളിൽ നിന്നും പരിശുദ്ധനാണ് എന്നാണ്. യാതൊരു ന്യൂനതയോ, പോരായ്മകളോ,കുറവുകളോ ഇല്ലാത്ത സമ്പൂർണനും, ഉന്നതനും, മഹത്വമുള്ളവനുമാണ് അവൻ.ഇതെല്ലാം തന്നെ അല്ലാഹുവിന്റെ നാമങ്ങളും, വിശേഷണങ്ങളും, പ്രവർത്തനങ്ങളും പരിപൂർണതയുള്ളതാണ് എന്ന കാര്യമാണ് വ്യക്തമാക്കുന്നത്.

## الْخَلَّاقُ

## എല്ലാം സൃഷ്ടിക്കുന്നവൻ.

﴿إِنَّ رَبَّكَ هُوَ الْخَلَّاقُ الْعَلِيمُ﴾ [الحجر: ٨٦]

(തീർച്ചയായും നിന്റെ രക്ഷിതാവ് എല്ലാം സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു) (ഹിജ്റ്: 86).

എല്ലാം സൃഷ്ടിച്ചവനാണ് അല്ലാഹു. മുൻ മാതൃകയില്ലാതെ ആകാശങ്ങളെയും, ഭൂമിയേയും, അതിലുള്ളവയേയും വളരെ വ്യവസ്ഥാപിതമായി കൃത്യവും,നിയതവുമായ രീതി

യിൽ ഓരോന്നിനും യോജിക്കുന്ന രൂപത്തിൽ സൃഷ്ടിച്ചവൻ അല്ലാഹുവാണ്. അങ്ങിനെ സൃഷ്ടിച്ചവന് ര ാമത് സൃഷ്ടിക്കാൻ ഒരു പ്രയാസവുമു ാവില്ല. സൃഷ്ടികൾക്ക് ഒരു ജീവിയേയും സൃഷ്ടിക്കാൻ സാധ്യമല്ല. നിസ്സാരമായി നാം കാണുന്ന ഒരു ഈച്ചയെ പോലും.സൃഷ്ടിക്കുകയെന്നത് അല്ലാഹുവിൽ മാത്രം നി ക്ഷിപ്തമാണ്. അത് അല്ലാഹുവിന്റെ നാമമാണ്. അതു കൊ ് തന്നെ സൃഷ്ടികൾ സൃഷ്ടാവിനെയാണ് ആരാധിക്കേ ത്, സൃഷ്ടികളേയല്ല.

## الْخَالِقُ
## സൃഷ്ടാവ്.

﴿هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ﴾ [الحشر: ٢٤]
(സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ) (അൽഹശ്ർ: 24).

ഉന്നതമായ സൃഷ്ടിപ്പ് നടത്തുന്നവൻ അല്ലാഹുവാണ്. ഒരു മാതൃകയും, രൂപവുമില്ലാതെ മുഴുവൻ സൃഷ്ടികളെയും സൃഷ്ടിച്ചവനാണ് അല്ലാഹു.നമ്മുടെ കണ്ണുകൾ കൊ ് കാണാൻ കഴിയുന്നതും, കഴിയാത്തതുമായ കോടിക്കണക്കിന് സൃഷ്ടികളു ് ഈ പ്രപഞ്ചത്തിൽ. ആകാശങ്ങളിൽ വസിച്ചു കൊ ിരിക്കുന്ന ജീവികൾ, അതിൽ എന്തു കൊ ും ശ്രേഷ്ടരാണല്ലോ മലക്കുകൾ. ആ മലക്കുകളുടെ ആധിക്യവും, രൂപവും ഹദീഥുകൾ പഠിപ്പിച്ച് തരുന്നത് മനസിലാക്കിയാൽ വല്ലാത്ത ഒരു സൃഷ്ടിപ്പ് തന്നെ അതെന്ന് നാം ചിന്തി

ച്ചുപോകും. അത്ര മാത്രം ഉന്നതമാണ് മലക്കുകളുടെ സൃഷ്ടിപ്പ്. കടലിന്റെ ആഴിയിലൂടെ സഞ്ചരിച്ച് നോക്കൂ, നമ്മുടെ സൃഷ്ടാവ് മഹാൻ! തന്നെയെന്ന് നാം അറിയാതെ പറഞ്ഞു പോകുമാറ് ഉദാത്തവും, ഉന്നതവും, ഭംഗിയുമുള്ള ധാരാളം കടൽ ജീവികൾ... ഇങ്ങനെ നാം ചിന്തിക്കുമ്പോൾ ആർക്കാണ് അല്ലാഹുവിന്റെ അസ്ഥിത്വത്തെ നിഷേധിക്കാൻ സാധിക്കുക. ഒരാൾക്കും സാധ്യമല്ല തന്നെ. അതു കൊ ് ഇവയെല്ലാം സൃഷ്ടിച്ച അല്ലാഹുവിന് ആരാധനകൾ സമർപ്പിക്കൂ,, അവനെ മാത്രം ആരാധ്യനായി കാണൂ, ഇതാണ് ഈ നാമം നമുക്ക് വ്യക്തമാക്കി തരുന്നത്.

## الْبَارِئُ
## നിർമാതാവ്.

﴿هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ﴾ [الحشر: ٢٤]

(സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ) (അൽഹശ്ർ:24).

البارئ എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്,അല്ലാഹുവിന്റെ കൃത്യമായ അറിവിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ഥവും, വൈവിധ്യവുമായ സൃഷ്ടികളെ ഉ ാക്കിയവൻ, നിർമ്മിച്ചവൻ എന്നതാണ് ഇതിന്റെ ആശയം. അതാണ് അല്ലാഹു വ്യക്തമാക്കുന്നത്:

﴿مَا أَصَابَ مِنْ مُصِيبَةٍ فِي الْأَرْضِ وَلَا فِي أَنْفُسِكُمْ إِلَّا فِي كِتَابٍ مِنْ قَبْلِ أَنْ نَبْرَأَهَا إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ﴾ [الحديد: ٢٢]

(ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയു ായിട്ടില്ല; അതിനെ നാം ഉ ാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടു കഴിഞ്ഞതായിട്ടല്ലാതെ.തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു) (ഹദീദ്: 22).

ഇല്ലായ്മയിൽ നിന്ന് സൃഷ്ടികളെ നിർമ്മിച്ചവൻ അല്ലാഹുവാണ്, എന്താണ് ഉ ാവാൻ പോകുന്നതെന്ന് ഉ ാവുന്നതിന് മുമ്പേ അവൻ അറിയുന്നവനാണ്. അങ്ങിനെയുള്ള നിർമ്മാതാവ് ഉന്നതനാകുന്നു.

അതുപോലെ തന്നെ അല്ലാഹു മുഴുവൻ സൃഷ്ടികളെയും കൃത്യമായ രൂപത്തിലും, ആകൃതിയിലുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഓരോ സൃഷ്ടികൾക്കും തികച്ചും വ്യത്യസ്ഥമായ രൂപമാണുള്ളത്. ഒന്നിന്റെയും ആവശ്യം കൂടാതെ തന്നെ വെള്ളത്തെയും, മണ്ണിനെയും,തീയേയും, വായുവിനെയും ഉ ാക്കുകയും നിർമ്മിക്കുകയും ചെയ്തു. പിന്നീടതിൽ നിന്ന് വ്യത്യസ്ഥമായ ശരീരങ്ങളെ ഉ ാക്കുകയു ായി. അതാണ് അല്ലാഹു പറയുന്നത്:

﴿إِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي خَالِقٌ بَشَرًا مِنْ طِينٍ﴾ [ص: ٧١].

(നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം:തീർച്ച യായും ഞാൻ കളിമണ്ണിൽ നിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകുകയാണ്.) (സ്വാദ്: 71)

الْبَرِيَّةُ എന്ന് പറഞ്ഞാൽ സൃഷ്ടികൾ എന്നാണ് അതിന്റെ ആശയം. ഖുർആൻ പറയുന്നത് കാണുക:

﴿إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُولَئِكَ هُمْ خَيْرُ الْبَرِيَّةِ﴾ [البينة: ٧].

(തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർതന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ) (ബയ്യിന: 7).

(الخالق، البارئ، المصور) എന്നീ മൂന്ന് നാമങ്ങളും ഒരു ആയത്തിൽ ഒരുമിച്ച് വന്നിരിക്കുന്നു. ഈ മൂന്ന് നാമങ്ങൾക്കും വ്യത്യസ്ഥ അർത്ഥമാണുള്ളത്.

1- الخالق എന്നാൽ എല്ലാ സൃഷ്ടികളെയും സൃഷ്ടിക്കുകയും, അവയുടെ കാര്യങ്ങൾ നിർണ്ണയിക്കുകയും ചെയ്തുവെന്നതാണ്. الخالق എന്ന നാമത്തിന്റെ വിശദീകരണമാണ് البارئ، المصور എന്നീ ര ് നാമങ്ങളും.

2- البارئ എന്നാൽ ഇല്ലായ്മയിൽ നിന്നും ഉ ാക്കുക, അതായത് നിർണ്ണയം കൂടാതെയുള്ള ഉ ാക്കലാണ് ഇതുകൊ ുദ്ദേശിക്കുന്നത്.

3- المصور ഓരോ സൃഷ്ടികൾക്കും കൃത്യമായി രൂപം നൽകുകയെന്നതാണ് ഇതുകൊ ുള്ള വിവക്ഷ.

# الْمُصَوِّرُ

## രൂപം നൽകുന്നവൻ.

﴿هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ﴾ [الحشر: ٢٤]
(സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ) (അൽഹശ്ർ: 24).

ഇല്ലായ്മയിൽ നിന്ന് സൃഷ്ടികളെ സൃഷ്ടിച്ചവനാണ് അല്ലാഹു. ഓരോ സൃഷ്ടികൾക്കും അനുയോജ്യമായി രൂപം നൽകിയവനാണ് അവൻ. സൃഷ്ടികളക്ക് അവൻ നൽകിയതിനേക്കാളും യോജിച്ച ഒരു രൂപം നൽകാൻ ഒരാൾക്കും സാധ്യമല്ല. അങ്ങിനെ ഓരോ സൃഷ്ടികൾക്കും അതിനനുയോജ്യമായ നീളം, നീളമില്ലായ്മ, ആൺ, പെൺ എന്നീ മുഴുവൻ കാര്യങ്ങളിലും കൃത്യമായി യോജിക്കുന്ന രൂപം നൽകിയവനാണ് അല്ലാഹു.

# الْقَادِرُ

## കഴിവുള്ളവൻ.

﴿قُلْ هُوَ الْقَادِرُ عَلَى أَنْ يَبْعَثَ عَلَيْكُمْ عَذَابًا مِنْ فَوْقِكُمْ أَوْ مِنْ تَحْتِ أَرْجُلِكُمْ﴾[الأنعام: ٦٥]

(പറയുക: നിങ്ങളുടെ മുകൾ ഭാഗത്ത് നിന്നോ, നിങ്ങളുടെ കാലുകളുടെ ചുവട്ടിൽ നിന്നോ നിങ്ങളുടെമേൽ ശിക്ഷ അയക്കുവാൻ കഴിവുള്ളവനത്രെ അവൻ) (അൽഅൻആം:65)

എല്ലാം ഉൾകൊള്ളുന്ന എല്ലാ കഴിവുകളും അല്ലാഹുവിനാണ്, അവൻ ഉദ്ധേശിക്കുന്ന കാര്യങ്ങൾക്കെല്ലാം കഴിവുള്ളവനാണ്, ഒന്നിനും അശക്തനല്ല, അതാണ് അല്ലാഹു വ്യക്തമാക്കുന്നത്:

﴿فَقَدَرْنَا فَنِعْمَ الْقَادِرُونَ﴾ [المرسلات: ٢٣].

(അങ്ങനെ നാം (എല്ലാം) നിർണയിച്ചു. അപ്പോൾ നാം എത്ര നല്ല നിർണയക്കാരൻ!) (മുർസലാത്ത്: 23)

## الْقَدِيرُ
## സർവ്വശക്തൻ.

﴿يَخْلُقُ مَا يَشَاءُ وَهُوَ الْعَلِيمُ الْقَدِيرُ﴾ [الروم: ٥٤]

(അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവ്വജ്ജ്ഞനും സർവ്വശക്തനും) (റൂം: 54).

പരിപൂർണമായ, എല്ലാറ്റിനും കഴിവുള്ള സർവ്വശക്തനാണ് അല്ലാഹു, കാര്യങ്ങളെല്ലാം കൃത്യമായി നിയന്ത്രിക്കാൻ

കഴിവുള്ളവനാണ് അല്ലാഹു. അവൻ എന്തെങ്കിലും ഉ ാവണമെന്ന് ഉദ്ദേശിച്ചാൽ ഉ ാവുക എന്ന് പറഞ്ഞാൽ അതു ാവുന്നു. അവന്റെ കഴിവുകൊ ാണ് ഹൃദയങ്ങൾ ചലിച്ച് കൊ ിരിക്കുന്നത്, അവൻ ഉദ്ദേശിക്കുകയും,ഇഷ്ടപ്പെടുകയും ചെയ്യുന്ന രൂപത്തിൽ അതിനെ മാറ്റിമറിക്കുകയും, ചലിപ്പിക്കുകയും ചെയ്യുന്നു.

## الْمُقْتَدِرُ
## ശക്തൻ

﴿كَذَّبُوا بِآيَاتِنَا كُلِّهَا فَأَخَذْنَاهُمْ أَخْذَ عَزِيزٍ مُقْتَدِرٍ﴾ [القمر: ٤٢]
(അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മുഴുവൻ നിഷേധിച്ചു തള്ളിക്കളഞ്ഞു.അപ്പോൾ പ്രതാപിയും ശക്തനുമായ ഒരുത്തൻ പിടി കൂടുന്ന വിധം നാം അവരെ പിടികൂടി) (ഖമർ: 42)

ഉദ്ദേശിക്കുന്നതെല്ലാം ചെയ്യാൻ കഴിയുന്ന സർവ്വശക്തനാണ് അല്ലാഹു. എന്താണോ ഉ ാവാൻ ഉദ്ദേശിച്ചത് അത് മുഴുവനും 'ഉ ാകുക' എന്ന് പറയുമ്പോഴേക്ക് ഉ ാക്കാൻ കഴിയുന്ന സർവ്വശക്തൻ.ആകാശവും, ഭൂമിയും,അതിലുള്ള കോടിക്കണക്കിന് സൃഷ്ടികളെ മുഴുവനും ആരുടെയും സഹായവും,സഹകരണവും, സമ്മതവും ആവശ്യമില്ലാതെ സൃഷ്ടിക്കാൻ കഴിവുള്ളവനാണ് അല്ലാഹു. എന്നാൽ മനുഷ്യന് അവന്റെ കഴിവിൽ പെട്ട കാര്യം തന്നെ ചെയ്യണമെങ്കിൽ അല്ലാഹുവിന്റെ സഹായം അത്യാവശ്യമാണ്.എങ്കിൽ അല്ലാഹുവിന്റെ ശക്തി എത്ര ഉന്നതമാണ്!

# الْقَاهِرُ

## പരമാധികാരമുള്ളവൻ.

# الْقَهَّارُ

## സർവ്വാധിപതി.

﴿وَهُوَ الْقَاهِرُ فَوْقَ عِبَادِهِ وَهُوَ الْحَكِيمُ الْخَبِيرُ﴾ [الأنعام: ١٨]

(അവൻ തന്റെ ദാസൻമാരുടെ മേൽ പരമാധികാരമുള്ളവനാണ്. യുക്തിമാനും സൂക്ഷ്മമായി അറിയുന്നവനുമത്രെ അവൻ) (അൽ അൻആം: 18).

﴿وَمَا مِنْ إِلَهٍ إِلَّا اللَّهُ الْوَاحِدُ الْقَهَّارُ﴾ [ص: ٦٥]

(ഏകനും സർവ്വാധിപതിയുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധനക്കർഹനില്ല) (സ്വാദ്:65).

ഈ ര ് നാമങ്ങളുടെയും ആശയം ഒന്ന് തന്നെയാണ്. മുഴുവൻ സൃഷ്ടികളുടെ മേലും പരമാധികാരമുള്ളവനും, സർവ്വാധിപതിയും അല്ലാഹുവാണ്. മുഴുവൻ സൃഷ്ടികളും അവന്റെ ഉദ്ദേശത്തിനും, നിയമങ്ങൾക്കും വിധേയമായിട്ടാണ് നിലനിൽക്കുന്നത്. അല്ലാഹുവിന്റെ അധികാരത്തിലല്ലാതെ ഇവിടെ ഒന്നും തന്നെയില്ല. ഉപരിലോകത്തിലും, ഭൂമിയിലും എന്തെങ്കിലും സംഭവിക്കുന്നതും, പ്രവർത്തിക്കുന്നതും, ഒരു ചെറിയ അനക്കം പോലും ഉ ാവുന്നതും, ഉ ാവാതിരിക്കുന്നതും അവന്റെ പരമാധികാരത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നത് ഉ ാവുകയും, ഉദ്ദേശിക്കാത്തത് ഉ

ാവാതിരിക്കുകയും ചെയ്യുന്നു.മുഴുവൻ സൃഷ്ടികളും അല്ലാഹുവിലേക്ക് ആവശ്യമുള്ളവരാകുന്നു. സൃഷ്ടികൾക്ക് ഒന്നും തന്നെ സ്വയം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയില്ല. പരമാധികാരമുള്ളവൻ അല്ലാഹു മാത്രമാണ്, അതുകൊ ് തന്നെയാണ് ഈ നാമം അല്ലാഹുവിന്റെ الله، الواحد എന്നീ നാമങ്ങളോടൊപ്പം ചേർത്തി വിശുദ്ധ ഖുർആനിൽ പറയാൻ കാരണം. ഇത് വ്യക്തമായി സൂചിപ്പിക്കുന്നത് അവന്റെ ഏകത്വത്തെയും, ആരാധ്യതയേയുമാണ്, അതോടൊപ്പം ശിർക്കിന്റെയും സമൻമാരുടെയും നിരർത്ഥകതയേയുമാണ്. അതാണ് അല്ലാഹു പറയുന്നത്:

(قُلْ مَن رَّبُّ السَّمَاوَاتِ وَالأَرْضِ قُلِ اللّهُ قُلْ أَفَاتَّخَذْتُم مِّن دُونِهِ أَوْلِيَاء لاَ يَمْلِكُونَ لِأَنفُسِهِمْ نَفْعًا وَلاَ ضَرًّا قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَمْ هَلْ تَسْتَوِي الظُّلُمَاتُ وَالنُّورُ أَمْ جَعَلُواْ لِلّهِ شُرَكَاء خَلَقُواْ كَخَلْقِهِ فَتَشَابَهَ الْخَلْقُ عَلَيْهِمْ قُلِ اللّهُ خَالِقُ كُلِّ شَيْءٍ وَهُوَ الْوَاحِدُ الْقَهَّارُ) {الرعد/١٦}

(നബിയേ,) ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവർ പങ്കാളികളാക്കി വെച്ചവർ, അവൻ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് (ഇ

രു വിഭാഗത്തിന്റെയും) സൃഷ്ടികൾ അവർക്ക് തിരിച്ചറിയാതാവുകയാണോ ഉ ായത്? പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവ്വാധിപതിയുമാകുന്നു) (റഅ്ദ്: 16).

പരമാധികാരിയും, സർവ്വാധികാരിയും അല്ലാഹുവാണ്, ഓരോ സൃഷ്ടികൾക്കും അവരുടെ മുകളിൽ അധികാരമുള്ളവൻ ഉ ാവും, അങ്ങിനെ മേൽപോട്ട് പോയി സർവ്വാധികാരിയായ അല്ലാഹുവിലേക്ക് എത്തുന്നതാണ്. അത് അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ളതാണ്, അവൻ ഏകനാണ്, അതുകൊ ് തന്നെ ഈ ര ് നാമങ്ങളും അല്ലാഹുവിന്റെ ഏകത്വത്തെയാണ് സൂചിപ്പിക്കുന്നതും, വ്യക്തമാക്കുന്നതും. അതുകൊ ് തന്നെ സർവ്വാധിപതിയും, പരമാധികാരിയുമായവനെ മാത്രമെ ആരാധിക്കാൻ പാടുള്ളൂ, അവനിൽ ആരെയും പങ്കു ചേർക്കാൻ പാടില്ലായെന്ന മഹത്തായ ആശയം ഇതിൽ ഉൾകൊള്ളുന്നു ്.

## الْقَوِيُّ
## ശക്തൻ

﴿وَهُوَ الْقَوِيُّ الْعَزِيزُ﴾[الشورى: ١٩]

(അവനാകുന്നു ശക്തനും പ്രതാപശാലിയുമായിട്ടുള്ളവൻ) (അശ്ശൂറാ: 19).

സ്വയം ശക്തിയുള്ളവനും സൃഷ്ടികൾക്ക് ശക്തി നൽകുന്നവനാണ് അല്ലാഹു. അവന്റെ ശക്തി ആരെങ്കിലും അ

തിജയിക്കുകയോ, നീക്കികളയുകയോ ചെയ്യുകയില്ല, അതിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ്.ഒന്നിനും അശക്തനല്ല, അല്ലാഹു, എല്ലാറ്റിനും കഴിവുള്ളവനാണ്. ഉദ്ദേശിക്കുന്നതെല്ലാം നടപ്പിലാക്കാൻ ശക്തനാണവൻ.

## الْمَتِينُ

## പ്രബലൻ

﴿إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ﴾ [الذاريات: ٥٨]

(തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും) (അദ്ദാരിയാത്ത്: 58).

ഒരിക്കലും മുറിഞ്ഞു പോവുകയോ, അതിജയിക്കപ്പെടുകയോ, വിധിച്ചത് തടയുകയോ ചെയ്യാത്ത സർവ്വശക്തനാണ് അല്ലാഹു. സൃഷ്ടികളിൽ അവന്റെ കൽപനകളും, വിധിയും കൃത്യമായി നടപ്പിലാവുന്നു. അവൻ ഉദ്ധേശിക്കുന്നവരെ പ്രതാപവാൻമാരാക്കുകയും, നിന്ദ്യരാക്കുകയും ചെയ്യുന്നു, ശക്തി മുഴുവനും അല്ലാഹുവിനാണ്,അവൻ സഹായിച്ചവനല്ലാതെ ഒരു സഹായിയുമില്ല, അവൻ പ്രതാപവാനാക്കിയവനല്ലാതെ ഒരു പ്രതാപിയുമില്ല. ഈ വിശ്വാസം വിശ്വാസികളുടെ മനസുകളിൽ കൃത്യമായി രൂഢമൂലമാവുകയാണെങ്കിൽ അവർ കൃത്യമായി അല്ലാഹുവിൽ ഭരമേൽപിക്കുകയും, അവനിൽ മാത്രം അഭയം പ്രാപിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ മഹത്വത്തിനും,ഉന്നതിക്കും മുന്നിൽ വളരെ നിസ്സാരനാണെന്ന് ബോധ്യമാവുകയും ചെ

യ്യും. അങ്ങിനെ മുഴുവൻ കഴിവുകളും, പ്രതാപവും അല്ലാഹുവിനാണ്, അവനിൽ നിന്നാണെന്ന് ബോധ്യമായി അവനിലേക്ക് കൃത്യമായി മടങ്ങാനും സാധിക്കുന്നു.

## الْحَقُّ

## സത്യവാൻ.

﴿أَنَّ اللَّهَ هُوَ الْحَقُّ الْمُبِينُ﴾[النور: ٢٥]

(അല്ലാഹു തന്നെയാണ് പ്രത്യക്ഷമായസത്യം)(അന്നൂർ: 25).

സത്യമായും അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അതിൽ സംശയമോ, അവ്യക്തതയോ ഇല്ല, അവന്റെ ദാത്തിലോ,നാമഗുണവിശേഷണങ്ങളിലോ, ആരാധ്യതയിലോ യാതൊരു സംശയവുമില്ല. അവനെ കൂടാതെ ആരാധനക്കർഹനായി മറ്റാരുമില്ല, ഉന്നതനായ അല്ലാഹു സത്യമാണ്,അവന്റെ നാമവിശേഷണങ്ങൾ സത്യമാണ്, അവന്റെ വാക്കുകളും പ്രവർത്തനങ്ങളും സത്യമാണ്, അവൻ മനുഷ്യർക്കായി നൽകിയ മതവും, ശരീഅത്തും സത്യമാണ്, അതിലുള്ള മുഴുവൻ കാര്യങ്ങളും സത്യമാണ്,അവന്റെ വാഗ്ദത്തം സത്യമാണ്, അവനെ ക   ുമുട്ടുമെന്നുള്ളതും സത്യമാണ്. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്ന ഏറ്റവും ഉന്നതവും, ഉദാത്തവുമായ സത്യം വിശുദ്ധ ഖുർആനിലൂടെ നിരവധി ആയത്തുകളിലൂടെ കൃത്യമായി മനുഷ്യരെ പഠിപ്പിച്ചിരിക്കുന്നു. പ്രവാചകൻ(ﷺ) പഠിപ്പിക്കുന്ന ഒരു ഹദീഥ് നാം മനസിലാക്കുക:

عن ابن عباس رضي الله عنهما قال (كان النبي صلى الله عليه وسلم إذا قام من الليل يتهجد قال اللّٰهُمَّ لك الحمد أنت قيم السموات والأرض ومن فيهن ولك الحمد لك ملك السموات والأرض ومن فيهن ولك الحمد أنت نور السموات والأرض ومن فيهن ولك الحمد أنت ملك السموات والأرض ولك الحمد أنت الحق ووعدك الحق ولقاؤك حق وقولك حق والجنة حق والنار حق والنبيون حق ومحمد صلى الله عليه وسلم حق والساعة حق اللّٰهُمَّ لك أسلمت وبك آمنت وعليك توكلت وإليك أنبت وبك خاصمت وإليك حاكمت فاغفر لي ما قدمت وما أخرت وما أسررت وما أعلنت أنت المقدم وأنت المؤخر لا إله إلا أنت أو لا إله غيرك) (صحيح البخاري - كتاب التهجد - باب التهجد بالليل)

ഇബ്നു അബ്ബാസ്(ﷺ) പറയുകയു ായി: (നബി(ﷺ) രാത്രിയിൽ തഹജ്ജുദ് നമസ്കാരത്തിനായി എഴുന്നേറ്റാൽ ഇങ്ങനെ പറയാറു ായിരുന്നു:(അല്ലാഹുവേ,സർവ്വ സ്തുതിയും നിനക്കാണ്.ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും പരിപാലകനായ നിനക്കാണ് എല്ലാ സ്തുതിയും.ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും നാഥനുമായ നിനക്കാണ് എല്ലാ സ്തുതിയും. ആകാശങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും പ്രകാശമാണ് നീ നിനക്കാണ് എല്ലാ സ്തുതിയും. ആകാശ

ങ്ങളുടേയും ഭൂമിയുടേയും അവയിലുള്ളവരുടേയും ആധിപത്യം നിനക്കാണ്. സർവ്വ സ്തുതിയും നിനക്കാണ്. ആകാശങ്ങളുടേയും ഭൂമിയുടേയും രാജാവാണ് നീ. സ്തുതി മുഴുവൻ നിനക്കാണ്.നീ സത്യമാണ്.നിന്റെ വാഗ്ദാനവും സത്യമാണ്. നിന്റെ വചനവും നീയുമായുള്ള ദർശനവും സത്യമാണ്. സ്വർഗ്ഗവും നരകവും സത്യമാണ്.നബിമാർ സത്യമാണ്. മുഹമ്മദും(ﷺ) സത്യമാണ്. അന്ത്യ നാളും സത്യം തന്നെ. അല്ലാഹുവേ, നിനക്ക് ഞാൻ കീഴ്പെട്ടിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിന്റെ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു. നിന്നിലേക്ക് ഞാൻ വേദിച്ചു മടങ്ങിയിരിക്കുന്നു. നിന്റെ പേരിൽ ഞാൻ സംവദിക്കുന്നു. നിന്നിലേക്ക് ഞാൻ ആവലാതി ബോധിപ്പിക്കുന്നു. അതിനാൽ ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതുമായ തെറ്റുകൾ നീ എനിക്ക് പൊറുത്തു തരേണമേ. മുന്തിക്കുന്നവൻ നീയാണ്. പിന്തിക്കുന്നവനും നീ തന്നെ. നീയല്ലാതെ ഒരാരാധ്യനുമില്ല. നീയാണ് എന്റെ ആരാധ്യൻ നീയല്ലാതെ ഒരാരാധ്യനുമില്ല) (ബുഖാരി, മുസ്ലിം).

## اَلْمُبِينُ

## വ്യക്തമാക്കി കൊടുക്കുന്നവൻ.

﴿أَنَّ اللَّهَ هُوَ الْحَقُّ الْمُبِينُ﴾[النور: ٢٥]
(അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ (വ്യക്തമാക്കി കൊടുക്കുന്ന) സത്യമെന്ന് അവർ അറിയുകയും ചെയ്യും) (അന്നൂർ:25).

അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്നും, മറ്റാരും അതിനർഹനില്ലായെന്നും വ്യക്തമാക്കി കൊടുക്കുന്നവനാണ് അവൻ. അവന്റെ നിയമങ്ങൾ കൃത്യമായി ജീവിതത്തിൽപകർത്തി ജീവിക്കുന്നവർക്ക് അനുഗ്രഹത്തിന്റെ കേദാരമായ സ്വർഗവും, ധിക്കരിക്കുന്നവർക്ക് നരകവുമുന്ന് വ്യക്തമാക്കി കൊടുക്കുന്നവനാണ് അല്ലാഹു.

## السَّمِيعُ
## എല്ലാം കേൾക്കുന്നവൻ.

﴿فَسَيَكْفِيكَهُمُ اللَّهُ وَهُوَ السَّمِيعُ الْعَلِيمُ﴾ [البقرة: ١٣٧]
(അവരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി,അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ) (അൽബഖറ: 137).

ദൂരവ്യത്യാസമില്ലാതെ, യാതൊരു തടസ്സവുമില്ലാതെ എല്ലാം കേൾക്കുന്നവനാണ് അല്ലാഹു. മനസിൽ മന്ത്രിക്കുന്ന

തും, പതുക്കെയുള്ളതും, ഉച്ചത്തിലുള്ളതും കേൾക്കുന്നവൻ, ആഴിയുടെ അഗാധതകളിൽ നിന്നും, ഭൂമിയുടെ ഉപരിയിൽ നിന്നും, വാന ലോകത്ത് നിന്നും,എവിടെ വെച്ചും അവനെ വിളിച്ചാൽ വിളികേൾക്കുന്നവനാണ്,ഉത്തരം നൽകുന്നവനാണ് അല്ലാഹു. ലോകത്തുള്ള മുഴുവൻ മനുഷ്യരും, ജിന്നുകളും വൈവിധ്യമാർന്ന ഭാഷയിൽ, വ്യത്യസ്ഥ ആവശ്യങ്ങൾ ഒരേ സമയത്ത് ആവശ്യപ്പെട്ടാലും ആ ആവശ്യങ്ങളെല്ലാം യാതൊരു കൂടി കലരലുമില്ലാതെ,ഭാഷയുടെ അതിൽ വരമ്പുകളില്ലാതെ മനസിലാക്കാനും നൽകാനും കഴിയുന്ന സർവ്വതും കേൾക്കുന്നവനാണ് അല്ലാഹു.

## الْبَصِيرُ

## എല്ലാം കാണുന്നവൻ.

﴿لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ﴾ [الشورى: ١١]

(അവന് തുല്യമായി യാതൊന്നുമില്ല.അവൻ എല്ലാം കാണുന്നവനും എല്ലാംകേൾക്കുന്നവനുമാകുന്നു)(അശ്ശൂറാ: 11).

യാതൊരു തടസ്സവുമില്ലാതെ എല്ലാം കാണുന്നവനാണ് അല്ലാഹു.കൂരിരുട്ടുള്ള രാത്രിയിൽ ഒരു കറുത്ത പാറക്ക് മുകളിൽ അരിച്ചു പോകുന്ന കറുത്ത ഉറുമ്പിനെ പോലും കാണുന്നവനാണ്, അതിന്റെ ചലനത്തെ നിയന്ത്രിക്കുന്നവനാണ് അവൻ. ആഴക്കടലിന്റെ ആഴിയിൽ നീന്തിക്കൊ ിരി

ക്കുന്ന കുഞ്ഞു മത്സ്യങ്ങളെയും, ഭൂമിയുടെ ഉള്ളിൽ നിന്ന് മുളച്ച് പൊങ്ങുന്ന ചെടിയുടെ മുളയും, ഭൂമിയിടെ ഏതെങ്കിലുമൊരു കോണിലുള്ള മരത്തിന്റെ ശിഖരത്തിൽ നിന്ന് ഉതിർന്ന് വീഴുന്ന കരിയിലയേയും, അനന്തമായി മരുപ്പച്ചയായി കിടക്കുന്ന മരുഭൂമിയിലെ ഓരോ മണൽ തരിയുടെ ആകൃതിയുമെല്ലാം കൃത്യമായി കാണുന്നവനാണ് അല്ലാഹു. അതുകൊ ് തന്നെ അവന്റെ കാഴ്ചയെ പറ്റിക്കാൻ ഓരാൾക്കും സാധ്യമല്ല.

## الْعَلِيمُ

## എല്ലാം അറിയുന്നവൻ

﴿وَاعْلَمُوا أَنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ﴾ [البقرة: ٢٣١]

(അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക) (അൽബഖറ: 231).

പ്രകടവും, ഗോപ്യവും, രഹസ്യവും, പരസ്യവും, ഭൂമിയിലും,ആകാശങ്ങളിലും, കഴിഞ്ഞുപോയതും, നടന്നുകൊ ിരിക്കുന്നതും, വരാനിരിക്കുന്നതുമെല്ലാം അറിയുന്നവനാണ് അല്ലാഹു. അവന്റെ അറിവിൽ പെടാത്തതായി ഒന്നുമില്ല.എന്താണ് ഉ ായത്, ഉ ാവാൻ പോകുന്നത്, ഏത് രൂപത്തിലാണ്,എങ്ങിനെയാണ് ഉ ാവുന്നത് എല്ലാം അവൻ അറിയുന്നതാണ്, ഒന്നും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അജ്ഞാതമല്ല. രാത്രിയുടെ ഏത് നിഗൂഢതകളിൽ, ഏത് കോട്ടക്കുള്ളിൽ വെച്ച് എന്ത് തീരുമാനമെടുത്താലും അതവൻ അറിയുന്നു, കേൾക്കുന്നു, കാണുന്നു എന്നതാണ് ഇ

സ്ലാമിന്റെ വിശ്വാസം. അല്ലാഹു എല്ലാം അറിയുന്നുവെന്ന അവന്റെ നാമത്തെപ്പറ്റി മനസ്സിലാക്കുകയാണെങ്കിൽ മനുഷ്യന്റെ മനസ്സിൽ അത് വ്യക്തമായ സ്വാധീനമു ാക്കുന്നതാണ്.അതുകൊ ാണ് വിശുദ്ധഖുർആനിൽ നിരവധി ആയത്തുകളിലായി ഈ നാമം അല്ലാഹു വ്യക്തമാക്കാൻ കാരണം.

## الْخَبِيرُ

## സൂക്ഷ്മമായി അറിയുന്നവൻ.

﴿وَهُوَ الْحَكِيمُ الْخَبِيرُ﴾[الأنعام: ١٨]

(അവൻ യുക്തിമാനും സൂക്ഷ്മമായി അറിയുന്നവനുമത്രെ) (അൻആം: 18).

അതിസൂക്ഷ്മവും, രഹസ്യവുമായിട്ടുള്ള മുഴുവൻ കാര്യങ്ങളും കൃത്യമായി അറിയുന്നവനാണ് അല്ലാഹു. വിചാരവികാരങ്ങളെയും, ഭൂമിയുടെ അഗാധതകളിലുള്ള അണുവിനെയും, മനസിന്റെ മന്ത്രങ്ങളേയുമെല്ലാം വ്യക്തമായി അറിയുകയും, അവയെ നിയന്ത്രിക്കുകയും ചെയ്യുന്നവനാണ് അല്ലാഹു. അവന് ഒന്നും അദൃശ്യമില്ല, എല്ലാം അറിയുന്നു, കേൾക്കുന്നു, നിയന്ത്രിക്കുന്നു. ആകാശങ്ങളിലോ,ഭൂവനങ്ങളിലോ, സമുദ്രങ്ങളിലോ മറ്റു എവിടെയെങ്കിലും എന്തെങ്കിലും സംഭവിക്കുന്നുവെങ്കിൽ അത് വളരെ കൃത്യമായി അറിയുന്നവനാണ് സൂക്ഷ്മജ്ഞാനിയായ അല്ലാഹു.

# الشَّهِيدُ
# സാക്ഷി.

﴿إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ شَهِيدٌ﴾[الحج: ١٧]
(തീർച്ചയായും അല്ലാഹു എല്ലാകാര്യത്തിനും സാക്ഷിയാകുന്നു) (അൽഹജ്ജ്:17).

എല്ലാ കാര്യങ്ങളും വളരെ കൃത്യമായി നിരീക്ഷിക്കുന്നവനാണ് അല്ലാഹു, അല്ലാഹുവിന്റെ സാക്ഷ്യവും, നിരീക്ഷണവുമില്ലാതെ ഒന്നും ആർക്കും ചെയ്യാൻ കഴിയില്ല. ഗോപ്യവും, പ്രകടവുമായ മുഴുവൻ ശബ്ദങ്ങളും അവൻ കേൾക്കുന്നു, അതി സൂക്ഷ്മവും, ഭീമാകരവുമായ മുഴുവൻ കാര്യങ്ങളും അവൻ കാണുന്നു, അവന്റെ അറിവാകട്ടെ എല്ലാറ്റിനെയും ചൂഴ്ന്ന് നിൽക്കുന്നു. എല്ലാ സൃഷ്ടികളെയും, അവരുടെ പ്രവർത്തനങ്ങളെയും അവൻ കാണുന്നു, നിരീക്ഷിക്കുന്നു. അതുകൊ ് തന്നെ എവിടെയായാലും നമ്മെ ആര് കാണുന്നില്ലെങ്കിലും അല്ലാഹു നമ്മെ കാണുന്നു ന്ന ബോധം അവന്റെ ഈ നാമം മനസിലാക്കുന്നതിലൂടെ നമ്മുടെ മനസുകളിലേക്ക് കടന്ന് വരുന്നു.

# الحَسِيبُ
# കണക്ക് നോക്കുന്ന(മതിയായ)വൻ.

﴿إِنَّ اللَّهَ كَانَ عَلَىٰ كُلِّ شَيْءٍ حَسِيبًا﴾ [النساء: ٨٦]

(തീർച്ചയായും അല്ലാഹു ഏതൊരു കാര്യത്തിന്റെയും കണക്ക് നോക്കുന്നവനാകുന്നു) (നിസാഅ്: 86).

അടിമകൾക്ക് മതിയായവനാണ് അല്ലാഹു, അടിമകളുടെ ഐഹികവും, പാരത്രികവുമായ മുഴുവൻ കാര്യങ്ങൾക്കും മതിയായവനാണ് അവൻ, അവരുടെ കാര്യങ്ങൾ കൃത്യമായി നോക്കുന്നവനും,നിയന്ത്രിക്കുന്നവനും, അവരുടെ പ്രവർത്തനങ്ങൾക്കും വാക്കുകൾക്കും കൃത്യമായി വിചാരണ നടത്തുന്നവനുമാണ് അല്ലാഹു.അതുപോലെ തന്നെ അടിമകൾക്ക് ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്തതിന് ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുകയാണെങ്കിൽ അവന് അല്ലാഹു മതിയായവനാണ്. അതാണ് അല്ലാഹു പറയുന്നത്:

﴿وَمَنْ يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ﴾ [الطلاق: ٣]

(വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്.) (ത്വലാഖ്: 3)

അടിമകളുടെ നന്മകൾക്കും, തിന്മൾക്കും കൃത്യമായി പ്രതിഫലം നൽകുവാൻ കഴിവുള്ളവനാണ് അല്ലാഹു. ഒരിക്കലും അനീതി ചെയ്യാത്തവനാണവൻ. അല്ലാഹു പറയുന്നു:

﴿وَكَفَى بِاللَّهِ حَسِيبًا﴾ [النساء: ٦].

(കണക്കു നോക്കുന്നവനായി അല്ലാഹു തന്നെ മതി) (നിസാഅ്: 6).

## الرَّقِيبُ

## നിരീക്ഷിച്ചു കൊ  ിരിക്കുന്നവൻ.

﴿وَكَانَ اللَّهُ عَلَى كُلِّ شَيْءٍ رَقِيبًا﴾[الأحزاب: ٥٢]

(അല്ലാഹു എല്ലാകാര്യവും നിരീക്ഷിച്ചു കൊ  ിരിക്കുന്നവനാകുന്നു) (അൽഅഹ്സാബ്: 52).

ഓരോ മനുഷ്യ മനസ്സുകളും മന്ത്രിക്കുന്നതും, ഗോപ്യമാക്കുന്ന കാര്യങ്ങളുമെല്ലാം കൃത്യമായ രൂപത്തിൽ വളരെ വ്യവസ്ഥാപിതമായി പരിപൂർണ നിയന്ത്രണത്തോടെ നിരീക്ഷിച്ചു കൊ  ിരിക്കുന്നവനാണ് അല്ലാഹു. കണ്ണുകളെ മുഴുവനും എല്ലാ കാര്യങ്ങളും കാണുന്ന കാഴ്ച കൊ ് നിരീക്ഷിച്ചു കൊ  ിരിക്കുന്നു അവൻ, അതുപോലെ എല്ലാ കാതുകളെയും എല്ലാം കേൾക്കുന്ന അവന്റെ കേൾവി നിരീക്ഷിച്ച് കൊ  ിരിക്കുന്നുവനാണ്. മുഴുവൻ സൃഷ്ടികളെയും എല്ലാറ്റിനെയും ചൂഴ്ന്ന് നിൽക്കുന്ന അവന്റെ അറിവു കൊ ് നിരീക്ഷിച്ചു കൊ  ിരിക്കുന്നു. അല്ലാഹു എല്ലാം നിരീക്ഷിച്ച് കൊ  ിരിക്കുന്നുവെന്ന് ഒരാൾമനസിലാക്കി കഴിഞ്ഞാൽ അവന്റെ ജീവിതം തന്നെ അല്ലാഹുവിന് ഇഷ്ടപ്പെടുന്ന രൂപത്തിലാക്കുവാൻ അവൻ പരിശ്രമിക്കുന്നതാണ്. അതാണ് ഈ നാമത്തിലൂടെ വിശ്വാസികളിലു  ാകുന്ന സ്വാധീനം.

## الْقَرِيبُ

## സമീപസ്ഥൻ.

﴿إِنَّهُ سَمِيعٌ قَرِيبٌ﴾ [سبأ: ٥٠]

(തീർച്ചയായും അവൻ കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു) (സബഅ് :50).

അല്ലാഹുവിനെ കൃത്യമായി മനസിലാക്കി നിഷ്കളങ്കതയോടെ അവനെമാത്രം ആരാധിച്ചുകൊ ിരിക്കുന്ന വിശ്വാസിയുടെ കൂടെ അല്ലാഹുവിന്റെ സാമീപ്യം ഉ ാവും,പ്രാർത്ഥിച്ചാൽ ഉത്തരംനൽകും, ചോദിച്ചാൽ നൽകും, പാപമോചനം നടത്തിയാൽ പാപങ്ങൾ പൊറുത്തുകൊടുക്കും. അല്ലാഹുവിന്റെ സാമീപ്യം എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ ദാത്തോടുകൂടിയുള്ള സാമീപ്യമല്ല, മറിച്ച് അവനോട് പ്രാർത്ഥിച്ചാൽ സ്വീകരിക്കപ്പെടും,ചോദിച്ചാൽ നൽകപ്പെടും, പാപമോചനം ചെയ്താൽ പാപങ്ങൾ പൊറുക്കപ്പെടും, ഇങ്ങനെയുള്ള സാമീപ്യമാണ് ഉദ്ദേശിക്കുന്നത്. അതുപോലെ മുഴുവൻ സൃഷ്ടികളുടെയും പ്രവർത്തനങ്ങളും,ചലനങ്ങളുമെല്ലാം അവൻ കാണുന്നു ്, നിരീക്ഷിക്കുന്നു ്,അറിയുന്നു ് എന്ന സാമീപ്യമാണ് അല്ലാഹു സമീപസ്ഥനാണെന്നതു കൊ ് മനസിലാകുന്നത്.

## المُجِيبُ

## ഉത്തരം നൽകുന്നവൻ.

﴿إِنَّ رَبِّي قَرِيبٌ مُجِيبٌ﴾[هود: ٦١]

(തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു) (ഹൂദ്: 61).

അല്ലാഹുവിനോട് ചോദിക്കുകയാണെങ്കിൽ അവൻ ഉത്തരം നൽകും,പാപമോചനം നടത്തുന്നുവെങ്കിൽ അതിനും അവൻ ഉത്തരം നൽകുന്നതാണ്. അടിമകളിൽ ആര് ചോദിച്ചാലും അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഉദ്ദേശിക്കുന്ന രൂപത്തിൽ ഉത്തരം നൽകുന്നതാണ്. അതാണ് അല്ലാഹു വ്യക്തമാക്കുന്നത്:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ﴾ [البقرة: ١٨٦].

(നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊ ് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും,എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ.അവർ നേർവഴി പ്രാപിക്കുവാൻ വേ ിയാണിത്) (അൽബഖറ :186).

അല്ലാഹു ര ുരൂപത്തിൽ ഉത്തരം നൽകും.അടിമകളിൽ പുണ്യം ചെയ്യുന്നവനെന്നോ,തിൻമ ചെയ്യുന്നവനെന്നോ വ്യത്യാസമില്ലാതെ ‘അല്ലാഹുവെ,എനിക്ക് നൽകേണമേ,എന്നിൽ നിന്ന് തടയേണമേ’ എന്നിങ്ങനെയുള്ള പ്രാർത്ഥനകൾക്ക് അവൻ ഉദ്ദേശിക്കുകയാണെങ്കിൽ, ഉദ്ദേശിക്കുമ്പോൾ,

ഉദ്ദേശിക്കുന്ന രൂപത്തിൽ ഉത്തരം നൽകിയേക്കാം.അതാണ് അല്ലാഹു വ്യക്തമാക്കുന്നത്:

﴿وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ﴾ [غافر: ٦٠]

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു:നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം.) (ഗാഫിർ :60)

രോഗികൾ, അക്രമിക്കപ്പെട്ടവൻ, നോമ്പുകാരൻ, സന്താനങ്ങൾക്കുവേ ി മാതാപിതാക്കൾ തുടങ്ങിയവരുടെ പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്ന സമയവും, സന്ദർഭവും നോക്കി സന്നിഗ്ദ ഘട്ടത്തിലുള്ള പ്രാർത്ഥനക്ക് ഉദ്ദേശിക്കുന്നുവെങ്കിൽ അല്ലാഹു പെട്ടെന്ന് തന്നെ ഉത്തരം നൽകുന്നതാണ്.

﴿أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ﴾ [النمل: ٦٢]

(അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും ചെയ്യുന്നവൻ ആരാണ്?) (നംല് :62)

## الْعَفُـوُّ

## ഏറെ മാപ്പു(വിട്ട്വീഴ്ച) നൽകുന്നവൻ.

﴿إِنْ تُبْدُوا خَيْرًا أَوْ تُخْفُوهُ أَوْ تَعْفُوا عَنْ سُوءٍ فَإِنَّ اللَّهَ كَانَ عَفُوًّا قَدِيرًا﴾

[النساء: ١٤٩]

(നിങ്ങൾ ഒരുനല്ലകാര്യം രഹസ്യമായോ പരസ്യമായോ ചെയ്യുകയാണെങ്കിൽ, അഥവാ, ഒരു ദുശ്പ്രവൃത്തി മാപ്പ് ചെയ്

ത് കൊടുക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ മാപ്പു നൽകുന്നവനും സർവ്വശക്തനുമാകുന്നു)(അന്നിസാഅ് :149).

തിന്മകൾ മായ്ച്ചുകളയുകയും, തെറ്റുകൾ പൊറുക്കുകയും ചെയ്യുന്ന ഏറെ മാപ്പ് നൽകുന്നവനാണ് അല്ലാഹു. അല്ലാഹുവിന്റെ വിട്ട്വീഴ്ച നൽകൽ ര ് രൂപത്തിലാണ്:

**ഒന്നാമത്തേത്:** അവിശ്വാസികളെല്ലാം ഉൾകൊള്ളുന്ന മുഴുവൻ പാപികൾക്കും വിട്ട്വീഴ്ച നൽകുന്നവനാണവൻ. അല്ലാഹുവിനെ ധിക്കരിക്കുകയും, നിഷേധിക്കുകയും, പരിഹസിക്കുകയും ചെയ്യുന്നവർക്ക് പോലും അവൻ ഐഹികാനുഗ്രഹങ്ങൾ നൽകുകയും, വിട്ട് വീഴ്ച നൽകുകയും ചെയ്യുന്നു. അവർ ചെയ്യുന്ന ശിർക്കിനും, നന്ദികേടിനും അവരെ പിടികൂടുകയും,ശിക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അവർ അനുഭവിക്കുന്ന അനുഗ്രഹങ്ങളും സുഖങ്ങളും എന്നോ പിൻവലിക്കേ ിയിരുന്നു, എന്നാൽ അല്ലാഹു അവർക്ക് വിട്ട്വീഴ്ചയും, ഏറെ മാപ്പ് നൽകുകയും ചെയ്യുകയാണ്. ഇതാണ് ഒരു രൂപം.

**ര ാമത്തേത്:** യഥാർത്ഥ വിശ്വാസം ഉൾകൊ ് ജീവിക്കുന്നവർ ചെയ്ത പാപങ്ങൾക്കും, തിന്മകൾക്കും അല്ലാഹുവിനോട് വിട്ട്വീഴ്ചയും, പാപമോചനവും തേടുന്നവർക്കുള്ള വിട്ട് വീഴ്ചയും, മാപ്പും നൽകുന്നവനാണ് അല്ലാഹു. അല്ലാഹുവിനെ കൃത്യമായി മനസിലാക്കുകയും,അവന്റെ ഏകത്വം

അംഗീകരിക്കുകയും ചെയ്തതിന് ശേഷം ചെയ്തു പോയ പാപങ്ങൾക്കും, തെറ്റുകുറ്റങ്ങൾക്കും വിട്ട്വീഴ്ചയും,മാപ്പും ആവശ്യപ്പെട്ടുകൊ ് മനസ്സറിഞ്ഞ് എല്ലാംഏറ്റ് പറഞ്ഞ് അവനോട് പശ്ചാതപിക്കുകയാണെങ്കിൽ അവൻ അത് വിട്ട്വീഴ്ച നൽകുകയും,പൊറുത്തു കൊടുക്കുകയും ചെയ്യുന്നതാണ്.പാപങ്ങൾ എത്രകൂടിയാലും,വർദ്ധിച്ചാലും അവൻ പൊറുക്കുന്നതാണ്, വിട്ട്വീഴ്ച നൽകുന്നതാണ്.അതാണ് അല്ലാഹു പറയുന്നത്:

(قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ) {الزمر/٥٣}

(പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും) (അസ്സുമർ :53).

## الْغَفُورُ

## പൊറുക്കുന്നവൻ.

﴿نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ﴾ [الحجر: ٤٩]

(നബിയേ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസൻമാരെ വിവരമറിയിക്കുക)(അൽഹിജ്ർ :49).

റസൂലുല്ലാഹ്(ﷺ) പഠിപ്പിച്ച രൂപത്തിൽ അല്ലാഹുവിന്റെ ഏകത്വം കൃത്യമായി അംഗീകരിച്ച ഒരു വിശ്വാസി ചെയ്തു പോയ പാപങ്ങൾക്ക് വേ  ി അവനോട് പാപമോചനം തേടിയാൽ അത് സ്വീകരിക്കപ്പെടുന്നതാണ്. ആകാശങ്ങളിലെ മേഘങ്ങൾ കണക്കെ, സമുദ്രത്തിലെ നുരപതകൾ കണക്കെ, ഭൂമി നിറയേ പാങ്ങളാണെങ്കിലും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാതെയാണ് പാപമോചനം നടത്തുന്നതെങ്കിൽ അവനതെല്ലാം പൊറുത്ത് കൊടുക്കുന്നതാണ് എന്ന് ഹദീഥുകളുടെ വെളിച്ചത്തിൽ നമുക്ക് മനസിലാക്കാൻ സാധിക്കുന്നതാണ്. ആരും കാണാതെ ചെയ്തു പോയ പാപങ്ങളാണെങ്കിലും അല്ലാഹു അത് മറച്ച് വെക്കുകയും പാപ മോചനത്തോടെ പൊറുത്ത് കൊടുക്കുകയും ചെയ്യുന്ന الغفـور (പാപങ്ങളെല്ലാം പൊറുക്കുന്നവനാ)ണ് അവൻ. അതുകൊ  ് വേദിച്ചു മടങ്ങിക്കൊളളൂ. അങ്ങിനെ അല്ലാഹുവിന്റെ കാരുണ്യത്തിനും,മഗ്ഫിറത്തിനും വേ  ി പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുക.

## الْغَفَّارُ

## ഏറെ പൊറുക്കുന്നവൻ.

﴿رَبُّ السَّمَوَاتِ وَالْأَرْضِ وَمَا بَيْنَهُمَا الْعَزِيزُ الْغَفَّارُ﴾ [ص: ٦٦]
(ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ള തിന്റെയും രക്ഷിതാവും പ്രതാപശാലിയും ഏറെ പൊറു ക്കുന്നവനുമത്രെ അവൻ) (സ്വാദ്: 66).

ചെയ്ത്പോയ പാപങ്ങൾക്ക് പരിഹാരമായി അല്ലാഹു വിനോട് പശ്ചാതാപിക്കുകയാണെങ്കിൽ അവൻ ആപാപങ്ങ ളെല്ലാം ഏറെ പൊറുത്ത് തരുന്നതാണ്, എല്ലാ പാപങ്ങളും പൊറുക്കുന്നവനാണവൻ. ഖുർആൻ വിശദമാക്കുന്നത് കാ ണുക:

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ {الزمر/٥٣}
(പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ പ്പറ്റിനിങ്ങൾ നിരാശപ്പെടരുത്.തീർച്ചയായും അല്ലാഹു പാപ ങ്ങളെല്ലാം പൊറുക്കുന്നതാണ്.തീർച്ചയായും അവൻ തന്നെ യാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും)(അ സ്സുമർ: 53).

## الْحَلِيمُ
## സഹനശീലൻ.

﴿قَوْلٌ معروفٌ ومغفـرةٌ خَـيْرٌ مّـن صَـدَقة يَتبَعُهـا أذى واللهُ غـنِيٌّ حَلِـيمٌ﴾

[البقرة: ٢٦٣]

(കൊടുത്തതിനെത്തുടർന്ന് മനഃക്ലേശം വരുത്തുന്ന ദാനധർമ്മത്തെക്കാൾ ഉത്തമമായിട്ടുള്ളത് നല്ല വാക്കും വിട്ടുവീഴ്ചയുമാകുന്നു. അല്ലാഹു പരാശ്രയം ആവശ്യമില്ലാത്തവനും സഹനശീലനുമാകുന്നു) (അൽബഖറ :263).

അങ്ങേയറ്റം വിട്ട്വീഴ്ചയുള്ളവനും, സഹന ശീലനുമാണ് അല്ലാഹു, അടിമകൾ എന്തെങ്കിലും അവിവേകം ചെയ്യുമ്പോഴേക്ക് കോപാകുലനാവുകയോ അവരെ ശിക്ഷിക്കുകയോ, അവരുടെ അനുഗ്രഹങ്ങളും,കാരുണ്യവും നീക്കികളയുകയോ ചെയ്യാതെ അവരുടെ പാപമോചനവും, പശ്ചാതാപവും സ്വീകരിക്കുന്നവനാണ് അല്ലാഹു.അടിമകൾ എത്ര തന്നെ തിൻമകളും പാപങ്ങളും അവിവേകവും ചെയ്താലും ധൃതികൂട്ടുകയോ,കോപിക്കുകയോ ചെയ്യാതെ അവന്റെ അനുഗ്രഹങ്ങളും കരുണയും അവർക്ക് വീ ുംവീ ും ചൊരിഞ്ഞുകൊടുക്കുന്നവനാണ് അല്ലാഹു.അടിമകൾ ചെയ്യുന്ന ധിക്കാരത്തിനും,അവിവേകത്തിനും വിട്ട്വീഴ്ചയും സഹനവുമില്ലാതെ അവരെയെല്ലാം പിടികൂടുകയാണെങ്കിൽ ഈ ഭൂമിയിൽ മനുഷ്യർ തന്നെ ഉ ാവുകയില്ല. അല്ലാഹു അത് ഖുർആനിൽ നമ്മെ പഠിപ്പിക്കുന്നത് കാണുക:

(وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِظُلْمِهِم مَّا تَرَكَ عَلَيْهَا مِن دَآبَّةٍ وَلَـكِن يُؤَخِّرُهُمْ إلَى أَجَلٍ مُّسَمًّى فَإِذَا جَاء أَجَلُهُمْ لاَ يَسْتَأْخِرُونَ سَاعَةً وَلاَ يَسْتَقْدِمُونَ) {النحل/٦١}

(അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം (ഉടനടി)പിടികൂടിയിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല.എന്നാൽ നിർണിതമായ ഒരു അവധി വരെ അവൻ അവർക്ക് സമയം നീട്ടികൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴികനേരം പോലും അവർക്ക് വൈകിക്കാൻ ആവുകയില്ല.അവർക്കത് നേരെത്തെയാക്കാനും കഴിയില്ല)(അന്നഹ്ൽ:61).

(وَرَبُّكَ الْغَفُورُ ذُو الرَّحْمَةِ لَوْ يُؤَاخِذُهُم بِمَا كَسَبُوا لَعَجَّلَ لَهُمُ الْعَذَابَ بَل لَّهُم مَّوْعِدٌ لَّن يَجِدُوا مِن دُونِهِ مَوْئِلًا) {الكهف/٥٨}

(നിന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു.അവർ ചെയ്ത് കൂട്ടിയതിന് അവൻ അവർക്കെതിരിൽ നടപടി എടുക്കുകയായിരുന്നെങ്കിൽ അവർക്കവൻ ഉടൻ തന്നെ ശിക്ഷ നൽകുമായിരുന്നു. പക്ഷെ അവർക്കൊരു നിശ്ചിത അവധിയു ്. അതിനെ മറികടന്ന് കൊ ് രക്ഷ പ്രാപിക്കാവുന്ന ഒരു സ്ഥാനവും അവർ കെ ത്തുകയേയില്ല) (അൽ കഹ്ഫ് :58).

## الرَّؤُوفُ

## ദയാലു

﴿وَأَنَّ اللَّهَ رَءُوفٌ رَحِيمٌ﴾[النور: ٢٠]

(അല്ലാഹു ദയാലുവും കരുണാനിധിയമാകുന്നു) (നൂർ: 20)

الرؤوف(ദയാലു) എന്നത് അല്ലാഹുവിന്റെ നാമത്തിൽപെട്ടതാകുന്നു,ഈ നാമം الرحمة(കാരുണ്യം) എന്നതിന്റെ ഉന്നതമായ ആശയത്തെയാണ് സൂചിപ്പിക്കുന്നത്.ദുൻയാവിൽ മുഴുവൻ സൃഷ്ടികൾക്കും, പരലോകത്ത് ഔലിയാക്കൾ,സത്യവിശ്വാസികൾ, മുത്തഖീങ്ങൾ തുടങ്ങിയ ചില സൃഷ്ടികൾക്കും നൽകുന്നതാണ് അല്ലാഹുവിൻെറ ദയ എന്നുള്ളത്.അതുപോലെ തന്നെ രോഗികൾക്കും, യാത്രക്കാർക്കും നിർബ്ബന്ധ കർമ്മങ്ങളിൽ ഇളവ് നൽകിയതും അല്ലാഹുവിന്റെ ദയയിൽ പെട്ടതാണ്. കഠിനമായി ശിക്ഷിക്കുന്നവനാണെങ്കിലും സൃഷ്ടികളോട് അങ്ങേയറ്റം ദയ കാണിക്കുന്നവനാണവൻ. അതുകൊ ് തന്നെയാണ് പ്രവാചകൻമാരെയും,വേദഗ്രന്ഥങ്ങളും ഇറക്കിക്കൊ ് നിങ്ങൾ തിൻമകൾ ചെയ്യരുത്,പാപങ്ങളും തെറ്റുകളും വെടിയണംഎന്ന് ഉദ്ബോധിപ്പിച്ചു കൊ ് അവന്റെ കഠിനകഠോരമായ ശിക്ഷയിൽനിന്ന് സൃഷ്ടികളെ രക്ഷിക്കുകയെന്നതും അവന്റെ ദയയുടെ ഭാഗമാണ്.അതുപോലെതന്നെ ചെറിയചെറിയ നൻമകൾക്ക് വർദ്ധിച്ച പ്രതിഫലം നൽകി അടിമകളുടെ നൻമയുടെ തുലാസ്സിൽ ഘനം തൂക്കുകയെന്നതും അവന്റെ ദയയുടെ ഭാഗം തന്നെ.

## التَّوَّابُ

## അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവൻ.

﴿إِلَّا الَّذِينَ تَابُوا وَأَصْلَحُوا وَبَيَّنُوا فَأُولَئِكَ أَتُوبُ عَلَيْهِمْ وَأَنَا التَّـوَّابُ الـرَّحِيمُ﴾

[البقرة: ١٦٠]

(എന്നാൽ പശ്ചാത്തപിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും, (സത്യം ജനങ്ങൾക്ക്) വിവരിച്ചു കൊടുക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്.ഞാൻ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ) (അൽബഖറ :160).

മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് പാപം ചെയ്യുന്ന പ്രകൃതത്തോടെയാണ്,പ്രവാചകൻമാർക്ക് മാത്രമാണ് പാപസുരക്ഷിതത്വമുള്ളത്, അതുകൊ ് തന്നെ പാപങ്ങൾ ചെയ്താൽ അതിന്റെ പരിഹാരത്തിനായി അല്ലാഹുവിനോട് പശ്ചാതപിക്കേ തു ്. അങ്ങിനെ പശ്ചാതപിക്കുന്നവരുടെ പശ്ചാതാപം സ്വീകരിക്കുകയെന്നത് അല്ലാഹുവിന് ഇഷ്ടമുള്ള കാര്യമാണ്,അങ്ങിനെ പശ്ചാതാപം സ്വീകരിക്കുന്നവൻ എന്നത് അവന്റെ നാമത്തിൽ പെട്ടതാണ്.ചെയ്തുപോയ പാപങ്ങൾ അല്ലാഹുവിനോട് ഏറ്റു പറഞ്ഞ് ആത്മാർത്ഥമായിട്ടുള്ള പശ്ചാതാപം സ്വീകരിക്കപ്പെടുക തന്നെ ചെയ്യുന്നതാണ്. ആയതിനാൽ ചെയ്തുപോയ ചെറുതും വലുതുമായ പാപങ്ങൾക്ക് പരിഹാരമായി,ശുദ്ധീകരണത്തിനായി ആത്മാർത്ഥയുടെ മനസുമായി അല്ലാഹുവിലേക്ക് മടങ്ങുകയെന്നത് മനുഷ്യരുടെ ബാധ്യതയാണ്.കാരണം അല്ലാഹു അത്യധികം പശ്ചാതാപം സ്വീകരിക്കുന്നവനാണ്.

# الـبَرُّ

# ഔദാര്യവാൻ.

﴿إِنَّهُ هُوَ الْبَرُّ الرَّحِيمُ﴾[الطور: ٢٨]

(തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും) (ത്വൂർ: 28).

സൃഷ്ടികളോട് അങ്ങേയറ്റം ഔദാര്യമുള്ളവനാണ് അല്ലാഹു,സൃഷ്ടികൾക്ക് ആവശ്യമായ മുഴുവൻ കാര്യങ്ങളും ഈ പ്രപഞ്ചത്തിൽ സംവിധാനിക്കുകയും,ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്ന അല്ലാഹുവിന്റെ ഔദാര്യം എത്ര മഹത്വരമാണ്! മുഴുവൻ സൃഷ്ടികൾക്കും യാതൊരു വൈരാഗ്യവുമില്ലാതെ,വ്യത്യാസവും കൂടാതെ വിശാലമായ ഔദാര്യം നൽകുന്നവനാണ് അവൻ. വൈവിധ്യമാർന്ന അനുഗ്രഹങ്ങളും, വ്യത്യസ്തമായ സൗകര്യങ്ങളും, മുറിഞ്ഞുപോവാത്ത കാരുണ്യവും നൽകുന്നവനാണ് അല്ലാഹു. അവന്റെ കാരുണ്യത്തിനും, ഔദാര്യത്തിനും, സൗകര്യങ്ങൾക്കും പരിധിയോ, പരിമിധികളോ ഇല്ല. അവൻ വിശാലമായ ഔദാര്യം നൽകുന്നവനാണ്.

# الْوَدُودُ

# ഏറെ സ്നേഹമുള്ളവൻ

﴿وَهُوَ الْغَفُورُ الْوَدُودُ﴾[البروج: ١٤]

(അവൻ ഏറെ പൊറുക്കുന്നവനും ഏറെ സ്നേഹമുള്ളവനുമാണ്) (അൽ ബുറൂജ്: 14)

അല്ലാഹുവിന്റെ നാമത്തിൽ പെട്ടതാണ് ഏറെ സ്നേഹമുള്ളവൻ എന്നത്. പ്രവാചകൻമാരോടും, ദൂതൻമാരോടും, അവരെ അനുഗമിച്ചവരോടും, അവരെ ഇഷ്ടപ്പെടുന്നവരോടും ഏറെ സ്നേഹമുള്ളവനാണ് അല്ലാഹു, എല്ലാറ്റിനേക്കാളും അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു.അവനോടുള്ള ഇഷ്ടം കൊ  ും,സ്നേഹം കൊ  ും അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരിക്കുന്നു.അല്ലാഹു അവന്റെ ഭംഗിയുള്ള വിശേഷണങ്ങൾ കൊ  ും, വിശാലമായ അനുഗ്രഹങ്ങൾ കൊ  ും,ഗോപ്യമായ അനുകമ്പകൊ  ും, പ്രത്യക്ഷവും പരോക്ഷവുമായ നിഅ്മത്തുകൾ കൊ  ും സൃഷ്ടികളോട് ഏറെ സ്നേഹമുള്ളവനാകുന്നു. അടിമകളോട് അല്ലാഹുവിനുള്ള ഏറെ സ്നേഹം കൊ  ാണ് പാപങ്ങളും തെറ്റു കുറ്റങ്ങളും പശ്ചാതാപത്തിലൂടെ പൊറുത്തു കൊടുക്കുകയും കഴുകി കളയുകയും ചെയ്യുന്നതോടൊപ്പം അവരെ സ്വർഗത്തിൽപ്രവേശിപ്പിക്കുകയും ചെയ്യുന്നത്.

## الشَّاكِرُ

## നന്ദിയുള്ളവൻ. ഇതിനുള്ള തെളിവ്?

## الشَّكُورُ

## ഏറ്റവും അധികം നന്ദിയുള്ളവൻ.

(فَإِنَّ اللَّهَ شَاكِرٌ عَلِيمٌ ){البقرة/١٥٨}

(തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു) (അൽബഖറ: 158).

﴿وَاللَّهُ شَكُورٌ حَلِيمٌ﴾[التغابن: ١٧]

(അല്ലാഹു ഏറ്റവും അധികം നന്ദിയുള്ളവനും സഹനശീലനുമാകുന്നു) (അത്തഗാബുൻ: 17).

അല്ലാഹുവിന്റെ നിയമങ്ങൾ അംഗീകരിച്ചും അനുസരിച്ചും ആരാണോ ജീവിക്കുന്നവർ അവർക്ക് അനുഗ്രഹങ്ങളും, പ്രതിഫലം നൽകുകയും, അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ചും, വർദ്ധിച്ച പ്രതിഫലങ്ങൾ ഇരട്ടിയായി നൽകിയും നന്ദി ചെയ്യുന്നവനാണ് അവൻ. സൃഷ്ടികൾ ചെയ്യുന്ന ഒരു കർമ്മവും പാഴായി പോവാതെ മുഴുപ്രവർത്തനങ്ങൾക്കും കൃത്യമായി പ്രതിഫലം ഇരട്ടിയിരട്ടിയായി നൽകുന്നവനാണ് അല്ലാഹു.ചെറിയ ചെറിയ പ്രവർത്തനങ്ങൾക്ക് വർദ്ധിച്ച പ്രതിഫലവും,അതിരില്ലാത്ത ഗുണങ്ങളും നൽകുന്നു.ആരാണോ അവന് നന്ദി ചെയ്യുന്നത് അവരോട് അവൻ നന്ദിയുള്ളവനും, ആരാണോ അവനെ സ്മരിക്കുന്നത് അവരെ അവൻ സ്മരിക്കുകയും,ആരാണോ അവനോട് ഒരു ചാണടുക്കുന്നത് അവരോട് ഒരു മുഴമടുത്തു കൊ ും, ഒരു മുഴമടുത്തവരോട് ഒരു മാറ് അടുത്തുകൊ ും, ആരാണോ നന്മ ചെയ്യുന്നത് അവർക്ക് അതിനേക്കാൾ നല്ല നന്മകൾ പ്രതിഫലമായി നൽകികൊ ും നന്ദി ചെയ്യുന്നവനാണ് അല്ലാഹു. അല്ലാഹു ഏറെ പൊറുക്കുന്നവനാണെന്ന നാമവും, ഏറെ നന്ദിയുള്ളവനാണെന്ന നാമവും അടുത്തടുത്ത് വന്നിരിക്കുന്നത്. ഏത് വലിയ പാപമാണെങ്കിലും അതിന് പശ്ചാതാപം

ചെയ്യുകയാണെങ്കിൽ നിരാശരാവേ   തില്ല, അല്ലാഹു പൊറുത്ത് തരുന്നതാണ്, അതുപോലെ ഏത് ചെറിയ പ്രവർത്തനമാണെങ്കിലുംശരി അതിന് കൃത്യമായ പ്രതിഫലം നൽകുകയും, ഏറ്റവും അധികം നന്ദി ചെയ്യുന്നവനുമാണ് അല്ലാഹു,അതുകൊ ˘ ഏത് വലിയ പാപത്തിനും പശ്ചാതപിക്കുക, നിസ്സാരമല്ലേയെന്ന് വിചാരിച്ച് ഒരു ചെറിയ നന്മയും ഉപേക്ഷിക്കാതിരിക്കുക.

## اللَّطِيفُ

## അഭിജ്ഞൻ (അനുകമ്പയുള്ളവൻ).

﴿وَهُوَ اللَّطِيفُ الْخَبِيرُ﴾[الأنعام: ١٠٣]

(അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനു(അനുകമ്പയുള്ളവനു)മാകുന്നു) (അൽ അൻആം :103).

അല്ലാഹുവിന്റെ ഈ നാമത്തിന് ര ˘ ആശയങ്ങളു ˘. ഒന്ന് എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അറിയുന്നവനാണ്, അവന് ഒന്നും അജ്ഞാതമല്ല,ആകാശ ഭൂമികളിലോ എവിടെയാണെങ്കിലും ഏത് ചെറിയ കാര്യവും അവൻ അതിസൂക്ഷ്മമായി അറിയുന്നു. അതാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്.

﴿يَا بُنَيَّ إِنَّهَا إِنْ تَكُ مِثْقَالَ حَبَّةٍ مِنْ خَرْدَلٍ فَتَكُنْ فِي صَخْرَةٍ أَوْ فِي السَّمَاوَاتِ أَوْ فِي الْأَرْضِ يَأْتِ بِهَا اللَّهُ إِنَّ اللَّهَ لَطِيفٌ خَبِيرٌ﴾ [لقمان: ١٦]

(എന്റെ കുഞ്ഞുമകനേ,തീർച്ചയായും അത്(കാര്യം) ഒരു കടുക് മണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു

പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊ  ുവരുന്നതാണ്.തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു) (ലുഖ്മാൻ: 16).

**ര  ാമത്തെ ആശയം:** അടിമകൾ അറിയാതെ, പ്രതീക്ഷിക്കാതെ തന്നെ അല്ലാഹുവിന്റെ അനുകമ്പയും, ദയയും അവരിലേക്ക് എത്തിക്കുന്നവനുമാണ് അല്ലാഹു. നാം ജനിച്ച് വീഴുന്നതിന് എത്രയോവർഷങ്ങൾക്ക് മുമ്പുതന്നെ നമുക്കാവശ്യമായ മുഴുവൻ കാര്യങ്ങളും നാം ആഗ്രഹിക്കാതെ, പ്രതീക്ഷിക്കാതെ, ആവശ്യപ്പെടാതെ ഒരുക്കി സംവിധാനിച്ച് നൽകിയിരിക്കുന്നു.അങ്ങിനെയുള്ള അനുകമ്പയുടെ ഉടമയാണ് അല്ലാഹു എന്നതാണ് ഈ നാമം കൊ  ുദ്ദേശിക്കുന്നത്.

## الْمُحِيــــطُ

## വലയം ചെയ്തുകൊ  ിരിക്കുന്നൻ.

﴿وَاللَّهُ مِنْ وَرَائِهِمْ مُحِيطٌ﴾[البروج: ٢٠]

(അല്ലാഹു അവരുടെ പിൻവശത്തുകൂടി (അവരെ) വലയം ചെയ്തു കൊ  ിരിക്കുന്നവനാകുന്നു) (അൽ ബുറൂജ്: 20).

എല്ലാ കാര്യങ്ങളെയും അതിസൂക്ഷ്മമായ അറിവുകൊ  ും,കഴിവ് കൊ  ും ആധിപത്യം കൊ  ും അല്ലാഹു വലയം ചെയ്തുകൊ  ിരിക്കുന്നു.അല്ലാഹുവിന്റെ അറിവിൽ പെടാതെ യാതൊരു കാര്യവുമില്ല, ആകാശങ്ങളിലോ ഭൂമി

യിലോ അല്ലാഹുവിനെ അശക്തമാക്കുന്ന യാതൊന്നുമില്ല, അതുപോലെ തന്നെ അവനെ അതിജയിക്കാനോ അവനിൽ നിന്ന് ഓടിപ്പോവാനോ ഒരാൾക്കും സാധിക്കുകയില്ല അങ്ങിനെ സർവ്വരൂപത്തിലും വലയം ചെയ്യുന്നവനാണ് അല്ലാഹു. അല്ലാഹുവിന്റെ കൽപനയിൽ നിന്നും, ശക്തിയിൽ നിന്നും ഒരാൾക്കും ഓടിപ്പോവാനോ,രക്ഷപ്പെടാനോ സാധ്യമല്ല,കാരണം അല്ലാഹു അറിവ് കൊ ും കഴിവ് കൊ ും ആധിപത്യം കൊ ും എല്ലാറ്റിനെയും വലയം ചെയ്ത് കൊ ിരിക്കുന്നവനാണ്.

## الوَاســـِعُ

## വിപുലമായ കഴിവുള്ള(നൽകുന്ന)വൻ.

﴿إِنْ يَكُونُوا فُقَرَاءَ يُغْنِهِمُ اللَّهُ مِنْ فَضْلِهِ وَاللَّهُ وَاسِعٌ عَلِيمٌ﴾[النور: ٣٢]
(അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമത്രെ)(നൂർ:32).

അല്ലാഹു ഉന്നതവും വിശാലവുമായ വിശേഷണങ്ങളുടെയും,ഉന്നതിയുടെയും, ആധിപത്യത്തിന്റെയും, അധികാരത്തിന്റെയും, അനുഗ്രഹത്തിന്റെയും,നന്മയുടെയും ഉടമയാണ്, അതോടൊപ്പം തന്നെ മഹത്തായ ഔദാര്യത്തിന്റെയും, ദാനത്തിന്റെയും ഉടമയുമാണ്.അല്ലാഹുവിന്റെ വിശാലമായ അറിവിനെയും, കാരുണ്യത്തെയും സംബന്ധിച്ച് വ്യക്തമാക്കുന്നത് കാണുക:

(رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَعِلْمًا) {غافر/٧}
(ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കുന്നു) (ഗ്വാഫിർ: 7).

അല്ലാഹു വിശാലമായി നൽകുന്ന ഉപജീവനത്തെ സംബന്ധിച്ച് നാം അറിയുക:

(إِن يَكُونُوا فُقَرَاء يُغْنِهِمُ اللَّهُ مِن فَضْلِهِ وَاللَّهُ وَاسِعٌ عَلِيمٌ) {النور/٣٢}
(അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമത്രെ) (അന്നൂർ: 32).

അല്ലാഹുവിന്റെ വിശാലമായ പാപമോചനത്തെ കുറിച്ച് ഖുർആൻ വ്യക്തമാക്കുന്നു:

(وَاللّهُ يَعِدُكُم مَّغْفِرَةً مِّنْهُ وَفَضْلاً وَاللّهُ وَاسِعٌ عَلِيمٌ ){البقرة/٢٦٨}
(അല്ലാഹുവാകട്ടെ അവന്റെ പക്കൽ നിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു.അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു) (അൽബഖറ: 268).

അതുപോലെ തന്നെ ഉന്നതനായ അല്ലാഹു സൃഷ്ടികൾക്ക് കഴിയുന്ന കാര്യങ്ങൾ മാത്രമാണ് അവർക്കായി നിർദ്ദേശിച്ചിട്ടുള്ളത്, ഒരു സൃഷ്ടിയെ കൊ ും തന്നെ കഴിയാത്ത

കാര്യങ്ങൾ നിർബ്ബന്ധിപ്പിക്കുന്നില്ല.അതാണ് ഖുർആൻ പരാമർശിക്കുന്നത്:

لاَ يُكَلِّفُ اللَّهُ نَفْسًا إِلاَّ وُسْعَهَا {البقرة/٢٨٦}

(അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല) (അൽബഖറ: 286)

## الْوَهَّابُ

## അത്യുദാരൻ

﴿أَمْ عِنْدَهُمْ خَزَائِنُ رَحْمَةِ رَبِّكَ الْعَزِيزِ الْوَهَّابِ﴾ [ص: ٩]

(അതല്ല, പ്രതാപിയും അത്യുദാരനുമായ നിന്റെ രക്ഷിതാവിന്റെ കാരുണ്യത്തിന്റെ ഖജനാവുകൾ അവരുടെ പക്കലാണോ?) (സ്വാദ്: 9)

അത്യുദാരൻ എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്. അടിമകൾക്ക് ധാരാളം അനുഗ്രഹങ്ങളും സൗകര്യങ്ങളും നൽകുന്നവനാണ് അല്ലാഹു. തുടർന്ന് കൊ ിരിക്കുന്ന അനുഗ്രഹങ്ങളും,വൈവിധ്യവും വിശാലവുമായ സൗകര്യങ്ങളും അനന്തമായി തന്നെ നൽകുന്നവനാണ് അവൻ.അവന്റെ കൈകളിലാണ് സർവ്വ ഖജനാവുകളും, ആകാശ ഭൂമികളുടെ ആധിപത്യവും, കാര്യങ്ങളുടെ നിർണ്ണയങ്ങളും. അവൻ തന്റെ അധികാരം ഉദ്ദേശിക്കുന്ന രൂപത്തിൽ കൈകാര്യം ചെയ്യുന്നതാണ്. അത്യുദാരനായ അല്ലാഹു സൃഷ്ടികൾക്ക് നൽകുന്നവൈവിധ്യമാർന്ന ഓരോ അനുഗ്രഹങ്ങളെ സംബന്ധിച്ചും ഖുർആൻ എടുത്തെടുത്ത് വിശദമാക്കി മനുഷ്യരുടെ

ചിന്തയെ തട്ടിയുണർത്തി യഥാർത്ഥ വിശ്വാസത്തിലേക്കുള്ള വഴി കാണിച്ചു കൊടുക്കുന്നു ︠. അങ്ങനെയുള്ള ഒരു ആയത്ത് കാണുക:

(لِلَّهِ مُلْكُ السَّمَوَاتِ وَالْأَرْضِ يَخْلُقُ مَا يَشَاء يَهَبُ لِمَنْ يَشَاء إِنَاثًا وَيَهَبُ لِمَن يَشَاء الذُّكُورَ * أَوْ يُزَوِّجُهُمْ ذُكْرَانًا وَإِنَاثًا وَيَجْعَلُ مَن يَشَاء عَقِيمًا إِنَّهُ عَلِيمٌ قَدِيرٌ ){الشورى/٥٠}

(അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തി കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു.തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു) (അശ്ശൂറാ: 49,50).

## الْوَكِيلُ

## ഭരമേൽപ്പിക്കപ്പെടുന്നവൻ

﴿وَقَالُوا حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ﴾ [آل عمران: ١٧٣]

(അവർ പറഞ്ഞു:ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ) (ആലു ഇംറാൻ:173).

ഭരമേൽപിക്കാൻ ഏറ്റവും നല്ലവൻ അല്ലാഹു മാത്രമാണ്, അതവന്റെ നാമത്തിൽ പെട്ടത് തന്നെയാണ്. എല്ലാ കാര്യങ്ങളിലും ഭരമേൽപിക്കാൻ ഏറ്റവും അനുയോജ്യനായിട്ടുള്ളത് അവനാണ്. ഇത് ര ് രൂപത്തിലു ്.

**ഒന്ന്:** പൊതുവായിട്ടുള്ളത്,അതാണ് ഖുർആൻ പറയുന്നത്:

(وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ) {الأنعام/١٠٢}

(അവൻ സകലകാര്യങ്ങളിലും ഭരമേൽപ്പിക്കപ്പെടുന്നവനാകുന്നു) (അൽ അൻആം: 102).

(وَاللَّه عَلَى كُلِّ شَيْءٍ وَكِيلٌ) {هود/١٢}

(അല്ലാഹു എല്ലാകാര്യങ്ങളിലും ഭരമേൽപ്പിക്കപ്പെടുന്നവനാകുന്നു) (ഹൂദ് :12).

അതായത് മുഴുവൻ സൃഷ്ടികളുടെയും ഉപജീവനവും, ഭക്ഷണവും ഏറ്റെടുത്തവനാണ് അവൻ, അതു പോലെ തന്നെ പ്രപഞ്ചവും, അതിലെ വസ്തുക്കളുടെയും മുഴുവൻ സംവിധാനവും, നിയന്ത്രണവും അവന്റെ കൈകളിലാണ്.

**ര ്**: പ്രത്യേകമായിട്ടുള്ളത്, അതാണ് ഖുർആൻ നമുക്ക് പഠിപ്പിക്കുന്നത്:

وَتَوَكَّلْ عَلَى اللَّهِ وَكَفَى بِاللَّهِ وَكِيلًا {الأحزاب/٣}

(അല്ലാഹുവെ നീ ഭരമേൽപിക്കുകയും ചെയ്യുക.കൈകാര്യ കർത്താവായി അല്ലാഹു തന്നെ മതി) (അൽഅഹ്സാബ്:3).

وَقَالُواْ حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ {آل عمران/١٧٣}

(അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപി ക്കുവാൻ ഏറ്റവും നല്ലത് അവനത്രെ) (ആലുഇംറാൻ: 173).

ഭരമേൽപിക്കാൻ അർഹനായവനിലേക്ക് ആരാണോ അ ഭയം തേടുന്നത് അവന് അല്ലാഹു എത്ര നല്ല അഭയം നൽ കുന്നവനാണ്!, ആരാണോ രക്ഷകനാക്കുന്നത് അവനെ അ ല്ലാഹു സംരക്ഷിക്കുന്നതാണ്.ഇത് അവനിൽ ഭരമേൽപിക്കു ന്ന വിശ്വാസികൾക്ക് മാത്രമായി ലഭിക്കുന്ന സൗഭാഗ്യമാ ണ്.അതുകൊ ് തന്നെ ഏകനായ അല്ലാഹുവിൽ മാത്രം ഭ രമേൽപിക്കുക.

## الحَفِيظُ

## സംരക്ഷിക്കുന്നവൻ.

﴿إِنَّ رَبِّي عَلَىٰ كُلِّ شَيْءٍ حَفِيظٌ﴾[هود: ٥٧]

(തീർച്ചയായും എന്റെ രക്ഷിതാവ് എല്ലാ കാര്യവും സംര ക്ഷിച്ച് പോരുന്നവനാകുന്നു) (ഹൂദ്: 57).

സംരക്ഷിക്കുന്നവൻ എന്നത് അല്ലാഹുവിന്റെ ഒരു നാമ മാണ്. അവന്റെ സംരക്ഷണം സൃഷ്ടികൾക്ക് ലഭിക്കുന്നത് ര ് രൂപത്തിലാണ്. ഒന്ന് പൊതുവായുള്ളത്: ഭക്ഷണം, പാ നീയം, വായു എന്നീ കാര്യങ്ങൾ സംവിധാനിച്ചതിലൂടെയു ള്ള സംരക്ഷണം എല്ലാവർക്കും ലഭിക്കുന്നു. അതുപോലെ സൃഷ്ടികൾക്ക് ഉപകാരപ്പെടുന്ന ആവശ്യങ്ങളിലേക്കും, നിർ ബ്ബന്ധ കാര്യങ്ങളിലേക്കുമുള്ള മാർഗം എളുപ്പമാക്കി കൊ ടുത്തു കൊ ും അല്ലാഹു അവരെ സംരക്ഷിച്ചിരിക്കുന്നു.

അതാണ് താഴെ വരുന്ന ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്:

(قَالَ رَبُّنَا الَّذِي أَعْطَى كُلَّ شَيْءٍ خَلْقَهُ ثُمَّ هَدَى) {طه/٥٠}

(അദ്ദേഹം (മൂസാ) പറഞ്ഞു: ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്) (ത്വാഹ:50).

അതുപോലെ തന്നെ അവർക്ക് വെറുപ്പു ാകുന്നതും, ഉപദ്രവമു ാവുന്നതുമായ കാര്യങ്ങളിൽ നിന്നും അല്ലാഹു സംരക്ഷണം നൽകിയിരിക്കുന്നു. അതിൽ നന്മ ചെയ്യുന്നവരും,തിന്മ ചെയ്യുന്നവരും,മൃഗങ്ങളും മറ്റു സൃഷ്ടികളുമെല്ലാം ഉൾപ്പെടുന്നതാണ്. ഓരോ മനുഷ്യരെയും സംരക്ഷിക്കുവാനായി അല്ലാഹു മലക്കുകളെ ചുമതലപ്പെടുത്തിയിരിക്കുന്നു: അതാണ് അല്ലാഹു പറയുന്നത്:

(لَهُ مُعَقِّبَاتٌ مِّن بَيْنِ يَدَيْهِ وَمِنْ خَلْفِهِ يَحْفَظُونَهُ مِنْ أَمْرِ اللَّهِ) {الرعد/١١}

(മനുഷ്യന്ന് അവന്റെ മുമ്പിലൂടെയും പിന്നിലൂടെയും തുടരെത്തുടരെ വന്ന് കൊ ് അല്ലാഹുവിന്റെ കൽപന പ്രകാരം അവനെ കാത്തുസൂക്ഷിച്ച് കൊ ിരിക്കുന്നവർ(മലക്കുകൾ) ഉ ്) (റഅ്ദ് :11)

ര ാമത്തേത് അല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്നവർക്ക് ലഭിക്കുന്ന പ്രത്യേകമായ സംരക്ഷണമാണ്. വിശ്വാസികളുടെ വിശ്വാസ സംരക്ഷണത്തിനായി ഈമാനിന് കോട്ടം തട്ടുന്ന പിഴച്ച ചിന്തകളിൽ നിന്നും, കുഴപ്പങ്ങളിൽ

നിന്നും,നാശം വിതക്കുന്ന ദേഹേച്ഛകളിൽനിന്നും സംരക്ഷ ണം നൽകുന്നു. അതുപോലെ തന്നെ മനുഷ്യരിലും ജിന്നു കളിലും പെട്ട ശത്രുക്കളിൽ നിന്നും, അവരുടെ തന്ത്രങ്ങളി ൽ നിന്നും, കുതന്ത്രങ്ങളിൽ നിന്നും വിശ്വാസികളെ രക്ഷ പ്പെടുത്തുകയും, സഹായിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

(إِنَّ اللَّهَ يُدَافِعُ عَنِ الَّذِينَ آمَنُوا) {الحج/٣٨}

(തീർച്ചയായും സത്യവിശ്വാസികൾക്ക് വേ ി അല്ലാഹു പ്രതിരോധം ഏർപെടുത്തുന്നതാണ്. ) (അൽഹജ്ജ് :38)

ഈമാനിന്റെ ശക്തിക്കനുസരിച്ച് അല്ലാഹുവിന്റെ സംര ക്ഷണവും വർദ്ധിക്കുന്നതാണ്. ഇതുകൊ ാണ് റസൂലു ല്ലാഹ്(ﷺ) ഇബ്നു അബ്ബാസ്(رضي الله عنه)വിനോട് വ്യക്തമാക്കി കൊ ടുക്കുന്നത്:‘നീ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു നി ന്നെ സംരക്ഷിക്കുന്നതാണ്’ (അഹ്മദ്, തിർമിദി)

## الغَـنِيُّ
## സ്വയം പര്യാപ്തൻ

﴿وَاللَّهُ هُوَ الْغَنِيُّ الْحَمِيدُ﴾[فاطر: ١٥]

(അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാ കുന്നു) (ഫാത്വിർ :15).

അല്ലാഹുവിന്റെ ഒരു നാമമാണ് الغـنِيّ (സ്വയം പര്യാപ്തൻ) എന്നത്. ഉന്നതനും പ്രതാപവാനുമായ അല്ലാഹു എല്ലാ അർത്ഥത്തിലും, എല്ലാ മേഖലയിലും യാതൊരു പോരായ്മയും കുറവും വരാതെ സമ്പൂർണനായി അവന്റെ ദാത്ത് കൊ ് തന്നെ സ്വയം പര്യാപ്തനാണ്. അവന്റെ സമ്പൂർണമായ സ്വയംപര്യാപ്തതയിൽ പെട്ടതാണ് അവനെ അനുസരിക്കുന്നവരുടെ അനുസരണം അവന് ഉപകാരപ്പെടുകയോ, അവനെ ധിക്കരിക്കുന്നവരുടെ ധിക്കാരം അവന് ഉപദ്രവമു ാക്കുകയോ ചെയ്യില്ലയെന്നത്.ഭൂമിയിലുള്ള മുഴുവനാളുകളും വിശ്വാസികളായി തീർന്നാൽ പോലും അവന്റെ അധികാരത്തിൽ ഒന്നും തന്നെ വർദ്ധിക്കുകയോ, മുഴുവനാളുകളും അവിശ്വാസികളായി തീർന്നാൽ അവന്റെ അധികാരത്തിൽ വല്ലതും കുറവ് വരുകയോ ചെയ്യില്ല, അങ്ങിനെയുള്ള സ്വയം പര്യാപ്തനാണ് അവൻ. ഈ രൂപത്തിൽ ആരാണോ അല്ലാഹുവിനെ മനസിലാക്കുന്നത് എങ്കിൽ അവന് സ്വന്തത്തെ മനസിലാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു നിരുപാധികം തന്നെ സ്വയം പര്യാപ്തനാണെന്ന് മനസിലാക്കി കഴിഞ്ഞാൽ താൻ നിരുപാധികം ദരിദ്രനാണെന്ന് മനസിലാകും, അല്ലാഹു എല്ലാ തരത്തിലും സമ്പൂർണ കഴിവുള്ളവനാണെന്ന് മനസിലാക്കിയാൽ താൻ സമ്പൂർണമായും അശക്തനാണെന്ന് അറിയാൻ സാധിക്കും, പരിപൂർണ പ്രതാപം അല്ലാഹുവിനാണെന്ന് പഠിച്ച് കഴിഞ്ഞാൽ താൻ പരിപൂർണമായും ഒരു സാധുവാണെന്ന് അറിയാൻ സാധിക്കും, സമ്പൂർണമായ അറിവിന്റെ ഉടമയാണ് അല്ലാഹുവെന്ന് ഒരാൾ മനസിലാക്കി കഴിഞ്ഞാൽ താൻ അജ്ഞനാണെ

ന്നവന് ബോധ്യമാവും. താൻ അല്ലാഹുവിലേക്ക് എപ്പോഴും ആവശ്യമുന്നയിക്കേ വനാണെന്ന് ഒരാൾക്ക് ബോധ്യപ്പെടുകയെന്നതാണ് ഐഹികവും പാരത്രികവുമായ അവന്റെ സൗഭാഗ്യത്തിനും വിജയത്തിനും നിധാനമായിട്ടുള്ളത്.

## الْكَرِيمُ
## ഉദാരൻ

﴿وَمَنْ شَكَرَ فَإِنَّمَا يَشْكُرُ لِنَفْسِهِ وَمَنْ كَفَرَ فَإِنَّ رَبِّي غَنِيٌّ كَرِيمٌ﴾[النمل: ٤٠]

(വല്ലവനും നന്ദികാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്നപക്ഷം തീർച്ചയായും എന്റെ രക്ഷിതാവ് പരാശ്രയ മുക്തനും,ഉദാരനുമാകുന്നു) (അന്നംല് :40).

അല്ലാഹുവിന്റെ ഒരു നാമമാണ് الكريم (ഉദാരൻ) എന്നത്. എല്ലാ നന്മകളും, സ്തുതികളും ഉൾകൊള്ളുന്നതാണ് ഉൽകൃഷ്ടൻ എന്നതു കൊ ുദ്ദേശിക്കുന്നത്. അതായത് മുഴുവൻ ന്യൂനതകളിൽ നിന്നും, പോരായ്മകളിൽ നിന്നും,വീഴ്ചകളിൽ നിന്നും സുരക്ഷിതനാണ് ഉൽകൃഷ്ടനായ അല്ലാഹു.എല്ലാവിധ സദ്ഗുണങ്ങളും സംഗമിക്കുകയും,അവയെല്ലാം തന്റെ സൃഷ്ടികൾക്ക് ഔദാര്യമായി നൽകുകയും ചെയ്യുന്നവനാണ് ഉൽകൃഷ്ടനായ അല്ലാഹു.

# الْأَكْرَمُ

# അത്യുദാരൻ

﴿اقْرَأْ وَرَبُّكَ الْأَكْرَمُ﴾ [العلق: ٣]

(നീ വായിക്കുക നിന്റെ രക്ഷിതാവ് ഏറ്റവും വലിയ അത്യുദാരനാകുന്നു) (അലഖ് :3).

**الأكـــرم** (അത്യുദാരൻ)എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്. സൃഷ്ടികൾക്ക് അങ്ങേയറ്റം ഉദാരതയോടെ ഔദാര്യം ചെയ്യുന്നവനാണ് അല്ലാഹു. എല്ലാ അർത്ഥത്തിലും, സമ്പൂർണമായി ഔദാര്യം ചെയ്യുന്നവനാണവൻ. അതായത് ധാരാളമായി നന്മകളും, അനുഗ്രഹങ്ങളും ഔദാര്യമായി നൽകുന്നവനാണ്, അത് എപ്പോഴും തുടർന്ന് കൊ യിരിക്കുന്നു, ഒന്നും പകരം ചോദിക്കാതെ ആവശ്യപ്പെടാതെ, ഒരു കാരണവും കൂടാതെ തന്നെ നൽകുന്നവനാണ് അവൻ. അതുപോലെ തന്നെ ആവശ്യമുള്ളവനും, ആവശ്യമില്ലാത്തവനും ഉദാരമായി ഔദാര്യം ചെയ്യുന്നവനും, കരാർ ചെയ്താൽ പൂർത്തീകരിക്കുകയും, പശ്ചാതാപിച്ചാൽ പൊറുത്തു കൊടുക്കുകയും,കൈനീട്ടിയാൽ മടക്കാതിരിക്കുകയും, അഭയം ചോദിച്ചാൽ നൽകുകയും ചെയ്യുന്ന ഔദാര്യവാൻ.ഇങ്ങനെ ഏത് ആശയത്തിലും, അർത്ഥത്തിലും നോക്കിയാലും അല്ലാഹു അങ്ങേയറ്റത്തെ ഔദാര്യവാനാണ്.

# الرَّازِقُ

## ഉപജീവനം നൽകുന്നവൻ

# الرَّزَّاقُ

## ധാരാളം (നിരന്തരം)ഉപജീവനം നൽകുന്നവൻ

﴿أَمْ تَسْأَلُهُمْ خَرْجًا فَخَرَاجُ رَبِّكَ خَيْرٌ وَهُوَ خَيْرُ الرَّازِقِينَ ﴾ [المؤمنون: ٧٢]
(അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിക്കുന്നു േ ാ? എന്നാൽ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രതിഫലമാകുന്നു ഏറ്റവും ഉത്തമമായിട്ടുള്ളത്.അവൻ ഉപജീവനം നൽകുന്നവരുടെ കൂട്ടത്തിൽ ഉത്തമനാകുന്നു) (അൽമുഅ്മിനൂൻ :58).

﴿إِنَّ اللَّهَ هُوَ الرَّزَّاقُ﴾[الذاريات: ٥٨]
(തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവൻ) (അദ്ദാരിയാത്ത് :58)

അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ് الرزاق الرازق എന്നിവ. മുഴുവൻ സൃഷ്ടികൾക്കും ഉപജീവനം നൽകുന്നവൻ എന്നതാണ് അതിന്റെ ആശയം.ഈ പ്രപഞ്ചത്തിലെ മുഴുവൻ സൃഷ്ടികൾക്കും അവയുടെ അവസ്ഥക്കും, പ്രകൃതത്തിനനുയോജ്യമായ രൂപത്തിൽ കൃത്യമായി ഉപജീവനം നൽകുന്നവനാണ് അല്ലാഹു.അല്ലാഹുവിന്റെ ഉപജീവനം ര ് രൂപത്തിലാണെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നു:

**ഒന്ന്:** പൊതുവായുള്ള ഉപജീവനമാണത്. അതിൽ പുണ്യം ചെയ്യുന്നവനും, തിൻമകൾ ചെയ്യുന്നവനും, വിശ്വാസിയും അവിശ്വാസിയും, പൗരാണികരും ആധുനികരും ഉൾപ്പെടുന്നതാണ്.അതിൽ വ്യത്യാസമില്ല. അതാണ് അല്ലാഹു പറയുന്നത്:

(وَمَا مِن دَآبَّةٍ فِي الأَرْضِ إِلاَّ عَلَى اللّهِ رِزْقُهَا وَيَعْلَمُ مُسْتَقَرَّهَا وَمُسْتَوْدَعَهَا كُلٌّ فِي كِتَابٍ مُّبِينٍ) {هود/٦}

(ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല. അവയുടെ താമസസ്ഥലവും സൂക്ഷിപ്പുസ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു രേഖയിലു ്.) (ഹൂദ് :6)

(وَكَأَيِّن مِن دَابَّةٍ لَا تَحْمِلُ رِزْقَهَا اللَّهُ يَرْزُقُهَا وَإِيَّاكُمْ وَهُوَ السَّمِيعُ الْعَلِيمُ) {العنكبوت/٦٠}

(സ്വന്തം ഉപജീവനത്തിന്റെ ചുമതല വഹിക്കാത്ത എത്രയെത്ര ജീവികളു ്.അല്ലാഹുവാണ് അവയ്ക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവൻ) (അൽ അൻകബൂത് :60).

ഐഹികലോകത്ത് ഉപജീവനം വിശാലമാവുകയെന്നത് അല്ലാഹുവിന്റെയടുത്ത് അവൻ ആദരണീയനാണെന്നർത്ഥമില്ല, അതുപോലെ ഉപജീവനം കുറയുകയെന്നത് അവൻ അല്ലാഹുവിന്റെയടുത്ത് നിന്ദ്യനാണെന്നും അർത്ഥമില്ല. അല്ലാഹു പറയുന്നു:

(فَأَمَّا الْإِنسَانُ إِذَا مَا ابْتَلَاهُ رَبُّهُ فَأَكْرَمَهُ وَنَعَّمَهُ فَيَقُولُ رَبِّي أَكْرَمَنِ
{الفجر/١٥} وَأَمَّا إِذَا مَا ابْتَلَاهُ فَقَدَرَ عَلَيْهِ رِزْقَهُ فَيَقُولُ رَبِّي أَهَانَنِ)
{الفجر/١٦}

(എന്നാൽ മനുഷ്യനെ അവന്റെ രക്ഷിതാവ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവന് സൗഖ്യം നൽകുകയും ചെയ്താൽ അവൻ പറയും; എന്റെ രക്ഷിതാവ് എന്നെ ആദരിച്ചിരിക്കുന്നു എന്ന്. എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറയും; എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നു എന്ന്)(അൽ ഫജ്ർ: 15,16).

ഉപജീവന വിശാലത അല്ലാഹുവിന്റെയടുത്തുള്ള ആദരണീയതക്കും, ഉപജീവന കുടുസത അവന്റെയടുത്തുള്ള അനാദരണീയത്തിന്റെയും തെളിവുകളല്ല. മറിച്ച് ഐശ്വര്യവും,ദാരിദ്ര്യവും, വിശാലതയും, കുടുസതയും അല്ലാഹുവിന്റെ പരീക്ഷണമാണ്.ആരാണ് നന്ദിചെയ്യുന്നവൻ, നന്ദികേട് ചെയ്യുന്നവൻ, ആരാണ് ക്ഷമിക്കുന്നത്, ആരാണ് അക്ഷമ കാണിക്കുന്നത് എന്ന് ക ത്തുവാനുള്ള പരീക്ഷണം.

**ര** ്: പ്രത്യേകമായുള്ള ഉപജീവനം. അത് മനസ്സുകൾക്കും, ഹൃദയങ്ങൾക്കുമുള്ള ഉപജീവനമാണ്. ആ ഭക്ഷണം വിജ്ഞാനവും, വിശ്വാസവുമാണ്.മതനിയമങ്ങൾ പഠിക്കാനും, യഥാർത്ഥ വിശ്വാസം ഉൾകൊള്ളാനുമുള്ള ഹൃദയ വിശാല

ത,അത് അല്ലാഹുവിൽ വിശ്വസിച്ചവർക്ക് മാത്രമാണ് അല്ലാഹു നൽകുക. അവന്റെ യുക്തിക്കും, കാരുണ്യത്തിനുമനുസരിച്ച് ഔദാര്യമായി നൽകുന്നതാണ് ഈ ഉപജീവനം.പരലോകത്ത് അല്ലാഹു അവർക്ക് അവന്റെ ഔദാര്യം പരിപൂർണമായി നൽകൽ സ്വർഗ പ്രവേശനത്തിലൂടെയാണ്. അല്ലാഹു പറയുന്നു:

(وَمَن يُؤْمِن بِاللَّهِ وَيَعْمَلْ صَالِحًا يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا قَدْ أَحْسَنَ اللَّهُ لَهُ رِزْقًا) {الطلاق/١١}

(വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്.അവർ അതിൽ നിത്യവാസികളായിരിക്കും. അങ്ങനെയുള്ളവന്ന് അല്ലാഹു ഉപജീവനം മെച്ചപ്പെടുത്തിയിരിക്കുന്നു) (ത്വലാഖ് :11).

## الفَتَّـاحُ
## തീർപ്പുകാരൻ

﴿وَهُوَ الْفَتَّاحُ الْعَلِيمُ﴾[سبأ: ٢٦]

(അവൻ സർകവ്വജ്ഞനായ തീർപ്പുകാരനത്രെ)(സബഅ് :26).

അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ് الفتّـاح (തീർപ്പുകൽപിക്കുന്നവൻ) എന്നത്.അതായത് അടിമകൾക്കിടയിൽ ഉദ്ദേശിക്കുന്ന രൂപത്തിൽ ഉദ്ദേശിച്ചത് വിധി

ക്കുകയും,തീർപ്പുകൽപിക്കുകയും ചെയ്യുന്നവനാണ് അല്ലാഹു. ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്നത് നൽകുന്നവനാണ് അവൻ,അവന്റെ വിധിയെ തടുക്കുവാൻ കഴിവുള്ളവൻ ആരുമില്ല, അതിൽ ഭേദഗതിവരുത്താനും ആർക്കും സാധ്യമല്ല. എല്ലാവരും അവന്റെ വിധി നിർണ്ണയത്തിന് വിധേയരായിട്ടാണുള്ളത്.

അതുപോലെ യഥാർത്ഥ സന്ദേശം സ്വീകരിക്കുവാനും, നന്മകൾ പ്രവർത്തിക്കാനുമുള്ള ഹൃദയ വിശാലത തുറന്നു കൊടുക്കുന്നവനാണ് അല്ലാഹു, അടിമകളുടെ വിശ്വാസം ശുദ്ധീകരിക്കാനുതകുന്ന മാർഗനിർദ്ദേശങ്ങൾ നൽകുകയും, സന്മാർഗത്തിന്റെയും, ഉപജീവനത്തിന്റെയും, കാരുണ്യത്തിന്റെയും കവാടങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുന്നതും അവനാണ്. അല്ലാഹു പറയുന്നു:

(مَا يَفْتَحِ اللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا وَمَا يُمْسِكْ فَلَا مُرْسِلَ لَهُ مِن بَعْدِهِ وَهُوَ الْعَزِيزُ الْحَكِيمُ ) {فاطر/٢}

(അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം അത് പിടിച്ച് വെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ച് വെക്കുന്ന പക്ഷം അതിന് ശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല. അവനത്രെ പ്രതാപിയും യുക്തിമാനും) (ഫാത്വിർ :2).

## الْمُقِيتُ

## മേൽനോട്ടം വഹിക്കുന്നവൻ

﴿وَكَانَ اللَّهُ عَلَى كُلِّ شَيْءٍ مُقِيتًا﴾[النساء: ٨٥]
(അല്ലാഹു എല്ലാകാര്യങ്ങളുടെയും മേൽനോട്ടം വഹിക്കുന്നവനാകുന്നു) (നിസാഅ്: 85).

അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ് المقيت (മേൽനോട്ടം വഹിക്കുന്നവൻ) എന്നത്, ഈ നാമത്തിന് ധാരാളം ആശയങ്ങൾ ഉള്ളതായി പണ്ഡിതൻമാർ വ്യക്തമാക്കിയിരിക്കുന്നു.

ഇബ്നുകഥീർ തന്റെ തഫ്സീറിൽ മുകളിൽ കൊടുത്ത ആയത്തിനെ വിശദീകരിച്ചുകൊ ് വ്യക്തമാക്കുന്നത് കാണുക: المقيت എന്നതുകൊ ുദ്ദേശിക്കുന്നത് 'സംരക്ഷിക്കുക' എന്നതാണ്, അതുപോലെ മേൽനോട്ടം വഹിക്കുക,സാക്ഷിയാവുക, വിചാരണ ചെയ്യുക, വിധിനിർണ്ണയിക്കുക, ശിക്ഷിക്കുക, ഉപജീവനം നൽകുക തുടങ്ങിയ ആശയവും ഈ നാമത്തിനു ്. ഈ ആശയങ്ങൾ മുഴുവനും ഉൾകൊള്ളുന്ന ഒരു നാമം തന്നെയാണിതെന്ന കാര്യത്തിൽ അശേഷം സംശയമില്ല, കാരണം അല്ലാഹുവിന് അവന്റെ അടിമകളുടെ അവസ്ഥകളും, അവരുടെ ആവശ്യങ്ങളും കൃത്യമായി അറിയുകയും, അവന്റെ കഴിവിന് കീഴിലുമാണവർ മുഴുവനും, അവൻ എല്ലാറ്റിനും കഴിവുള്ളവനാണല്ലോ.സൃഷ്ടികളുടെ സുരക്ഷയും, ഉപജീവനും, നിലനിൽപും അവന്റെ മേൽനോട്ടത്തിലാണ്, അവരുടെ ശരീരങ്ങളെ ഭക്ഷണവും, ഉപജീവനും നൽകി സുരക്ഷിതമാക്കുന്നതോടൊപ്പം തന്നെ

വിജ്ഞാനവും, അറിവും നൽകി അവൻ ഉദ്ദേശിക്കുന്നവർക്ക് ഹൃദയ സുരക്ഷയും നൽകുന്നവനാണവൻ.

## الهَـادِي
## മാർഗദർശകൻ

﴿وَكَفَى بِرَبِّكَ هَادِيًا وَنَصِيرًا﴾[الفرقان: ٣١]
(മാർഗദർശകനായും സഹായിയായും നിന്റെ രക്ഷിതാവ് തന്നെ മതി) (അൽഫുർഖാൻ: 31)

الهـادي (മാർഗദർശകൻ) എന്നത് അല്ലാഹുവിന്റെ നാമമാണ്, അടിമകളുടെ ഐഹികവും പാരത്രികവുമായ ഐശ്വര്യത്തിനാവശ്യമായതിലേക്ക് മാർഗദർശനം നടത്താനും, അതിനുള്ള തൗഫീഖ് നൽകുവാനും കഴിവുള്ളത് അല്ലാഹുവിന് മാത്രമാണ്. അവൻ പ്രവാചകൻമാരിലൂടെ കാലാകാലങ്ങളായി വിശദമാക്കിയിട്ടുള്ള സൻമാർഗം നൽകുവാൻ കഴിയുന്നത് അല്ലാഹുവിന് മാത്രമാണ്. അതുപോലെ തന്നെ മൃഗങ്ങൾക്ക് ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടുവാനുള്ള മാർഗദർശനം നൽകുവാൻ കഴിയുന്നതും,നൽകിയതും അവനാണ്. സൃഷ്ടികളെ മുഴുവനും സൃഷ്ടിക്കുന്നതും,അവർക്കു വേ   മാർഗദർശനം നൽകുന്നതും അവനാണ്. ഓരോ സൃഷ്ടികൾക്കും അനുയോജ്യമായി മാർഗവും,പ്രകൃതവും നൽകിയതും, മാർഗദർശനം നൽകിയതും അല്ലാഹുവാണ്. ഈ മാർഗദർശനം മുഴുവൻ സൃഷ്ടിക്കും ലഭിക്കുന്നതാണ്. എന്നാൽ പാരത്രിക വിജയത്തിന്നാധാരമായിട്ടുള്ള

മാർഗദർശനം അവൻ ഉദ്ദേശിക്കുന്നവർക്ക് മാത്രമാണ് നൽകുക, അതവന്റെ ഔദാര്യവും, കാരുണ്യമാണ്.ആ മാർഗദർശനം ഏതാണെന്ന് പ്രവാചക നിയോഗത്തിലൂടെ, വേദഗ്രന്ഥാവതരണത്തിലൂടെ കാലാകാലങ്ങളായി നിർവ്വഹിക്കപ്പെട്ടു പോന്നു. ഇസ്‌ലാം എന്താണ്? ശരീഅത്ത് എന്താണ്? വിധിവിലക്കുകൾ ഏതെല്ലാം? അനുവദനീയവും, അനനുവദനീയവും എന്തെല്ലാം തുടങ്ങിയവ മനസ്സിലാക്കുവാനും, ജീവിതത്തിൽ ഉൾകൊള്ളാനുമുള്ള തൗഫീഖ് നൽകുവാൻ അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളൂ, അതവന്റെ ഔദാര്യമാണ്. അങ്ങിനെ മുഴുവൻ അർത്ഥതലങ്ങളും ഉൾകൊള്ളുന്ന മാർഗദർശനം എന്നത് അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ്. ആയതിനാൽ ഹിദായത്ത് അല്ലാഹുവിനോട് മാത്രം ചോദിക്കുക,അതിനുവേ ി പണിയെടുക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുക.

## الحَكَمُ
## വിധി കർത്താവ്

﴿أَفَغَيْرَ اللَّهِ أَبْتَغِي حَكَمًا﴾[الأنعام: ١١٤]

(പറയുക:) അപ്പോൾ വിധി കർത്താവായി ഞാൻ അന്വേഷിക്കേ ത് അല്ലാഹു അല്ലാത്തവരെയാണോ?) (അൽഅൻആം :114)

الحكم (വിധികർത്താവ്) എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്. സൃഷ്ടികൾക്കിടയിൽ നീതിയോടെ, യുക്തിയോ

ടെ വിധിക്കുവാൻ കഴിയുന്നത് അവന് മാത്രമാണ്. മതനിയമങ്ങൾ ഉ ാക്കുവാനും, അത് തീർപ്പുകൽപിക്കുവാനും കഴിയുന്നതും, അതിന് അവകാശവും ഉള്ളത് അല്ലാഹുവിന് മാത്രമാണ്. അല്ലാഹുവിന്റെ വിധികർതൃത്വം സമ്പൂർണവും, സൃഷ്ടികൾക്ക് മുഴുവനും യോജിച്ചതുമാണ്.അതിൽ യാതൊരു അനീതിയോ, കുറവുകളോ സംഭവിക്കുകയില്ല തന്നെ. അല്ലാഹു ഉദ്ദേശിക്കുന്ന രൂപത്തിൽ, ഉദ്ദേശിക്കുന്നത് വിധിക്കുന്നതാണ്, അത് തടയുവാനോ, നിരാകരിക്കുവാനോ,അതിൽ ഭേദഗതി വരുത്താനോ ആർക്കും തന്നെ സാധ്യമല്ല. അതുപോലെ തന്നെ സൃഷ്ടികൾ പരസ്പരം വിധികൾ പരിശോധിക്കുകയും മാറ്റുകയും ചെയ്യുന്നതുപോലെ അല്ലാഹുവിന്റെ വിധിയിലും തീരുമാനത്തിലും സൃഷ്ടികൾക്ക് ഒരു പങ്കുമില്ല, അവന്റെ തീരുമാനം അതുപോലെ നടപ്പിലാവുക തന്നെ ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:

إِنِ الْحُكْمُ إِلاَّ لِلَّه يَقُصُّ الْحَقَّ وَهُوَ خَيْرُ الْفَاصِلِينَ {الأنعام/٥٧}

(അതിന്റെ) തീരുമാനാധികാരം അല്ലാഹുവിന് മാത്രമാണ്. അവൻ സത്യം വിവരിച്ചു തരുന്നു. അവനത്രെ തീർപ്പുകൽപിക്കുന്നവരിൽ ഉത്തമൻ) (അൽ അൻആം :57).

وَاللَّه يَحْكُمُ لاَ مُعَقِّبَ لِحُكْمِهِ وَهُوَ سَرِيعُ الْحِسَابِ {الرعد/٤١}

(അല്ലാഹു വിധിക്കുന്നു. അവന്റെ വിധി ഭേദഗതി ചെയ്യാൻ ആരും തന്നെയില്ല. അവൻ അതിവേഗത്തിൽ കണക്ക് നോക്കുന്നവനത്രെ) (അർറഅ്ദ് :41).

## الْحَكِيمُ

# യുക്തിമാൻ

﴿لَا إِلَٰهَ إِلَّا هُوَ الْعَزِيزُ الْحَكِيمُ﴾[آل عمران: ٦]
(അവനല്ലാതെ ഒരു ആരാധനക്കർഹനില്ല. അവൻ പ്രതാപിയും യുക്തിമാനുമത്രെ) (ആലു ഇംറാൻ :6).

അല്ലാഹുവിന്റെ അസ്മാഉകളിൽ പെട്ടതാണ് الحكيم(യുക്തിമാൻ) എന്നത്. പ്രപഞ്ചസൃഷ്ടിപ്പിലും, അതിലുള്ളവയുടെ സംവിധാനത്തിലുമുള്ള കൃത്യമായ യുക്തിയെ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഓരോ കാര്യങ്ങളും സൃഷ്ടിക്കുന്നതിലും, സംവിധാനത്തിലും ഉന്നതവും ഉദാത്തവുമായ യുക്തിയാണ് നിഴലിച്ച് കാണുന്നത്,ആകാശ ഗോളങ്ങളുടെ സംവിധാനവും, ഭൂമിലോകത്തിന്റെ നിലനിൽപും, മനുഷ്യരുടെ ജീവിതവും, ജീവികളുടെ മുന്നോട്ടുള്ള ഗമനവുമെല്ലാം കൃത്യമായ യുക്തിയോടെയുള്ള സംവിധാനമാണ്. അങ്ങിനെ കാര്യങ്ങളെ യുക്തിയോടെ സംവിധാനിക്കാനും, സ്ഥാപിക്കാനും കഴിയുന്ന യുക്തിമാനാണ് അല്ലാഹു. മനുഷ്യർക്ക് നൽകിയ ഇസ്ലാമിക ശരീഅത്തും, നിയമങ്ങളും, നിരോധങ്ങളുമെല്ലാം ഏറ്റവും ഉദാത്തവും, ഉന്നതവുമാണെന്ന കാര്യത്തിൽ അശേഷം സംശയമേയില്ല.

## الْوَلِيُّ

**രക്ഷാധികാരി.**

## الْمَوْلَى

## രക്ഷാധികാരി

﴿وَهُوَ الْوَلِيُّ الْحَمِيدُ﴾[الشورى: ٢٨]

(അവൻ തന്നെയാകുന്നു സ്തുത്യർഹനായ രക്ഷാധികാരി) (അശ്ശൂറാ: 28).

﴿وَاعْتَصِمُوا بِاللَّهِ هُوَ مَوْلَاكُمْ فَنِعْمَ الْمَوْلَى وَنِعْمَ النَّصِيرُ﴾[الحج: ٧٨]

(അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!) (അൽഹജ്ജ് :78)

അല്ലാഹുവിന്റെ രക്ഷാധികാരം ര ു രൂപത്തിലാണ്.

**ഒന്ന്:** മുഴുവൻ സൃഷ്ടികളുടെയും പ്രവർത്തനങ്ങളും മറ്റു എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നതും ക്രമീകരിക്കുന്നതുമെല്ലാം അല്ലാഹുവാണ്. അടിമകളുടെ നന്മ,തിന്മ,ഉപകാര ഉപദ്രവങ്ങൾ മുഴുവനും കൃത്യമായ കണക്കുകളനുസരിച്ച് നിർണ്ണയിക്കുന്നതും, ആ നിർണ്ണയത്തിനനുസരിച്ച് മുന്നോട്ട് പോകുന്നതുമെല്ലാം അവന്റെ രക്ഷാധികാരത്തിലാണ്. സർവ്വാധികാരം അല്ലാഹുവിനു മാത്രമുള്ളതാണ്, അവന്റെ അധികാരത്തിന് സർവ്വാത്മനാ കീഴൊതുങ്ങിയാണ് സൃഷ്ടികൾ മുഴുവനും മുന്നോട്ട് പോയിക്കൊ ിരിക്കുന്നത്,ഒരാൾക്കും അല്ലാഹുവിന്റെ ഉദ്ദേശത്തിൽ നിന്നും,കഴിവിൽ നിന്നും പുറത്ത് കടക്കാൻ കഴിയില്ല. ഈ കാര്യത്തിൽ വിശ്വാസിയും, അവിശ്വാസിയും, നന്മ ചെയ്യുന്നവരും, ദുഷ്കർമ്മികളും ഉൾപ്പെടുന്നതാണ്.അതാണ് ഖുർആൻ നമ്മോട് വ്യക്തമാക്കുന്നത്:

(ثُـمَّ رُدُّواْ إِلَى اللّه مَـوْلاَهُمُ الْحَـقِّ أَلاَ لَهُ الْحُكْـمُ وَهُـوَ أَسْرَعُ الْحَاسِـبِينَ)
{الأنعام/٦٢}

(എന്നിട്ട് അവർ യഥാർത്ഥ രക്ഷാധികാരിയായ അല്ലാഹു വിലേക്ക് തിരിച്ചയക്കപ്പെടും. അറിയുക: അവന്നത്രെ തീരു മാനാധികാരം. അവൻ അതിവേഗം കണക്ക് നോക്കുന്നവ നത്രെ) (അൻആം: 62).

ര ്: പ്രത്യേകമായുള്ള രക്ഷാധികാരമാണ്. ഈ രക്ഷാധി കാരത്തെ സംബന്ധിച്ചാണ് മുകളിൽ സൂചിപ്പിച്ചതിനെ അ പേക്ഷിച്ച് ഖുർആൻ സുന്നത്തും കൂടുതൽ സംസാരിച്ചിരി ക്കുന്നത്. അത് വിശ്വാസം സ്വീകരിച്ച വിശ്വാസികൾക്കും, അവനെ അനുസരിക്കുന്നവർക്കും, തഖ്‌വയുള്ള ഔലിയാ ക്കൾക്കും മാത്രം ലഭിക്കുന്നതാണ്.

അല്ലാഹുവിന്റെ രക്ഷാധികാരം ലഭിക്കുന്നത് സത്യസ ന്ധമായ വിശ്വാസം കൊ ും, രഹസ്യത്തിലും, പരസ്യത്തി ലും അല്ലാഹുവിനെ സൂക്ഷിച്ച് കൊ ും, ഇസ്‌ലാമിന്റെ നി ർബ്ബന്ധവും ഐഛികവുമായ കർമ്മങ്ങൾ കൊ ുമല്ലാതെ ലഭിക്കുകയില്ലായെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

(أَلا إِنَّ أَوْلِيَاء اللّه لاَ خَوْفٌ عَلَيْهِمْ وَلاَ هُـمْ يَحْزَنُـونَ * الَّذِيـنَ آمَنُـواْ وَكَانُـواْ يَتَّقُونَ) {يونس62,٦٣}

(ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേ ി വരി

കയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊ ി രിക്കുകയും ചെയ്യുന്നവരത്രെ അവർ) (യൂനുസ് :62,63)

## النَّصِيرُ
## സഹായി.

﴿وَكَفَى بِرَبِّكَ هَادِيًا وَنَصِيرًا﴾[الفرقان: ٣١]
(മാർഗദർശകനായും സഹായിയായും നിന്റെ രക്ഷിതാവ് തന്നെ മതി) (അൽഫുർഖാൻ :31).

അല്ലാഹുവിന് സഹായി എന്ന നാമമു ്. സത്യവിശ്വാസികളെ ആവശ്യമായ സന്ദർഭങ്ങളിൽ പ്രത്യേകമായി സഹായിക്കുന്നവനാണ് അവൻ.ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും, കുതന്ത്രങ്ങളിൽ നിന്നുമെല്ലാം അല്ലാഹു അവന്റെ പ്രവാചകൻമാരെയും, ഔലിയാക്കളെയും, സത്യവിശ്വാസികളെയും സഹായിക്കുന്നവനാണ്. ഖുർആനിലും തിരുസുന്നത്തിലും ധാരാളം തെളിവുകൾ നമുക്ക് കാണാനാവുന്നതാണ്.

## الْكَافِي
## മതിയായവൻ

﴿أَلَيْسَ اللَّهُ بِكَافٍ عَبْدَهُ﴾[الزمر: ٣٦]
(തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ?) (അസ്സുമർ:36)

അല്ലാഹുവിന്റെ ഒരു നാമമാണ് 'മതിയായവൻ' എന്നത്. അതായത് സൃഷ്ടികളുടെ മുഴുവൻ കാര്യങ്ങൾക്കും മതിയായവനാണ് അല്ലാഹു.കോടാനുകോടി സൃഷ്ടികളുടെ വ്യത്യസ്തവും വൈവിധ്യവുമായ ആവശ്യങ്ങൾ മുഴുവനും ക്രമീകരിക്കാനും, നിയന്ത്രിക്കുവാനും, സംവിധാനിക്കുവാനുമെല്ലാം കൃത്യമായ കഴിവുള്ളവനും, മതിയായവനുമാണ് അല്ലാഹു.

## الشَّافِي

## രോഗം സുഖപ്പെടുത്തുന്നവൻ

قال صلى الله عليه وسلم: «اشفه وَأنتَ الشافي...» (بخاري)

(നബി(ﷺ) പറഞ്ഞു: (നീ രോഗം സുഖപ്പെടുത്തേണമേ, നീയാണ് രോഗം സുഖപ്പെടുത്തുന്നവൻ) (ബുഖാരി)

രോഗശമനം നൽകുന്നവൻ എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്. സംശയങ്ങൾ, ആശയകുഴപ്പങ്ങൾ, അസൂയ, വിദ്വോഷം തുടങ്ങിയ ഹൃദയരോഗങ്ങൾക്ക് ശമനം നൽകുന്നത് അല്ലാഹുവാണ്. അതുപോലെ തന്നെ ശരീരത്തെ ബാധിക്കുന്ന രോഗങ്ങളിൽ നിന്നും, പരീക്ഷണങ്ങളിൽ നിന്നും ശമനം നൽകുന്നതും അവൻ തന്നെയാണ്,അവനല്ലാതെ മറ്റൊരാൾക്കും ശമനം നൽകാൻ സാധ്യമല്ല. അവന്റെ ശമനമല്ലാതെ ഒരു ശമനവുമില്ല,ശമനം നൽകുന്നവൻ അവനല്ലാതെ മറ്റാരുമില്ല. അതാണ് ഇബ്രാഹീം(عليه السلام) പ്രഖ്യാപിച്ചത്.

(وَإِذَا مَرِضْتُ فَهُوَ يَشْفِينِ) {الشعراء/٨٠}

(എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്) (അശ്ശുഅറാഅ് :80).

യഥാർത്ഥത്തിൽ രോഗശമനം നൽകുന്നവൻ അല്ലാഹു വല്ലാതെ മറ്റാരുമില്ലായെന്ന് ഓരോ വിശ്വാസിയും വിശ്വസിക്കേ തു ്.രോഗം നൽകുന്നവൻ അവനാണ് അതുകൊ ് തന്നെ രോഗ ശമനത്തിനായി അവനോട് തന്നെയാണ് നാം പ്രാർത്ഥിക്കേ ത്. ഭൗതികമായി നമുക്ക് ചെയ്യാൻ കഴിയുന്ന രൂപത്തിൽ നാം ചികിൽസിക്കുകയും, മരുന്ന് കഴിക്കുകയും ചെയ്യുക,അതോടൊപ്പം തന്നെ ശമനം നൽകുന്ന അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക.മരുന്ന് കഴിച്ചാൽ പോലും ആത്യന്തികമായി രോഗത്തിന് ശമനം നൽകുന്നത് അല്ലാഹുവാണ്, അതവന്ന് മാത്രമെ കഴിയൂ, മറ്റാർക്കും അതിൽ പങ്കില്ല തന്നെ.രോഗം വന്നാൽ ചികിൽസിക്കണം, മുഴുവൻ രോഗങ്ങൾക്കും അല്ലാഹു മരുന്ന് നൽകിയിട്ടു ്,അത് ഏതെല്ലാമാണെന്ന് മനുഷ്യൻ ക ത്തുകയും ചികിൽസ നടത്തുകയും ചെയ്യണമെന്ന് നബി(ﷺ)യുടെ സുന്നത്തിൽ നിന്നുമുള്ള പാഠമാണ്.എന്നാൽ രോഗം സുഖപ്പെടുത്തുന്നതും, ശമനം നൽകുന്നതും അല്ലാഹു മാത്രമാണ് എന്നതാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

## الرَّفِيقُ

## സൗമ്യനും, അനുകമ്പയുള്ളവൻ

قال: صلى الله عليه وسلم «إِنَّ اللهَ رَفِيقٌ يُحِبُّ الرِّفْقَ فِي الأَمْرِ كُلِّهِ».(سنن ابن ماجه)

(നബി(ﷺ) പറഞ്ഞു: (അല്ലാഹു ദയയുള്ളവനാണ്, അവന്റെ മുഴുവൻ കാര്യങ്ങളിലും അവൻ ദയ ഇഷ്ടപ്പെടുന്നു) (ഇബ്നു മാജ)

അല്ലാഹുവിന്റെ ഉന്നതിക്കും മഹത്വത്തിനും യോജിക്കുന്ന രൂപത്തിൽ الرفيق(സൗമ്യനും, അനുകമ്പയുമുള്ളവൻ)എന്ന നാമം അല്ലാഹുവിനു ന്ന് ഹദീഥുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.الرفق എന്നതുകൊ ് ഉദ്ദേശിക്കുന്നത് എളുപ്പമാക്കൽ,ലോലമാക്കൾ,കാര്യങ്ങൾ ചെയ്യുമ്പോൾ സാവകാശവും, അവധാനതയും കാണിക്കൽ തുടങ്ങിയവയാണ്. അല്ലാഹു അവന്റെ പ്രവർത്തനങ്ങളിലും, വിധിനിർണ്ണയങ്ങളിലും, കൽപനകളിലും, വിധികളിലും, ശരീഅത്തിലും, മതത്തിലും ഉന്നതിക്കും, മഹത്വത്തിനും യോജിക്കുന്ന രൂപത്തിൽ അനുകമ്പയും, സൗമ്യതയും കാണിക്കുന്നവനാണ്.

അല്ലാഹുവിന്റെ رفقة ൽ പെട്ടതാണ് ഓരോ സൃഷ്ടികളെയും സൃഷ്ടിക്കുമ്പോൾ അവന്റെ യുക്തിക്കും, رفقة ത്തിനുമനുസരിച്ച് ഘട്ടങ്ങളായി സൃഷ്ടിക്കുകയെന്നത്.അതുപോലെ തന്നെ അവന്റെ ശരീഅത്തിലുള്ള കൽപനകളും, വിരോധനങ്ങളും പരിശോധിക്കുമ്പോൾ അതും അവന്റെ رفقൽ പെട്ടതാണെന്ന് നമുക്ക് കാണാനാവും,സൃഷ്ടികൾക്ക് ചെയ്യാൻ

സാധിക്കാത്തതൊന്നും തന്നെ അവരുടെമേൽ ബാധ്യതയാക്കിയിട്ടില്ല, സൃഷ്ടികൾക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ മാത്രമേ അവൻ കൽപിച്ചിട്ടുള്ളൂ. സൃഷ്ടികളോടുള്ള رفقة (സൗമ്യതയും, അനുകമ്പയും), കാരുണ്യവും കാരണം കാര്യങ്ങളിൽ വിട്ട്വീഴ്ചയും, അനുകമ്പയും കാണിച്ചിട്ടു ്.ഇസ്ലാമിന്റെ ഓരോ ആരാധനാ കർമ്മങ്ങളും പരിശോധിക്കുമ്പോൾ നമുക്കത് മനസിലാവുന്നതാണ്. അതുപോലെ തന്നെ അവന്റെ رفقةൽ പെട്ടതാണ് ആരെങ്കിലും തെറ്റുകളും തിൻമകളും പ്രവർത്തിച്ചാൽ പെട്ടെന്ന് തന്നെ ശിക്ഷിക്കാതെ പശ്ചാതാപം ചെയ്യുന്നവർക്ക് പൊറുത്ത് കൊടുക്കുകയെന്നത്. അല്ലാഹുവിന്റെ മതം എളുപ്പമാണ്, പ്രയാസ രഹിതമാണ്, അതിലെ മുഴുവൻ നിയമങ്ങളും അല്ലാഹുവിന്റെ رفقة വിളിച്ചോതുന്നതാണ്.അതുകൊ ് തന്നെ വിശ്വാസികൾ തങ്ങളുടെ പ്രവർത്തനങ്ങളിലും, ജീവിതത്തിലും ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കേ തു ്. കാര്യങ്ങളിൽ അവധാനതയും,സൗമ്യതയും, അനുകമ്പയും, ദയയും കാണിക്കുകയാണെങ്കിൽ അത് ഭംഗിയായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ധൃതിയും, പരുഷതയും, കാഠിന്യവും പൈശാചികവും, കാര്യങ്ങൾ അപൂർണമാക്കുന്നതുമാണ്.

## الجَمِـيلُ

## ഭംഗിയുള്ളവൻ

قال صلى الله عليه وسلم: «إنَّ اللهَ جميلٌ يحبُّ الجمالَ» (مسلم)

നബി(ﷺ) പറഞ്ഞു: (തീർച്ചയായും അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുന്നു) (മുസ്‌ലിം)

ഭംഗിയുള്ളവൻ എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ പെട്ടതാണ്.അല്ലാഹു അവന്റെ ദാത്തിലും, വിശേഷണങ്ങളിലും, നാമങ്ങളിലും, പ്രവർത്തനങ്ങളിലും ഭംഗിയുള്ളവനാണ്. അല്ലാഹുവിന്റെ ഭംഗി ആർക്കും വിവരിക്കാൻ സാധിക്കാത്തതാണ്, വിശ്വാസികൾക്ക് അല്ലാഹു നൽകുന്ന ഏറ്റവുംവലിയ ഒരുഅനുഗ്രഹമാണ് പരലോകത്ത് അവനെ കാണുകയെന്നത്.അവന്റെ നാമങ്ങൾ ഭംഗിയുള്ളതും,അവന്റെ വിശേഷണങ്ങൾ സമ്പൂർണവും,അവന്റെ പ്രവർത്തനങ്ങൾ നീതിയും, കാരുണ്യവും, നന്മയും, യോജിച്ചതുമാണ്.

## القَـابِضُ

## പിടിച്ചു വെക്കുന്നവൻ

قال صلى الله عليه وسلم: «...إِنَّ اللَّهَ هُوَ المسعِّرُ القابضُ الباسطُ الـرازقُ...»

(سنن الترمذي، ابن ماجه)

(നബി(ﷺ) പറഞ്ഞു: (തീർച്ചയായും അല്ലാഹു വില നിശ്ചയിക്കുന്നവനും, (ധനം)പിടിക്കുന്നവനും,വിശാലമായി നൽകുന്നവനും, ഉപജീവനം നൽകുന്നവനുമാണ്) (തിർമിദി, ഇബ്നുമാജ)

അല്ലാഹുവിന്റെ നാമത്തിൽ പെട്ടതാണ് القـابض (പിടിച്ചു വെക്കുന്നവൻ) എന്നത്. ചിലയാളുകൾക്ക് അല്ലാഹു അവ

ന്റെ ഉപജീവനവും, ധനവും, പ്രതാപവും പിടിച്ചുവെക്കുന്നതാണ്. അതിലെ യുക്തി അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ.അതുപോലെതന്നെ ആത്മാവിനെ പിടിക്കുന്നതും,നിയന്ത്രിക്കുന്നതും അല്ലാഹുവാണ്.ഹൃദയങ്ങളെ പിടിച്ചു കൊ ് കുടുസതയും, ബുദ്ധിമുട്ടുകളും ചിലയാളുകൾക്ക് പരീക്ഷണാർത്ഥം നൽകുന്നതാണ്.അല്ലാഹുവിന്റെ ഉന്നതിക്കും, മഹത്വത്തിനും യോജിക്കുന്ന രൂപത്തിൽ ഉപജീവനത്തെയും, ആത്മാവുകളെയും, ഹൃദയങ്ങളെയും പിടിച്ച് വെക്കുന്നവനാണ് അവൻ.

## الْبَاسِـطُ

## വിശാലമായി നൽകുന്നവൻ

قال صلى الله عليه وسلم: «...إِنَّ اللَّهَ هُوَ المسعِّرُ القابضُ الباسـطُ الـرازقُ...»

(سنن الترمذي، ابن ماجه)

(നബി(ﷺ) പറഞ്ഞു: (തീർച്ചയായും അല്ലാഹു വില നിശ്ചയിക്കുന്നവനും, (ധനം)പിടിക്കുന്നവനും,വിശാലമായി നൽകുന്നവനും, ഉപജീവനം നൽകുന്നവനുമാണ്) (തിർമിദി, ഇബ്നുമാജ)

﴿وَاللَّهُ يَقْبِضُ وَيَبْسُطُ وَإِلَيْهِ تُرْجَعُونَ﴾ [البقرة: ٢٤٥]

(ധനം) പിടിച്ചു വെക്കുന്നതും വിട്ടു(വിശാലമായി) കൊടുക്കുന്നതും അല്ലാഹുവാകുന്നു. അവങ്കലേക്ക് തന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നതും) (അൽബഖറ: 245).

الباسط എന്നത് അല്ലാഹുവിന്റെ ഒരു നാമമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവന്റെ ഔദാര്യമായി അതി വിശാലമായ ഉപജീവനവും,സമ്പത്തും,അധികാരവും നൽകുന്നതാണ്. അതാണ് ഖുർആൻ പറയുന്നത്:

﴿يَبْسُطُ الرِّزْقَ لِمَنْ يَشَاءُ﴾ [الشورى: ١٢]

(അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു) (അശ്ശൂറാ: 12).

അതുപോലെ തന്നെ യഥാർത്ഥ സന്ദേശം ഉൾകൊള്ളാനായി അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് ഹൃദയവിശാലതയും, മാനസിക വിശാലതയും നൽകുന്നതാണ്. താഴെ വരുന്ന ഖുർആൻ വചനം നമ്മെ പഠിപ്പിക്കുന്നത് ആ കാര്യമാണ്.

﴿فَمَنْ يُرِدِ اللَّهُ أَنْ يَهدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ﴾ [الأنعام: ١٢٥].

(ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നു കൊടുക്കുന്നതാണ്.) (അൽഅൻആം :125)

## الْمُعْطِي
## നൽകുന്നവൻ

قال صلى الله عليه وسلم: «اللهُ المعطي وأنا القاسم» (بخاري)

നബി(ﷺ) പറഞ്ഞു: (അല്ലാഹു നൽകുന്നവനും, ഞാൻ വീതിക്കുന്നവനുമാണ്) (ബുഖാരി)

അല്ലാഹുവിന്റെ നാമത്തിൽ പെട്ടതാണ് المعطي (നൽകുന്നവൻ) എന്നത്. അതായത് അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്നത് നൽകുന്നതാണ്. അങ്ങിനെ നൽകുന്നതിനെ തടയാനോ, എന്തിന് നൽകിയെന്ന് ചോദിക്കാനോ ആരുമില്ല. അതുപോലെ അല്ലാഹു തടഞ്ഞതിനെ നൽകാനോ,എന്തിന് തടഞ്ഞുവെന്ന് ചോദിക്കാനോ ഒരാളുമില്ല. അടിമകൾ ചോദിക്കുന്നതിൽ നിന്ന് ഉപകാരമുള്ളതും, പ്രയോജനകരവുമായത് നൽകുന്നവനാണ് അല്ലാഹു. അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുകയും, ഉദ്ദേശിക്കുന്നവർക്ക് അവന്റെ യുക്തിയുടെയും കാരുണ്യത്തിന്റെയും ഭാഗമായി തടയുന്നവനുമാണ്.

## المقَدِّمُ

## മുന്തിക്കുന്നവൻ

## المؤَخِّرُ

## പിന്തിക്കുന്നവൻ

قال صلى الله عليه وسلم: «...أنتَ المقَدِّمُ وأنتَ المؤَخِّرُ...». (بخاري)

നബി(ﷺ) പറഞ്ഞു: (നീയാണ് മുന്തിക്കുന്നവനും, പിന്തിക്കുന്നവനും) (ബുഖാരി)

المقـدّم (മുന്തിക്കുന്നവൻ) എന്നതും, المؤخر (പിന്തിക്കുന്നവൻ) എന്നതും അല്ലാഹുവിന്റെ നാമങ്ങളാണ്. ഓരോന്നിനും അതിന്റേതായ സ്ഥാനവും, പദവികളും നൽകുന്നവൻ

അല്ലാഹുവാണ്. അതുപോലെ തന്നെ അവൻ ഉദ്ദേശിക്കുന്ന വർക്ക് പദവികൾ മുന്തിക്കുകയും, പദവികൾ പിന്തിക്കുക യും ചെയ്യുന്നു. പ്രവാചകൻമാർക്ക് മറ്റുള്ളവരേക്കാൾ അ ല്ലാഹു പ്രത്യേകതയും, പദവികളും നൽകി അവരെ മുന്തി ച്ചിരിക്കുന്നു. അതുപോലെതന്നെ പ്രവാചകൻമാരിൽ തന്നെ ചിലർക്ക് പ്രത്യേകം പദവികളും ശ്രേഷ്ടതകളും നൽകി മു ന്തിക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യരിൽ ചിലർക്ക് പ്ര ത്യേക പദവികളും സ്ഥാനങ്ങളും നൽകുകയും മറ്റ് ചില രെ പിന്തിക്കുകയും ചെയ്തിരിക്കുന്നു.ഇതെല്ലാം തന്നെ അ ല്ലാഹുവിന്റെ അധീനയിൽ മാത്രം പെട്ട കാര്യമാണ്, മറ്റാർ ക്കും അതിൽ യാതൊരു പങ്കുമില്ല.

## اَلْمَنَّــانُ

## ധാരാളമായി ദാനം നൽകുന്നവൻ

അല്ലാഹുവിന്റെ മറ്റൊരു നാമമാണ് المنـان (ധാരാളമായി ദാ നം നൽകുന്നവൻ) ഒരു ഹദീഥ് കാണുക:

سمع رسول الله صلى الله عليه وسلم رجلًا صَلَّى ثم دعا: «اللهُمَّ إِنِّي أَسْـأَلُكَ بِأَنَّ لَكَ الْحَمْدَ لَاَ إِلٰهَ إِلاَّ أَنْت المَنَّانُ بَـدِيعُ السَّـموات وَالأَرْض يَـا ذَا الجـلال وَالإِكْرَام يَا حَيُّ يَا قَيُّومُ....».. أبو داود و الترمذي .

(ഒരാൾ പ്രാർത്ഥിക്കുന്നതായി റസൂലുല്ലാഹ്(ﷺ) കേൾക്കുക യു ായി: (അല്ലാഹുവേ, നിനക്കാണ് സർവ്വസ്തുതിയും. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവ

നുമാണ്.ഗുണം ചെയ്യുന്നവനും നീയാണ്. ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ, ഉന്നതിയും മഹത്വവും ഉടയവനേ, ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനെ ...) (അബൂദാവൂദ്, തിർമിദി)

المنان എന്നത്. ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്യാതെ ധാരാളമായി നൽകുന്നവനാണ് അവൻ. തന്റെ അടിമകൾക്ക് ആവശ്യമുള്ളതും,പ്രയോചനപ്രദവുമായ കാര്യങ്ങൾ ആവശ്യപ്പെടാതെ തന്നെ കൃത്യമായ തോതിലും, അളവിലും വ്യക്തമായ സംവിധാനത്തോടെ നൽകുന്നവനാണ് അല്ലാഹു. അതിന് പകരമായി അല്ലാഹു നമ്മിൽ നിന്ന് ഒന്നും ആവശ്യപ്പെടുന്നില്ല. അല്ലാഹു നൽകുന്ന ദാനവും, അവന്റെ കാരുണ്യവും എത്രമാത്രമാണെന്ന് ഒരാൾക്കും കൃത്യമായി കണക്കാക്കാൻ കഴിയില്ല. വായു,വെള്ളം, പ്രകാശം, ഭക്ഷണം, പാർപിടം, ശരീരവും അതിലെ ആന്തരികവും ബാഹ്യവുമായ അവയവങ്ങളും,അവയുടെ പ്രവർത്തനങ്ങളുമെല്ലാം അല്ലാഹു നമുക്ക് ദാനമായി നൽകിയതാണ്.ആതയതിനാൽ മനുഷ്യരെ അവന്റെ നിയമങ്ങൾ അനുസരിച്ച് ജീവിച്ചോളൂ, അവന്റെ കൽപനക്ക് വിധേയമായി പ്രവർത്തിച്ചോളൂ, എങ്കിൽ അവൻ ഇനിയുമിനിയും ധാരാളമായി ദാനം നൽകുന്നതാണ്. അവന്റെ ഏറ്റവും വലിയ ദാനമാണ് സ്വർഗ ലോകമെന്നത്. അത് ലഭിക്കുന്നത് അവനെ മാത്രം ആരാധിച്ച് കൊ ് അതിനനുസരിച്ചുള്ള പ്രവർത്തനം ചെയ്തവർക്കാണ്.

# السَّـيِّدُ

## യജമാനൻ

عن مطرف قال قال أبي (انطلقت في وفد بني عامر إلى رسول الله صلى الله عليه وسلم فقلنا أنت سيدنا فقال السيد الله تبارك وتعالى قلنا: وأفضلنا فضلا وأعظمنا طولا، فقال: قولوا: بقولكم أو بعض قولكم ولا يستجرينكم الشيطان) (سنن أبي داود - كتاب الأدب)

മത്വ്റഫ്(ﷺ)വിൽ നിന്ന് നിവേദനം:എന്റെ പിതാവ് പറഞ്ഞു: (ഞാൻ ബനൂ ആമിർ യാത്രാ സംഘത്തോടൊപ്പം റസൂലുല്ലാഹ്(ﷺ)യുടെ അടുത്തേക്ക് പുറപ്പെടുകയു ായി, അങ്ങിനെ ഞങ്ങൾ തിരുമേനി(ﷺ)യെ അഭിസംബോധന ചെയ്തു; താങ്കൾ ഞങ്ങളുടെ നേതാവാകുന്നു. അപ്പോൾ തിരുമേനി പറഞ്ഞു 'അസ്സയ്യിദ്'(നേതാവ്) ഉന്നതനും പ്രതാപവാനുമായ അല്ലാഹുവാണ്. അപ്പോൾ ഞങ്ങൾ പറയുകയു ായി: ശ്രേഷ്ടതയാൽ ഞങ്ങളിൽ ശ്രേഷ്ടരെ, സ്ഥാനം കൊ ് ഞങ്ങളിൽ ഉന്നതരെ. അപ്പോൾ തിരുമേനി പറഞ്ഞു: നിങ്ങൾ ഇപ്പോൾ പറഞ്ഞതോ, അതിൽ ചിലതോ പറയുക.പിശാച് നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ) (അബൂദാവൂദ്)

അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ് السـيد (യജമാനൻ) എന്നത്, അതായത് യഥാർത്ഥ യജമാനത്വം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. ഉന്നത

നും, പ്രതാപവാനുമായ അല്ലാഹുവിന്റെ യജമാനത്വത്തിൽ പെട്ടതാണ് അധികാരവും, സൃഷ്ടിപ്പും, നിയന്ത്രണാധികാരവുമെല്ലാം. ഈ പ്രപഞ്ചവും, അതിലുള്ളവയുമെല്ലാം അല്ലാഹുവിന്റെ മാത്രം നിയന്ത്രണത്തിലും, അധികാരത്തിലും,യജമാനത്വത്തിലുമാണ്, അതിൽ മറ്റാർക്കും ഒരു പങ്കുമില്ല,അധികാരവുമില്ല. അതുകൊ ് തന്നെ എല്ലാവിധ അർത്ഥത്തിലുമുള്ള യജമാനൻ ആരാണോ അവൻ മാത്രമാണ് ആരാധനക്കർഹൻ, അതിൽ അവന് ആരും പങ്കാളികളില്ല തന്നെ. അതുകൊ ് തന്നെയാണ് അല്ലാഹുവിന്റെ റസൂൽ(ﷺ)യെ യജമാനൻ എന്ന് വിശേഷിപ്പിക്കപ്പെട്ടപ്പോൾ അത് അല്ലാഹുവാണെന്ന് പഠിപ്പിക്കപ്പെട്ടത്. ആരാധനകൾ എല്ലാ അർത്ഥത്തിലുമുള്ള യജമാനത്വം അവകാശപ്പെട്ടവന് മാത്രമാണ്, അത് അല്ലാഹുവാണ്.

## اَلحَيِّيُّ
## ലജ്ജയുള്ളവൻ

അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ് الحيّ (ലജ്ജയുള്ളവൻ) എന്നത്, ര ് ഹദീഥുകളിൽ അല്ലാഹുവിന്റെ ഈ നാമം വന്നതായി നമുക്ക് കാണാവുന്നതാണ്.

عن سلمان قال: ( قال رسول الله صلى الله عليه وسلم إن ربكم تبـارك وتعـالى حيي كريم يستحيي من عبده إذا رفع يديه إليه أن يردهما صفرا ) (سـنن أبي داود - كتاب الصلاة - باب تفريع أبواب الوتر)

സൽമാൻ(ﷻ)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹി(ﷺ) പറഞ്ഞു: (ഉന്നതനും, പ്രതാപവാനുമായി നിങ്ങളുടെ രക്ഷിതാവ് ഔദാര്യമുള്ളവനും, ലജ്ജയുള്ളവനുമാണ്, തന്റെ അടിമ തന്നിലേക്കുയർത്തിയ കൈകളെ(ഒന്നും നൽകാതെ) ശൂന്യമായി മടക്കുന്നതിനെ തൊട്ട് ലജ്ജിക്കുന്നവനാകുന്നു) (അബൂദാവൂദ്)

മറ്റു നാമങ്ങൾ അല്ലാഹുവിനുള്ള പോലെ തന്നെയാണ് ഈ നാമവും, അല്ലാഹു കാണുന്നവനും, കേൾക്കുന്നവനും, അറിയുന്നവനും, ലജ്ജിക്കുന്നവനുമാണ്, എന്നാൽ നമ്മൾ കാണുകയും, കേൾക്കുകയും, അറിയുകയും, ലജ്ജിക്കുകയും ചെയ്യുന്നതു പോലെയല്ല, മറിച്ച് അല്ലാഹുവിന്റെ ഉന്നതിക്കും മഹത്വത്തിനും യോജിക്കുന്ന രൂപത്തിൽ ലജ്ജിക്കുന്നവനാണവൻ.

## اَلسَّـتِّيرُ

## മറച്ച് വെക്കുന്നവൻ

الستير (മറച്ചുവെക്കുന്നവൻ) എന്നത് അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ പെട്ടതാണ്.

عن يعلى : أن رسول الله صلى الله عليه وسلم رأى رجلا يغتسل بالبراز بلا إزار فصعد المنبر فحمد الله وأثنى عليه ثم قال صلى الله عليه وسلم إن الله عز وجل حيي ستير يحب الحياء والستر فإذا اغتسل أحدكم فليستتر) ( سنن أبي داود صححه الألباني في صحيح السنن)

യഅ്ലാ(ﷺ)വിൽ നിന്ന് നിവേദനം: (തുറസ്സായ സ്ഥലത്ത് ഒരാൾ വിവസ്ത്രനായി കുളിക്കുന്നത് റസൂലുല്ലാഹി(ﷺ) കുളിക്കുന്നത് കാണുകയു ായി. അങ്ങിനെ മിമ്പറിൽ കയറി അല്ലാഹുവിനെ സ്തുതിക്കുകയും, വാഴ്ത്തുകയും ചെയ്തതിനു ശേഷം റസൂലുല്ലാഹ്(ﷺ) പറഞ്ഞു: തീർച്ചയായും അല്ലാഹു ലജ്ജിക്കുന്നവനും, മറച്ച് വെക്കുന്നവനുമാണ്, അത്കൊ ് ആരെങ്കിലും കുളിക്കുകയാണെങ്കിൽ അവൻ മറ സ്വീകരിക്കട്ടെ). (അബൂദാവൂദ്. ഈ ഹദീഥ് സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചിട്ടു ്).

മനുഷ്യർക്ക് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹത്തിൽ പെട്ടതാണ് അടിമകളുടെ ന്യൂനതകളും പോരായ്മകളും, പാപങ്ങളും മറച്ചുവെക്കുകയെന്നത്. പകൽ മാന്യന്മാർ ചെയ്യുന്നതെല്ലാം തന്നെ അല്ലാഹു മറച്ചുവെക്കാതെ വെളിച്ചത്തുകൊ ുവരുകയാണെങ്കിൽ ആർക്കാണ് മാന്യമായി ഈ ഭൂമിയിൽ ജീവിക്കാൻ സാധിക്കുക, അത്രക്കും മോശമല്ലേ നമ്മുടെ സ്വകാര്യജീവിതവും, രഹസ്യസമയങ്ങളും,ഒറ്റക്കുള്ള ജീവിതവും. പാപങ്ങളും, തെറ്റുകുറ്റങ്ങളും മനുഷ്യ സഹജമാണ്, അതിന് പരിഹാരമായി മനുഷ്യർ അ

ല്ലാഹുവിനോട് പാപമോചനം തേടേ   തു  ് .ചെയ്തു പോയ പപാങ്ങൾ മറച്ചുവെക്കണം, അത് പരസ്യപ്പെടുത്താൻ പാടില്ല. രാത്രികാലങ്ങൾ തെറ്റുകൾ ചെയ്യുകയും, പകലിൽ അത് പരസ്യപ്പെടുത്തുകയും ചെയ്യുന്ന നീചന്മാർ മനുഷ്യരുടെ കൂട്ടത്തിലു  ് . അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയില്ല എന്ന താക്കീത് പ്രവാചകൻ(ﷺ)യുടെ സുന്നത്തിൽ നിന്നും നമുക്ക് കാണുവാൻ സാധിക്കുന്നതാണ്.അതുകൊ  ് തന്നെ അല്ലാഹു മറച്ച് വെച്ച കാര്യങ്ങൾ നാം പരസ്യപ്പെടുത്താൻ പാടില്ല. അതുപോലെ തന്നെ ആരെങ്കിലും തന്റെ സഹോദരന്റെ ന്യൂനതകളും, പോരായ്മകളും, കുറവുകളും മറച്ച് വെക്കുകയാണെങ്കിൽ പരലോകത്ത് അവന്റെ ന്യൂനതകളും, കുറവുകളും, പോരായ്മകളും അല്ലാഹു മറച്ചുവെക്കുന്നതാണെന്ന പാഠം നാം സുന്നത്തിൽ നിന്നും പഠിക്കേ   തു  ് .

## الْوِتْـر

## ഒററയായവൻ

അല്ലാഹുവിന്റെ മറ്റൊരു നാമമാണ് الوتـر(ഒറ്റയായവൻ) എന്നത്.

عن أبي هريرة قال أن النبي صلى الله  عليه وسلم قال:( لله تسعة وتسعون اسما مائة إلا واحدا لا يحفظها أحد إلا دخل الجنة وهو وتـر يحـب الـوتر )

(صحيح البخاري - كتاب الدعوات)

അബൂഹുറയ്റ(﵁)വിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു:(തീർച്ചയായും അല്ലാഹുവിന് തൊണ്ണൂറ്റി ഒൻപത് നാമങ്ങളു ്, നൂറിന് ഒന്ന് കുറവ്, ആരെങ്കിലും അവയെ എണ്ണി കണക്കാക്കുകയാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല. അവൻ ഒറ്റയായവനാണ്, ഒറ്റ ഇഷ്ടപ്പെടുകയും ചെയ്യുന്നു) (ബുഖാരി)

**عن عليّ رضي الله عنه أن النبي صلى الله عليه وسلم قال : (إن الله وتر يحب الوتر فأوتِرُوا يا أهل القرآن) .** (رواه الإمام أحمد وأبو داود والترمذي والنسائي وابن ماجه ، وصححه الألباني)

അലി(﵁)വിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: (തീർച്ചയായും അല്ലാഹു ഒറ്റയായവനാണ്,ഒറ്റ ഇഷ്ടപ്പെടുകയും ചെയ്യുന്നു, ഖുർആനിന്റെ ആളുകളെ നിങ്ങൾ വിത്റാ(ഒറ്റയാ)ക്കൂ) (അഹ്മദ്, അബൂദാവൂദ്, തിർമിദി, നസാഇ, ഇബ്നുമാജ. ഈ ഹദീഥ് സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചിരിക്കുന്നു)

അല്ലാഹു ഒരുവനാണ്, അവന് പങ്കാളികളോ, കൂട്ടുകാരോ, കുടുംബമോ, തുല്യനോ, സമനോ ഒന്നും തന്നെയില്ല. എല്ലാ അർത്ഥത്തിലും അവൻ ഒറ്റയായവനാണ്. ഇതുവരെ നാം വിശദീകരിച്ച അവന്റെ നാമങ്ങളിലും, അവന്റെ വിശേഷണങ്ങളിലും, പ്രവർത്തനങ്ങളിലും, ദാത്തിലുമെല്ലാം ഒറ്റയായവനാണ് അല്ലാഹു. അതുകൊ ് തന്നെ അവനെ മാത്രമെ ആരാധിക്കാവൂ, അവനോട് മാത്രമെ വിളിച്ച് തേടാവൂ, പ്രാർത്ഥിക്കാവൂ. അവന് മാത്രമുള്ളതാണ് ഭംഗിയുള്ള

ഈ നാമങ്ങൾ മുഴുവനും. അതിൽ ആർക്കും തന്നെ ഒരു പങ്കുമില്ല.

# المراجع

1- شرح القواعد المثلى في صفات الله وأسمائه الحسنى للشيخ محمد بن صالح العثيمين رحمه الله.

٢- كتب ورسائل عبد المحسن بدر (دار التوحيد الرياض)

٣- فقه الأسماء الحسنى للشيخ/ عبد الرزاق بن عبد المحسن البدر

٤- مختصر فقه الأسماء الحسنى / عبد الرزاق بن عبد المحسن البدر

٥- توحيد الأسماء والصفات للشيخ: محمد بن إبراهيم الحمد

٦- شرح أسماء الله الحسنى في ضوء الكتاب والسنة للشيخ/ د- سعد بن علي بن وهف القحطاني

٧- ولله الأسماء الحسنى فادعوه بها (إحدى طالبات العلم ) (الكتيبات الإسلامية/ قسم النوادر)

٨- مختصر شرح القواعد المثلى في صفات الله وأسمائه الحسنى الحسين عبد الغني أبو الحسن أحمد ماجد طالب بجامعة الطائف كلية الشريعة والدراسات الإسلامية

9. ഖുർആനിന്റെ മലയാള ആശയ വിവർത്തനം. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ. ചെറിയമു ം അബ്ദുൽ ഹമീദ് മദനി.